Newspaper for malayalees Worldwide | CHICAGO/TORONTO | Estd.2020

# വാചകം
VACHAKAM

America | Canada | India | Keralam | Socialmedia | Cinema | Sports | Technology | World

CHICAGO
Vol. 6 / Issue 1 / Pages 32
29
ജൂലൈ 2026
ബുധനാഴ്ച
1201 കർക്കിടകം 13

www.vachakam.com
news@vachakam.com
canada@vachakam.com



Newspaper for malayalees Worldwide | CHICAGO/TORONTO | Estd.2020

# വാചകം
VACHAKAM

America | Canada | India | Keralam | Socialmedia | Cinema | Sports | Technology | World

CHICAGO
Vol. 6 / Issue 1 / Pages32
29
ജൂലൈ 2026
ബുധനാഴ്ച
1201 കർക്കിടകം 13

www.vachakam.com
news@vachakam.com
canada@vachakam.com

## വാൾസ്ട്രീറ്റിനെയും സാധാരണക്കാരെയും കുഴയ്ക്കുന്ന

# ഫെഡറൽ റിസർവിന്റെ പുതിയ തന്ത്രങ്ങൾ




ആഗോള സാമ്പത്തിക റിപ്പോർട്ടുകൾ പ്രകാരം, അമേരിക്കൻ കേന്ദ്ര ബാങ്കായ ഫെഡറൽ റിസർവിന്റെ പുതിയ ചെയർമാൻ കെവിൻ വാർഷിന്റെ നേതൃത്വത്തിൽ ചേർന്ന നിർണ്ണായക എഫ്ഒഎംസി അഥവാ ഫെഡറൽ ഓപ്പൺ മാർക്കറ്റ് കമ്മിറ്റി യോഗ തീരുമാനം അമേരിക്കൻ ട്രഷറി ബോണ്ട് വിപണിയെ കടുത്ത ആശങ്കയിലേക്കാണ് തള്ളിയിട്ടിരിക്കുന്നത്. വൻതോതിലുള്ള പണപ്പെരുപ്പ ഭീഷണികളും വാഷിംഗ്ടണിന്റെ കടുത്ത താരിഫ് നയങ്ങളും നിലനിൽക്കെ, അടിസ്ഥാന പലിശ നിരക്കുകളിൽ മാറ്റമില്ലാതെ നിലനിർത്താൻ ഫെഡ് തീരുമാനിച്ചതാണ് വിപണിയെ ഞെട്ടിച്ചത്.വർദ്ധിച്ചുവരുന്ന ജീവിതച്ചെലവുകളെയും ഇന്ധന വിലക്കയറ്റത്തെയും തടയാൻ ഫെഡറൽ റിസർവ് എന്തുകൊണ്ട് പലിശ നിരക്കുകൾ ഉയർത്തുന്നില്ല എന്ന കടുത്ത ചോദ്യമാണ് അന്താരാഷ്ട്ര നിക്ഷേപകരും വാൾസ്ട്രീറ്റിലെ ബോണ്ട് ട്രേഡർമാരും ഒരു

ശേഷം പേജ് 8ൽ

## മെഡികെയർ സബ്സിഡി വെട്ടിക്കുറച്ച് ട്രംപ് ഭരണകൂടം:

# വരുന്നത് വൻ പ്രീമിയം വർധനവ്



അടിയന്തര ചികിത്സയും കരുതലും ആവശ്യമുള്ള ലക്ഷക്കണക്കിന് മുതിർന്ന അമേരിക്കക്കാരുടെ ബജറ്റ് തെറ്റിച്ചുകൊണ്ട്, രാജ്യത്തെ പ്രധാന പ്രിസ്ക്രിപ്ഷൻ മരുന്ന് ഇൻഷുറൻസ് സബ്സിഡി അവസാനിപ്പിക്കാൻ ട്രംപ് ഭരണകൂടം. വിപണിയിൽ കൃത്രിമമായി നിരക്കുകൾ നിയന്ത്രിച്ചുനിർത്താൻ സഹായിച്ചിരുന്ന മെഡികെയർ പാർട്ട് ഡി സബ്സിഡി നിർത്തലാക്കുന്നതോടെ, വരും വർഷങ്ങളിൽ ദശലക്ഷക്കണക്കിന് ഉപഭോക്താക്കളുടെ മാസംതോറുമുള്ള ഇൻഷുറൻസ് പ്രീമിയത്തിലും മരുന്നുചിലവിലും വൻ വർധനവുണ്ടാകുമെന്നാണ് സൂചന.ബൈഡൻ ഭരണകൂടം നടപ്പിലാക്കിയ ഈ പദ്ധതി വൻകിട കോർപ്പറേറ്റ് ഇൻഷുറൻസ് കമ്പനികൾക്ക് മാത്രമാണ് നേട്ടമുണ്ടാക്കുന്നതെന്ന് ചൂണ്ടിക്കാണിച്ചാണ് ഭരണകൂടത്തിന്റെ ഈ സുപ്രധാന തീരുമാനം. സെന്റർസ് ഫോർ മെഡികെയർ ആൻഡ് മെഡിക്കെയ്ഡ് സർവീസസ് അഡ്മിനിസ്ട്രേറ്റർ ഡോ. മെഹ്മത് ഓസ് എക്സിലൂടെയാണ് ഇക്കാര്യം അറിയിച്ചത്. അമേരിക്കയിലെ ദശലക്ഷക്കണക്കിന് ആളുകൾ ഉപയോഗിക്കുന്ന മെഡികെയർ പാർട്ട് ഡി

ശേഷം പേജ് 8ൽ

**പിന്തിരിഞ്ഞോടുന്ന അധികാരികൾ; പോരാടുന്ന ഒരു ജനത**
(എൻ.പി.ചെക്കുട്ടി എഴുതുന്നു)
........................പേജ് 06

**ഒറ്റപ്പെടില്ല എമ്പ്രാന്മാർ; ഒപ്പമുണ്ട് അമ്പലവാസികൾ**
........................പേജ് 23

**'ഫണ്ടു'തട്ടിക്കളിയിൽ സെൽഫ് ഗോളടിച്ച്....**
........................പേജ് 24

**പുതിയ ലോകത്തിന്റെ വിളി!**
........................പേജ് 25

**'പിണറായി ഫ്രൈ' പാർട്ടിക്ക് 'ബൂസ്റ്റാ'യി മാറുമോ?**
........................പേജ് 27

**ആധുനിക ഇന്ത്യയുടെ വഴികാട്ടിയെ ഒടുവിൽ കുറ്റവിമക്തനാക്കിയത്രെ!**
........................പേജ് 28

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# 22.5 ബില്യൺ ഡോളറിന്റെ വികസന പദ്ധതി; വാഷിംങ്ടണിനെ പുനർനിർമിക്കാൻ ട്രംപിന്റെ പുതിയ നീക്കം

വാഷിംങ്ടൺ: അമേരിക്കൻ തലസ്ഥാനമായ വാഷിങ്ടൺ ഡി.സിയെ സമഗ്രമായി നവീകരിക്കാനുള്ള പദ്ധതികളുടെ ഭാഗമായി പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വാഷിങ്ടൺ ഡല്ലസ് അന്താരാഷ്ട്ര വിമാനത്താവളം നവീകരിക്കാൻ 22.5 ബില്യൺ ഡോളറിന്റെ വമ്പൻ പദ്ധതി പ്രഖ്യാപിച്ചു. വിമാനത്താവളത്തെ ലോകോത്തര നിലവാരമുള്ള അന്താരാഷ്ട്ര പ്രവേശന കവാടമാക്കി മാറ്റുകയാണ് പദ്ധതിയുടെ ലക്ഷ്യം.



പദ്ധതിപ്രകാരം നാല് പുതിയ കോൺകോഴ്സുകൾ, ആധുനിക ചെക്ക്ഇൻ സംവിധാനങ്ങൾ, മെച്ചപ്പെട്ട സുരക്ഷാ പരിശോധനാ കേന്ദ്രങ്ങൾ, കൂടുതൽ ഗേറ്റുകൾ, വിശാലമായ യാത്രക്കാരുടെ വിശ്രമ കേന്ദ്രങ്ങൾ, പുതിയ ലൗഞ്ചുകൾ, ലോകത്തിലെ ഏറ്റവും വലിയ യുണൈറ്റഡ് പോളാരിസ് ലൗഞ്ചുകളിൽ എന്നിവ നിർമ്മിക്കും എന്നാണ് ലഭിക്കുന്ന റിപ്പോർട്ട്.

പദ്ധതിയുടെ ചെലവ് ഫെഡറൽ സർക്കാർ വഹിക്കില്ലെന്നും, മെട്രോപൊളിറ്റൻ വാഷിങ്ടൺ എയർപോർട്സ് അതോറിറ്റിയും വിമാനക്കമ്പനികളും ചേർന്നാണ് ധനസഹായം നൽകുകയെന്നും വൈറ്റ് ഹൗസ് അറിയിച്ചു.

പദ്ധതി പ്രഖ്യാപിച്ച ചടങ്ങിൽ ട്രംപ ് ഡല്ലസ് വിമാനത്താവളത്തെ കടുത്ത ഭാഷയിൽ വിമർശിച്ചു. 'അമേരിക്കയ്ക്ക് ലോകത്തിലെ ഏറ്റവും മികച്ച വിമാനത്താവളങ്ങൾ വേണം. അതിന്റെ തുടക്കം തലസ്ഥാന നഗരത്തിൽ നിന്നായിരിക്കണം,' എന്ന് ട്രംപ് പറഞ്ഞു. ഡല്ലസ് വിമാനത്താവളം 'മോശം സംവിധാനങ്ങളുള്ളതും ഏറെ വൈകി നവീകരിക്കപ്പെടുന്നതുമായ' വിമാനത്താവളമാണെന്നും അദ്ദേഹം വിമർശിച്ചു. 2027ലെ വസന്തകാലത്ത് നിർമ്മാണം ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.

- ■ 50 ലക്ഷത്തിലധികം ചതുരശ്ര അടി പുതിയതോ നവീകരിച്ചതോ ആയ സൗകര്യങ്ങൾ
- ■പഴയ സി, ഡി കോൺകോഴ്സുകൾ പൊളിച്ച് വലിയ വിമാനങ്ങൾക്ക് അനുയോജ്യമായ പുതിയ ടെർമിനൽ സൗകര്യങ്ങൾ
- ■ 32,000 വാഹനങ്ങൾ പാർക്ക് ചെയ്യാനാകുന്ന പുതിയ പാർക്കിംഗ് ഗാരേജ്
- ■ കൂടുതൽ കസ്റ്റംസ്, ബാഗേജ് കൈകാര്യം ചെയ്യുന്ന സംവിധാനങ്ങൾ
- ■ എയ്റോ ട്രെയിൻ ശൃംഖലയുടെ വിപുലീകരണം
- ■നടപ്പാത ടണലുകൾ
- ■ ഏറെ വിമർശിക്കപ്പെട്ടിരുന്ന മൊബൈൽ ലൗഞ്ച് സംവിധാനത്തിന് പകരം സ്ഥിരം യാത്രാസൗകര്യങ്ങൾ
- ■ ആയിരക്കണക്കിന് തൊഴിലവസരങ്ങൾ എന്നിവയാണ് ലക്ഷ്യം വയ്ക്കുന്നത്.

പദ്ധതി ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും നൂറുകണക്കിന് പുതിയ അന്താരാഷ്ട്ര സർവീസുകൾ ആരംഭിക്കാൻ വഴിയൊരുക്കുമെന്നും ഗതാഗത സെക്രട്ടറി ഷോൺ ഡഫി പറഞ്ഞു.

ഡല്ലസിലെ പ്രധാന സർവീസ് നടത്തുന്ന യുണൈറ്റഡ് എയർലൈൻസ് ഈ പദ്ധതിയുടെ പ്രധാന പങ്കാളിയാണ്. വിമാനത്താവളത്തിലെ ഏകദേശം 70 ശതമാനം യാത്രക്കാരെയും കൈകാര്യം ചെയ്യുന്നത് ഈ എയർലൈൻസാണ്.

'അമേരിക്കൻ തലസ്ഥാനത്തെ ലോകവുമായി ബന്ധിപ്പിക്കുന്ന പ്രധാന കവാടമാണ് ഡല്ലസ്. ഈ പദ്ധതി ലോകോത്തര യാത്രാനുഭവം നൽകും' എന്ന് യുണൈറ്റഡ് സിഇഒ സ്കോട്ട് കിർബി പറഞ്ഞു.

ഡല്ലസ് വിമാനത്താവള നവീകരണം മാത്രമല്ല, വാഷിങ്ടണിലെ നിരവധി പ്രധാന പൊതുസ്ഥലങ്ങളും സർക്കാർ കെട്ടിടങ്ങളും ട്രംപ് നവീകരിക്കാൻ പദ്ധതിയിടുന്നുണ്ട്.

**അവയിൽ പ്രധാനപ്പെട്ടവ:**

1. വൈറ്റ് ഹൗസിൽ 90,000 ചതുരശ്ര അടി വിസ്തൃതിയുള്ള പുതിയ ബോൾറൂം നിർമ്മാണം
2. മറൈൻ വൺ ഹെലികോപ്റ്ററുകൾക്കായി സൗത്ത് ലോണിൽ ഗ്രാനൈറ്റ് ഹെലിപാഡ്
3. ചരിത്രപ്രസിദ്ധമായ നോർത്ത് പോർട്ടിക്കോയുടെ നവീകരണം
4. ലിങ്കൺ മെമ്മോറിയൽ റിഫ്ളക്ടിങ് പൂൾ നവീകരണം
5. ഈസ്റ്റ് പൊട്ടോമാക് ഗോൾഫ് ലിങ്ക്സ് ലോകോത്തര ഗോൾഫ് കേന്ദ്രമാക്കി മാറ്റാനുള്ള പദ്ധതി
6. ഇൻഡിപെൻഡൻസ് ആർക്ക് എന്ന 250 അടി ഉയരമുള്ള സ്മാരക കവാടം
7. നാഷണൽ ഗാർഡൻ ഓഫ് അമേരിക്കൻ ഹീറോസ് എന്ന പേരിൽ 250 പ്രമുഖ അമേരിക്കക്കാരുടെ പ്രതിമകൾ ഉൾക്കൊള്ളുന്ന ശിൽപോദ്യാനം
8. ആർട്സ് ഓഫ് വാർ, ആർട്സ് ഓഫ് പീസ് പ്രതിമകളുടെ സ്വർണ്ണപൂശൽ പുനഃസ്ഥാപിക്കൽ

അതേസമയം ട്രംപിന്റെ നിരവധി പദ്ധതികൾക്കെതിരെ ചരിത്രപൈതൃക സംരക്ഷണ സംഘടനകളും സാംസ്കാരിക സംഘടനകളും കോടതിയെ സമീപിച്ചിട്ടുണ്ട്. കോൺഗ്രസിന്റെ അനുമതിയില്ലാതെ വൈറ്റ് ഹൗസിലും ദേശീയ സ്മാരക പ്രദേശങ്ങളിലും വലിയ മാറ്റങ്ങൾ വരുത്താനാകില്ലെന്നാണ് വിമർശകരുടെ വാദം.

അതേസമയം, അമേരിക്കയുടെ 250ാം വാർഷികാഘോഷങ്ങൾ മുൻനിർത്തി തലസ്ഥാന നഗരത്തെ നവീകരിക്കുകയാണ് ലക്ഷ്യമെന്ന് ട്രംപ് ഭരണകൂടം വ്യക്തമാക്കുന്നു.

# ഇറാന്റെ മിന്നലാക്രമണം അമേരിക്ക തകർത്തു; പശ്ചിമേഷ്യയിൽ ശക്തമായ തിരിച്ചടിയുമായി യുഎസ് സൈന്യം

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Founder, Chairman & CEO:
Jose Chennikkara
Co-Founder Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
1-773-888-2242
1-773-842-9149, 1-773-888-2243
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online)
for Malayalees worldwide)
Cost $1.00 per copy
**1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**
**E-Paper reading**
**visit vachakam.com**

Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisments, advertorials, articles or copyright issues.

പശ്ചിമേഷ്യയിൽ താത്കാലികമായി നിലനിന്നിരുന്ന വെടിനിർത്തൽ പ്രതീക്ഷകൾ തകർത്ത് ഇറാനെതിരെ അതിശക്തമായ സൈനിക തിരിച്ചടിയുമായി അമേരിക്ക രംഗത്തെത്തി. അമേരിക്കൻ സൈനിക കേന്ദ്രങ്ങൾക്ക് നേരെ ഇറാൻ നടത്തിയ മിന്നൽ ബാലിസ്റ്റിക് മിസൈൽ ആക്രമണത്തിന് മറുപടിയായാണ് യുഎസ് സൈന്യം കടുത്ത നടപടിയിലേക്ക് കടന്നത്. മേഖലയിൽ വിന്യസിച്ചിട്ടുള്ള അമേരിക്കൻ സേനയും സൗദി അറേബ്യൻ സൈന്യവും ചേർന്നാണ് സംയുക്ത ആക്രമണങ്ങൾ സംഘടിപ്പിച്ചത്.

മധ്യപൂർവേഷ്യൻ മേഖലയിലെ അമേരിക്കൻ സൈനിക താവളങ്ങൾ ലക്ഷ്യമിട്ട് ഇറാൻ വിപ്ലവ ഗാർഡ് നിരവധി ബാലിസ്റ്റിക് മിസൈലുകൾ തൊടുത്തുവിട്ടിരുന്നു. എന്നാൽ യുഎസിന്റെ അത്യാധുനിക വ്യോമ പ്രതിരോധ സംവിധാനങ്ങൾ ഈ മിസൈലുകളെല്ലാം വിജയകരമായി അന്തരീക്ഷത്തിൽ വെച്ച് തന്നെ തകർത്തു. ഈ വൻ ആക്രമണ ശ്രമം പരാജയപ്പെടുത്തിയതിന് പിന്നാലെയാണ് പെന്റഗൺ ശക്തമായ പ്രത്യാക്രമണത്തിന് ഉത്തരവിട്ടത്.

ഇറാഖിൽ പ്രവർത്തിക്കുന്ന ഇറാൻ അനുകൂല പോപ്പുലർ മൊബിലൈസേഷൻ ഫോഴ്സിന്റെ താവളങ്ങൾ ലക്ഷ്യമിട്ടായിരുന്നു അമേരിക്കയുടെയും സൗദിയുടെയും സംയുക്ത വ്യോമാക്രമണം. ആക്രമണത്തിൽ ഇരുപതോളം സായുധ പോരാളികൾ കൊല്ലപ്പെടുകയും നിരവധിയാളുകൾക്ക് പരിക്കേൽക്കുകയും ചെയ്തതായി വിദേശ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇറാഖിലെ പ്രധാനപ്പെട്ട ഏഴ് സൈനിക കേന്ദ്രങ്ങളിലാണ് ഒരേസമയം വൻ നാശനഷ്ടങ്ങൾ സംഭവിച്ചിരിക്കുന്നത്.



സൗദി അറേബ്യയിലെ തന്ത്രപ്രധാനമായ എണ്ണ കേന്ദ്രങ്ങൾക്ക് നേരെ ഇറാൻ പിന്തുണയുള്ള സായുധ ഗ്രൂപ്പുകൾ നിരന്തരം ഡ്രോൺ ആക്രമണം നടത്തിവരികയായിരുന്നു. കഴിഞ്ഞ എഴുപത്തിരണ്ട് മണിക്കൂറിനിടെ മുപ്പതിലധികം ഡ്രോണുകൾ ഉപയോഗിച്ചാണ് സൗദിയിലെ ഊർജ്ജ കേന്ദ്രങ്ങൾ ഇവർ ലക്ഷ്യമിട്ടത്. ഇതേത്തുടർന്നാണ് ഗൾഫ് മേഖലയിലെ സുരക്ഷ ഉറപ്പാക്കാൻ സൗദിയുമായി കൈകോർത്ത് മിന്നൽ തിരിച്ചടി നൽകാൻ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് നിർദ്ദേശം നൽകിയത്.


അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവുമായി വൈറ്റ് ഹൗസിൽ കൂടിക്കാഴ്ച നടത്തിയതിന് തൊട്ടുപിന്നാലെയാണ് ഈ പുതിയ സംഘർഷം ഉടലെടുത്തത്. ഇറാനുമായി നയതന്ത്ര ചർച്ചകൾ പുരോഗമിക്കുന്നതിനിടെയുണ്ടായ ഈ മിസൈലാക്രമണം മേഖലയിലെ സമാധാന ശ്രമങ്ങൾക്ക് വലിയ തിരിച്ചടിയായി. അമേരിക്കൻ സേനയ്ക്ക് നേരെ ഉണ്ടാകുന്ന ഏതൊരു ആക്രമണവും വൻ വിനാശത്തിന് വഴിവെക്കുമെന്ന് ട്രംപ് മുന്നറിയിപ്പ് നൽകി.

പശ്ചിമേഷ്യൻ കടലിടുക്കുകളിലൂടെയുള്ള എണ്ണക്കപ്പലുകളുടെ സുരക്ഷിതമായ സഞ്ചാരത്തെയും ഈ പുതിയ യുദ്ധസാഹചര്യം പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഹോർമുസ് കടലിടുക്കിലൂടെ സഞ്ചരിച്ച മൂന്ന് വാതക എണ്ണക്കപ്പലുകൾ ഇറാൻ റവല്യൂഷണറി ഗാർഡ് തടഞ്ഞുവെച്ചതായി അന്താരാഷ്ട്ര മാധ്യമങ്ങൾ വ്യക്തമാക്കുന്നു. സമുദ്ര മേഖലയിൽ ഇറാൻ നടത്തുന്ന ഇത്തരം കടന്നുകയറ്റങ്ങൾ ആഗോള ഊർജ്ജ വിപണിയെ കടുത്ത ആശങ്കയിലാഴ്ത്തുന്നു.

അമേരിക്കയുടെയും സഖ്യകക്ഷികളുടെയും സൈനിക നീക്കത്തിന് മറുപടിയായും ഇറാഖ് ഭരണകൂടം തങ്ങളുടെ അതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ട്. സ്വന്തം മണ്ണിൽ വിദേശ രാജ്യങ്ങൾ നടത്തുന്ന വ്യോമാക്രമണങ്ങൾ രാജ്യത്തിന്റെ പരമാധികാരത്തിന്മേലുള്ള കടന്നുകയറ്റമാണെന്ന് ഇറാഖ് ഭരണാധികാരികൾ വ്യക്തമാക്കി. എങ്കിലും സായുധ ഗ്രൂപ്പുകളെ നിയന്ത്രിക്കാൻ ഇറാഖ് സർക്കാരിന് സാധിക്കുന്നില്ലെന്ന വിമർശനവും ശക്തമാണ്.

മേഖലയിൽ ഭീതിജനകമായ അന്തരീക്ഷം തുടരുന്നതോടെ അന്താരാഷ്ട്ര വിപണിയിൽ അസംസ്കൃത എണ്ണവില വീണ്ടും കുത്തനെ ഉയരുകയാണ്. ഗൾഫ് രാജ്യങ്ങളിലെ സുരക്ഷ മുൻനിർത്തി വ്യോമസേനയും നാവികസേനയും അതിജാഗ്രത പുലർത്താൻ യുഎസ് സെൻട്രൽ കമാൻഡ് നിർദ്ദേശം നൽകി. പശ്ചിമേഷ്യൻ യുദ്ധം കൂടുതൽ രാജ്യങ്ങളിലേക്ക് വ്യാപിക്കുന്നത് തടയാൻ ആഗോള തലത്തിൽ നയതന്ത്ര ഇടപെടലുകൾ ശക്തമാകുന്നുണ്ട്.

## റീ...പോളിംഗ്




*ഇൻസ്റ്റാഗ്രാമൽ സജീവമാകാൻ ബി.ജെ.പി.*

## ഓണം ഒരുമയുടെ ഉത്സവം; ഷിക്കാഗോ ഗീതാമണ്ഡലം അതിന്റെ 49 വർഷങ്ങളുടെ പാരമ്പര്യത്തിന്റെ ആഘോഷം

കേരളത്തനിമയുടെ പ്രൗഢിയും പൈതൃകവും നെഞ്ചോടുചേർത്ത്, ഷിക്കാഗോ ഗീതാമണ്ഡലം അതിന്റെ ചരിത്രത്തിലെ 49-ാമത് ഓണാഘോഷത്തിന് തിരിതെളിയിക്കുന്നു. 2026 ആഗസ്റ്റ് 17 ന് ആരംഭിക്കുന്ന ഓണാഘോഷ പരിപാടികൾ, ആഗസ്റ്റ് 22ന് നടക്കുന്ന തിരുവോണ മഹോത്സവത്തോടെ സമാപിക്കുന്നു. ഈ മഹത്തായ ആഘോഷത്തിലേക്ക് ഏവരെയും ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.

ഏകദേശം അഞ്ച് പതിറ്റാണ്ടായി ഷിക്കാഗോയിലെ മലയാളി സമൂഹത്തിന്റെ സാംസ്കാരിക പൈതൃകവും കേരളീയ പാരമ്പര്യവും തലമുറകളിലേക്ക് പകർന്നുനൽകിക്കൊണ്ടിരിക്കുന്ന ഷിക്കാഗോ ഗീതാമണ്ഡലത്തിന്റെ 49-ാമത് ഓണാഘോഷം, വെറും ഒരു ആഘോഷമല്ല; അത് നമ്മുടെ സംസ്കാരത്തിന്റെയും കൂട്ടായ്മയുടെയും അഭിമാനകരമായ തുടർച്ചയാണ്.

ഈ പാരമ്പര്യം പുതിയ തലമുറയ്ക്ക് പകർന്നുനൽകുക എന്ന ലക്ഷ്യത്തോടെ, കൂട്ടുകുടുംബങ്ങളിലെ ഓണാഘോഷങ്ങളുടെ സുന്ദരമായ ഓർമ്മകൾ പങ്കുവെച്ചും, കേരളത്തിന്റെ സംസ്കാരവും ആചാരങ്ങളും ഓണത്തിന്റെ മഹത്വവും പരിചയപ്പെടുത്തിയും, 2026 ആഗസ്റ്റ് 22ന് രാവിലെ 10 മണി മുതൽ ഷിക്കാഗോ ഗീതാമണ്ഡലം തറവാടിൽ വിപുലമായ ഓണാഘോഷം സംഘടിപ്പിച്ചിരിക്കുന്നു.

ഊഞ്ഞാലും ഓണക്കളികളും ഓണപ്പാട്ടുകളും പൂക്കളവും പൂവട്ടിയും മാവേലി വരവേൽപ്പും വിഭവസമൃദ്ധമായ ഓണസദ്യയും കലാപരിപാടികളുമായി, കേരളത്തിന്റെ ഗ്രാമീണ ഓണത്തിന്റെ എല്ലാ മനോഹര മുഹൂർത്തങ്ങളും ഷിക്കാഗോ തറവാട് ക്ഷേത്രാങ്കണത്തിൽ പുനഃസൃഷ്ടിക്കപ്പെടുന്നു. 49 വർഷങ്ങളുടെ അഭിമാനപാരമ്പര്യം ആഘോഷിക്കുന്ന ഈ ചരിത്ര മുഹൂർത്തത്തിൽ, പഴയ ഓണക്കാല ഓർമ്മകൾ പുതുക്കാനും കുടുംബാംഗങ്ങളോടും സുഹൃത്തുക്കളോടും ഒത്തുചേർന്ന് ഓണാശംസകൾ പങ്കിടാനും, നമ്മുടെ സംസ്കാരത്തിന്റെ മഹത്വം പുതുതലമുറയ്ക്ക് കൈമാറാനും എല്ലാ സ്നേഹിതരെയും ഷിക്കാഗോ ഗീതാമണ്ഡലത്തിന്റെ 49-ാമത് തിരുവോണ മഹോത്സവത്തിലേക്ക് ഹൃദയം നിറഞ്ഞ സ്വാഗതം ചെയ്യുന്നു.

## ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് ജോസഫ് ബാവയ്ക്ക് ഷിക്കാഗോയിൽ ഗംഭീര സ്വീകരണം



ഷിക്കാഗോ: യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്ക ബാവ അബൂൻ മോർ ബസേലിയോസ് ജോസഫ് ബാവയുടെ നോർത്ത് അമേരിക്കൻ പര്യടനത്തിന്റെ ഭാഗമായി ഷിക്കാഗോയിൽ ഗംഭീര സ്വീകരണം നൽകുന്നു. ഓഗസ്റ്റ് 2 ഞായറാഴ്ച ഷിക്കാഗോ നോർത്ത് ലേക്കിലുള്ള സെന്റ് പീറ്റേഴ്സ് യാക്കോബായ സുറിയാനി പള്ളിയിലാണ് (St. Peter's Jacobite Syrian Orthodox Church) സ്വീകരണ ചടങ്ങുകൾ ക്രമീകരിച്ചിരിക്കുന്നത്.

**വിശുദ്ധ കുർബാനയും വരവേൽപ്പും:**

ഞായറാഴ്ച രാവിലെ 8:30ന് സെന്റ് പീറ്റേഴ്സ് പള്ളിയിലെത്തുന്ന ശ്രേഷ്ഠ ബാവയ്ക്ക് ഷിക്കാഗോയിലെ വിവിധ ഇടവകകളിൽ നിന്നുള്ള വിശ്വാസികൾ ചേർന്ന് വരവേൽപ്പ് നൽകും. പ്രഭാത പ്രാർത്ഥനയ്ക്ക് ശേഷം ശ്രേഷ്ഠ ബാവയുടെ പ്രധാന കാർമ്മികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിക്കപ്പെടും.

**സ്വീകരണ സമ്മേളനം:**

വിശുദ്ധ കുർബാനയ്ക്ക് ശേഷം ശ്രേഷ്ഠ ബാവയെ ആദരിക്കുന്നതിനായി പ്രത്യേക സ്വീകരണ സമ്മേളനം നടക്കും. സെന്റ് പീറ്റേഴ്സ് യാക്കോബായ പള്ളി വികാരി വെരി റവ. തേലപ്പിള്ളിൽ സക്കറിയ കോറെപ്പിസ്കോപ്പ സമ്മേളനത്തിൽ അധ്യക്ഷത വഹിക്കും.

**പ്രസംഗകരും പങ്കാളിത്തവും:.**

സെന്റ് ജോർജ് യാക്കോബായ പള്ളി വികാരിമാരായ വെരി റവ. മാത്യു കരിത്തലക്കൽ കോറെപ്പിസ്കോപ്പ, റവ. ഫാ. ലിജു പോൾ, സെന്റ് മാർക്സ് ക്നാനായ യാക്കോബായ പള്ളി വികാരി റവ. ഫാ. തോമസ് മേപ്പുറത്ത് എന്നിവർ ആശംസകൾ നേർന്ന് സംസാരിക്കും.

ഷിക്കാഗോ സെന്റ് ജോർജ് യാക്കോബായ സുറിയാനി പള്ളി, സെന്റ് മാർക്സ് ക്നാനായ യാക്കോബായ സുറിയാനി പള്ളി എന്നീ ഇടവകകളിൽ നിന്നുള്ള വൈദികരും നൂറുകണക്കിന് വിശ്വാസികളും ചടങ്ങുകളിൽ പങ്കാളികളാകും.

ഈ ചരിത്രമുഹൂർത്തത്തിന് സാക്ഷ്യം വഹിക്കാനും ശ്രേഷ്ഠ ബാവയുടെ അനുഗ്രഹം പ്രാപിക്കാനുമായി എല്ലാ വിശ്വാസികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നതായി ഇടവക ഭാരവാഹികളായ ജോജി കുര്യാക്കോസ് (വൈസ് പ്രസിഡന്റ്), ജോജോയ് വർഗീസ് (സെക്രട്ടറി), ജോർജ് തോമസ് (ട്രഷറർ) എന്നിവർ അറിയിച്ചു.

## 16-ാമത് കെ.സി.സി.എൻ.എ കൺവെൻഷനിൽ മെഗാ എന്റർടൈൻമെന്റ് നൈറ്റ്




ഫോർട്ട് ലോഡർഡെയിൽ, ഫ്ളോറിഡ: 2026 ഓഗസ്റ്റ് 6 മുതൽ 10 വരെ ഫ്ളോറിഡയിലെ ബ്രൗവാർഡ് കൗണ്ടി കൺവെൻഷൻ സെന്ററിൽ നടക്കുന്ന 16-ാമത് കെ.സി.സി.എൻ.എ കൺവെൻഷനിൽ, പങ്കെടുക്കുന്ന ആയിരക്കണക്കിന് പ്രതിനിധികൾക്കായി സംഗീതവും നർമ്മവും സമന്വയിപ്പിച്ച അവിസ്മരണീയമായ ഒരു കലാവിരുന്നുമായി എന്റർടൈൻമെന്റ് കമ്മിറ്റി ഒരുങ്ങുന്നു.

കൺവെൻഷൻ തിരശീല ഉയരുന്ന ഓഗസ്റ്റ് 6, വ്യാഴാഴ്ച രാത്രി 9ന് പ്രശസ്ത മലയാളം പിന്നണി ഗായകരും പ്രഗത്ഭ ലൈവ് ഓർക്കസ്ട്ര ടീമും അണിനിരക്കുന്ന മെഗാ ലൈവ് മ്യൂസിക്കൽ ഷോ അരങ്ങേറും. ഈ സംഗീതവിരുന്നിൽ പങ്കെടുക്കുന്ന പ്രമുഖ കലാകാരൻമാർ:

നജീം അർഷാദ് - ഐഡിയ സ്റ്റാർ സിംഗർ വിജയിയും മലയാളികളുടെ പ്രിയ പിന്നണി ഗായകനും, വിവേകാനന്ദൻ - ഐഡിയ സ്റ്റാർ സിംഗർ വിജയിയും ശ്രദ്ധേയ ഗായകനും, സുമി അരവിന്ദ് -വൈവിധ്യമാർന്ന ഗാനശൈലിയിലൂടെ സംഗീതാസ്വാദകരുടെ ഹൃദയം കീഴടക്കിയ പ്രശസ്ത ഗായിക, ഡോ. സൗമ്യ സനാതനൻ -സംഗീതത്തിൽ പി.എച്ച്.ഡി നേടിയ ശാസ്ത്രീയ സംഗീതജ്ഞയും പ്രശസ്ത ഗായികയും.

ഇവർക്കൊപ്പം പ്രൊഫഷണൽ ലൈവ് ഓർക്കസ്ട്രടീം അവതരിപ്പിക്കുന്ന സംഗീതവിരുന്ന് ആദ്യദിനത്തെ ആവേശഭരിതമാക്കും. ഈ ആഘോഷരാവിനെ കൂടുതൽ മനോഹരമാക്കാൻ മലയാള ടെലിവിഷൻ, സിനിമാ രംഗങ്ങളിലെ ജനപ്രിയ ഹാസ്യതാരം ജോബി പാലയും വേദിയിലെത്തുന്നു. തന്റെ സ്വതസിദ്ധമായ നർമ്മശൈലിയിലൂടെയും ഹാസ്യാവതരണങ്ങളിലൂടെയും കുടുംബപ്രേക്ഷകരെ പൊട്ടിച്ചിരിപ്പിക്കുന്ന ജോബി പാലയുടെ സാന്നിധ്യം പരിപാടിയുടെ മാറ്റുകൂട്ടും.

സംഗീതവും ഹാസ്യവും ഒരുമിക്കുന്ന ഈ മെഗാ എന്റർടൈൻമെന്റ് നൈറ്റ്, 16-ാമത് കെ.സി.സി.എൻ.എ കൺവെൻഷന്റെ ആദ്യ ദിനത്തിലെ ഏറ്റവും വലിയ ആകർഷണങ്ങളിൽ ഒന്നായിരിക്കും. കുടുംബസമേതം എത്തി സംഗീതത്തിന്റെയും നർമ്മത്തിന്റെയും ഈ ആഘോഷരാവിന്റെ ഭാഗമാകാൻ എല്ലാ കൺവെൻഷൻ പ്രതിനിധികളെയും എന്റർടൈൻമെന്റ് കമ്മിറ്റി ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നതായി കമ്മറ്റി ചെയർ സാബു തടത്തിൽ അറിയിച്ചു. മണികുട്ടി പാലനിക്കുമുറിയിൽ, ഡയാന തേക്കുംകാട്ടിൽ എന്നിവരാണ് മറ്റ് കമ്മറ്റി അംഗങ്ങൾ.

കെ.സി.സി.എൻ.എയ്ക്ക് നേതൃത്വം നൽകുന്നത് പ്രസിഡന്റ് ജെയിംസ് ഇല്ലിക്കൽ (ഫ്ളോറിഡ), എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് സിജു ചെരുവൻകാലായിൽ (ന്യൂയോർക്ക്), ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ (ഷിക്കാഗോ), ജോയിന്റ് സെക്രട്ടറി സൂസൻ തെങ്ങുംതറയിൽ (സാൻ ഹൊസെ), ട്രഷറർ ജോജോ തറയിൽ (ഹൂസ്റ്റൺ), വൈസ് പ്രസിഡന്റ് ജേക്കബ് കുസുമാലയം (ന്യൂയോർക്ക്), ജോയിന്റ് ട്രഷറർ ജെസ്നി കൊട്ടിയാനിക്കൽ (അറ്റ്ലാന്റ) എന്നിവരാണ്.

കൺവെൻഷൻ ചെയർപേഴ്സൺ ജോബി ഊരാളിൽ, ആതിഥേയ യൂണിറ്റ് പ്രസിഡന്റുമാരായ ജയമോൾ മൂശാരിപ്പറമ്പിൽ (ടാമ്പാ), എബി തെക്കനാട്ട് (മയാമി) എന്നിവരും നൂറുകണക്കിന് കമ്മിറ്റി അംഗങ്ങളുടെയും കൺവെൻഷന്റെ വിജയത്തിനായി അക്ഷീണം പ്രായത്നിക്കുന്നു.

*ബൈജു ആലപ്പാട്ട്*

## എൻ.എസ്.എസ് ഓഫ് ഷിക്കാഗോയുടെ ഓണാഘോഷം ഓഗസ്റ്റ് 30ന്; രജിസ്ട്രേഷൻ ആരംഭിച്ചു




എൻ.എസ്.എസ് ഓഫ് ഷിക്കാഗോയുടെ ഈ വർഷത്തെ ഓണാഘോഷമായ 'ഓണം 2026' ഓഗസ്റ്റ് 30 (ഞായർ) ഉച്ചയ്ക്ക് 1 മണി മുതൽ പ്ലിയൻ ഫീൽഡ് നോർത്ത് ഹൈസ്കൂളിൽ നടക്കും. പരിപാടിയുടെ രജിസ്ട്രേഷൻ ആരംഭിച്ചതായി ഭാരവാഹികൾ അറിയിച്ചു.

കേരളത്തിന്റെ സംസ്കാരവും പാരമ്പര്യവും പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനൊപ്പം പ്രവാസി മലയാളികളെ ഒരുമിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഓണാഘോഷം സംഘടിപ്പിക്കുന്നത്.

കേരള തനതു ശൈലിയിൽ തയാറാക്കിയ വിഭവ സമൃദ്ധമായ സദ്യയും, ഗൃഹാതുരത്വം ഉണർത്തുന്ന കലാവിരുന്നും ആണ് ഇത്തവണത്തെ പ്രധാന ആകർഷണം.

എൻ.എസ്.എസിന്റെ വനിതാ സംഘടനയായ 'സഖി' അവതരിപ്പിക്കുന്ന മെഗാ തിരുവാതിര കേരളത്തിന്റെ തനത് പാരമ്പര്യം ആവിഷ്കരിക്കുന്ന ദൃശ്യവിരുന്നായിരിക്കും.

ലാസ്യ അവതരിപ്പിക്കുന്ന 'ചന്ദ്രമുഖി – The Journey of Becoming' സ്ത്രീജീവിതത്തിന്റെ വിവിധ ഭാവങ്ങളും ഘട്ടങ്ങളും കലാസൗന്ദര്യത്തോടെ അവതരിപ്പിക്കുന്ന വിസ്മയകരമായ ദൃശ്യാനുഭവം.

കുട്ടികളുടെ സർഗാത്മകതയും കേരളീയ പൈതൃകവും കോർത്തിണക്കുന്ന 'സർഗ വർണം' കിഡ്സ് ഫാഷൻ ആൻഡ് ഡാൻസ് ഷോകേസും ആഘോഷത്തിന്റെ പ്രധാന ആകർഷണങ്ങളിലൊന്നാണ്.

യഥാർഥ തൂശനിലയിൽ വിളമ്പുന്ന. വിഭവ സമൃദ്ധമായ ഓണസദ്യ, വിവിധ കലാപരിപാടികൾ, സംഗീതനൃത്താവിഷ്കാരങ്ങൾ എന്നിവയും ആഘോഷത്തിന് മാറ്റുകൂട്ടും.

എർളി ബേർഡ് പ്രവേശന ടിക്കറ്റ് പരിമിതകാലത്തേക്ക് 19.99 ഡോളർ നിരക്കിൽ ലഭ്യമാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യണമെന്ന് സംഘാടകർ അഭ്യർഥിച്ചു.

രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും: https://app.marqevets.com/nss-of-chicago-onam

## നായർ അസോസിയേഷൻ ഓണാഘോഷം ആഗസ്റ്റ് 16 ഞായറാഴ്ച




ഷിക്കാഗോ: നായർ അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഷിക്കാഗോയുടെ ഈ വർഷത്തെ ഓണാഘോഷം ആഗസ്റ്റ് 16 ഞായറാഴ്ച വൈകിട്ട് 3മണിമുതൽ ആരംഭിക്കുമെന്ന് പ്രസിഡന്റ് വിജി നായർ അറിയിച്ചു.

ഈ വർഷത്തെ ഓണാഘോഷം ഡസ്പ്ലയിൻസിലുള്ള പ്രയിറി ലേക്ക് കമ്മ്യൂണിറ്റി സെന്ററിൽ (515 E Thaker Street, DesPlaines, IL 60016) വച്ച് നടത്തുന്നതാണ്. വ്യത്യസ്തങ്ങളായ വിവിധ കലാപരിപാടികൾ ഈ വർഷത്തെ ഓണാഘോഷത്തിന്റെ പ്രത്യേകതയായിരിക്കും. ഓണാഘോഷ പരിപാടിയിൽ പങ്കെടുക്കുവാൻ മുൻകൂട്ടി രജിസ്റ്റർ ചെയ്യുക. ഓണാഘോഷ പരിപാടിയിലേക്ക് സംഘാടകർ ഏവരേയും സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക് വിജി നായർ (847-962-0749), സുരേഷ് ബാലചന്ദ്രൻ (630-977-9988), അരവിന്ദ് പിള്ള (847-789-0518), ദിപു നായർ (714-501-7083) എന്നിവരുമായി ബന്ധപ്പെടുക.





# ഷിക്കാഗോ മലയാളി അസോസിയേഷന്റെ 'ഫീഡ് മൈ സ്റ്റാർവിങ് ചിൽഡ്രൻ' ചാരിറ്റി സംരംഭം ശ്രദ്ധേയമായി

ഷിക്കാഗോ: ഷിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'ഫീഡ് മൈ സ്റ്റാർവിങ് ചിൽഡ്രൻ' ചാരിറ്റി പ്രവർത്തനം ശ്രദ്ധേയമായി. 2026 ജൂലൈ 24ന് ഷാംബർഗിലെ വില്ലി ഫാം കോർട്ടിൽ, ഫീഡ് മൈ സ്റ്റാർവിങ് ചിൽഡ്രൻ സംഘടനയുമായി സഹകരിച്ച് സംഘടിപ്പിച്ച ഫുഡ് പാക്കിംഗ് പരിപാടിയിൽ അസോസിയേഷൻ അംഗങ്ങളും സന്നദ്ധപ്രവർത്തകരും ഉൾപ്പെടെ നിരവധി പേർ ആവേശപൂർവം പങ്കെടുത്തു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പട്ടിണിയും പോഷകാഹാരക്കുറവും അനുഭവിക്കുന്ന കുട്ടികൾക്ക് പോഷകസമൃദ്ധമായ ഭക്ഷണപ്പൊതികൾ തയ്യാറാക്കി എത്തിക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെയായിരുന്നു പരിപാടി സംഘടിപ്പിച്ചത്.

ഷിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റ് ജോസ് മണക്കാട്ട്, ചാരിറ്റി ചെയർപേഴ്സൺ ജെസ്സി റിൻസി, കോഓർഡിനേറ്റർമാരായ ജോൺസൻ കണ്ണൂക്കാടൻ, വർഗീസ് തോമസ്, ഫിലിപ്പ് പുത്തൻപുരയിൽ, ഡയറക്ടർ ബോർഡ് അംഗങ്ങളായ ഷൈനി ഹരിദാസ്, ജോജോ വെങ്ങാന്തറ, ജിനോയ് മാത്യു എന്നിവരുടെ നേതൃത്വത്തിൽ പരിപാടി വിജയകരമായി നടന്നു. എലീനോർ വെങ്ങാന്തറ, സുനി വെട്ടിക്കൽ, സൂസി തോമസ്, പോൾ റിൻസി, ജോയ്സ് ചെറിയാൻ, അമൽ ജോർജ്, സാക് മണക്കാട്ട് എന്നിവരും സജീവമായി പങ്കെടുത്ത് പരിപാടിക്ക് മികച്ച പിന്തുണ നൽകി.

സമൂഹത്തോടുള്ള പ്രതിബദ്ധതയും മാനവിക മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന സേവന പ്രവർത്തനങ്ങൾക്ക് ഷിക്കാഗോ മലയാളി അസോസിയേഷൻ തുടർന്നും പ്രാധാന്യം നൽകുമെന്ന് പ്രസിഡന്റ് ജോസ് മണക്കാട്ടും ചാരിറ്റി ചെയർപേഴ്സൺ ജെസ്സി റിൻസിയും അറിയിച്ചു. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ കൂടുതൽ അംഗങ്ങളെയും യുവജനങ്ങളെയും പങ്കാളികളാക്കിക്കൊണ്ട് ഇത്തരം പദ്ധതികൾ വിപുലപ്പെടുത്തുമെന്നും അവർ പറഞ്ഞു.

സമൂഹസേവനത്തിനും മനുഷ്യസ്നേഹത്തിനും പ്രാധാന്യം നൽകുന്ന ഷിക്കാഗോ മലയാളി അസോസിയേഷന്റെ ഈ സംരംഭം പങ്കെടുത്തവരുടെയും സാമൂഹിക പ്രവർത്തകരുടെയും പ്രശംസ ഏറ്റുവാങ്ങി.

# 16–ാമത് കെ.സി.സി.എൻ.എ കൺവെൻഷൻ: പരേതനായ എബ്രഹാം നിരവത്തിന്റെ സ്മരണയ്ക്ക് കൺവെൻഷൻ ഹാളിന് നാമകരണം



ഫോർട്ട് ലോഡർഡെയിൽ, ഫ്ളോറിഡ: വടക്കേ അമേരിക്കയിലെ ക്നാനായ കത്തോലിക്കാ സമൂഹത്തിന്റെ ഏറ്റവും വലിയ ദേശീയ സംഗമമായ 16-ാമത് കെ.സി.സി.എൻ.എ (ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്ക) കൺവെൻഷന്റെ ഭാഗമായി, ബ്രൗവാർഡ് കൗണ്ടി കൺവെൻഷൻ സെന്ററിലെ പ്രധാന കൺവെൻഷൻ ഹാളുകളിലൊന്നായായ എഹീൃശര ശമി ഉ ക്ക് കെ.സി.സി.എൻ.എയുടെ പ്രഥമ പ്രസിഡന്റ് പരേതനായ എബ്രഹാം നിരവത്തിന്റെ പേര് നൽകാൻ കെ.സി.സി.എൻ.എ തീരുമാനിച്ചു. സംഘടനയുടെ ചരിത്രത്തിലെ മഹത്തായ സേവനങ്ങൾക്ക് അർപ്പിക്കുന്ന ആദരാഞ്ജലിയാണ് ഈ നാമകരണം.

കെ.സി.സി.എൻ.എയുടെ രൂപീകരണത്തിന്റെ പ്രാരംഭ ഘട്ടത്തിൽ അസാധാരണമായ നേതൃത്വവും ദീർഘവീക്ഷണവും കാഴ്ചവെച്ച വ്യക്തിയായിരുന്നു പരേതനായ എബ്രഹാം നിരവത്ത്. സംഘടനയുടെ ആശയരൂപീകരണത്തിലും, പ്രവർത്തനഘടന ഒരുക്കുന്നതിലും, വിവിധ ക്നാനായ സംഘടനകളെ ഒരുമയുടെ കുടക്കീഴിൽ കൊണ്ടുവരുന്നതിലും അദ്ദേഹം വഹിച്ച പങ്ക് അതുല്യമാണ്. ഇന്ന് കെ.സി.സി.എൻ.എ കൈവരിച്ചിരിക്കുന്ന ശക്തിയും ഐക്യവും വളർച്ചയും അദ്ദേഹത്തെപ്പോലുള്ള ദീർഘദർശികളായ നേതാക്കളുടെ ആത്മസമർപ്പിത പ്രവർത്തനങ്ങളുടെ ഫലമാണെന്ന് സംഘടന സ്മരിക്കുന്നു.

2026 ഓഗസ്റ്റ് 6 മുതൽ 9 വരെ ഫ്ളോറിഡയിലെ ബ്രൗവാർഡ് കൗണ്ടി കൺവെൻഷൻ സെന്ററിൽ നടക്കുന്ന 16-ാമത് കെ.സി.സി.എൻ.എ കൺവെൻഷനിൽ 'എബ്രഹാം നിരവത്ത് മെമ്മോറിയൽ ഹാൾ' എന്ന പേരിൽ ഈ ഹാൾ അറിയപ്പെടും. കൺവെൻഷനിൽ പങ്കെടുക്കുന്ന ആയിരക്കണക്കിന് പ്രതിനിധികൾക്ക് കെ.സി.സി.എൻ.എയുടെ ചരിത്രവും അതിന്റെ സ്ഥാപക നേതാക്കളുടെ മഹത്തായ സംഭാവനകളും ഓർമ്മപ്പെടുത്തുന്ന ശാശ്വത സ്മാരകമായിരിക്കും ഈ ഹാൾ.

സംഘടനയുടെ പ്രഥമ പ്രസിഡന്റായിരുന്ന എബ്രഹാം നിരവത്തിന്റെ സേവനപാരമ്പര്യത്തോടുള്ള ആദരവും കൃതജ്ഞതയും പ്രകടിപ്പിക്കുന്ന ഈ തീരുമാനം, കെ.സി.സി.എൻ.എയുടെ ചരിത്രത്തിലെ ശ്രദ്ധേയമായ ഒരു അധ്യായമായി വിലയിരുത്തപ്പെടുന്നു.

കെ.സി.സി.എൻ.എയ്ക്ക് നേതൃത്വം നൽകുന്നത് പ്രസിഡന്റ് ജെയിംസ് ഇല്ലിക്കൽ (ഫ്ളോറിഡ), എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് സിജു ചെരുവൻകാലായിൽ (ന്യൂയോർക്ക്), ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ (ഷിക്കാഗോ), ജോയിന്റ് സെക്രട്ടറി സൂസൻ തെങ്ങുംതറയിൽ (സാൻ ഹൊസെ), ട്രഷറർ ജോജോ തറയിൽ (ഹൂസ്റ്റൺ), വൈസ് പ്രസിഡന്റ് ജേക്കബ് കുസുമാലയം (ന്യൂയോർക്ക്), ജോയിന്റ് ട്രഷറർ ജെസ്നി കൊട്ടിയാനിക്കൽ (അറ്റ്ലാന്റ) എന്നിവരാണ്.

ഇവർക്കൊപ്പം കൺവെൻഷൻ ചെയർപേഴ്സൺ ജോബി ഊരാളിൽ, ആതിഥേയ യൂണിറ്റ് പ്രസിഡന്റുമാരായ ജയമോൾ മൂശാരിപ്പറമ്പിൽ (ടാമ്പാ), എബി തെക്കനാട്ട് (മയാമി) എന്നിവരും നൂറുകണക്കിന് കമ്മിറ്റി അംഗങ്ങളും സന്നദ്ധ പ്രവർത്തകരും മാസങ്ങളായി നടത്തിയ കൂട്ടായ പരിശ്രമമാണ് 16-ാമത് കെ.സി.സി.എൻ.എ നാഷണൽ കൺവെൻഷന്റെ വിജയത്തിനുള്ള ശക്തമായ അടിത്തറ

◗ *ബൈജു ആലപ്പാട്ട്*






## 16–ാം ചരമവാർഷികം

**ജൂലൈ 31,2026**



## മാത്യു ഒറവങ്കര

സന്തപ്ത കുടുംബാംഗങ്ങൾ

നാഴികമണി

# പിന്തിരിഞ്ഞോടുന്ന അധികാരികൾ; പോരാടുന്ന ഒരു ജനത

**“ഇനി ദില്ലി പഴയ ദില്ലി ആയിരിക്കില്ല.”**






എൻ.പി. ചെക്കുട്ടി

**ജൂ**ലൈ 25നു രാത്രി എട്ടേമുക്കാലിനാണ് ഞാൻ ഡൽഹിയിൽ വിമാനമിറങ്ങിയത്. കോഴിക്കോട്-ഡൽഹി ഫ്ളൈറ്റ് കൃത്യസമയത്തു തന്നെ എത്തിച്ചേർന്നു. ഇന്ദിരാ ഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും എനിക്ക് ന്യൂഡൽഹി റെയിൽവേ സ്റ്റേഷന് അടുത്തുള്ള സുഹൃത്തിന്റെ താമസസ്ഥലത്തേക്കുപോകാൻ എളുപ്പവഴി മെട്രോ ട്രെയിൻ പിടിക്കലാണ്. വമ്പിച്ച കാശു മുടക്കിയാണ് ഡൽഹിയിൽ മെട്രോ സംവിധാനം സ്ഥാപിച്ചത്. മലയാളിയായ ഇ. ശ്രീധരൻ നേതൃത്വം നൽകിയ ഡൽഹി മെട്രോ പദ്ധതി രാജ്യത്തിനാകെ അഭിമാനവുമാണ്.

എന്നാൽ മെട്രോ വണ്ടികൾ ലഭ്യമല്ല എന്ന് വിമാനത്താളത്തിൽ ഇറങ്ങിയപ്പോൾ തന്നെ മനസ്സിലായി. ന്യൂഡൽഹി അടക്കം പ്രധാനപ്പെട്ട എല്ലാ മെട്രോ സ്റ്റേഷനുകളും അടഞ്ഞുകിടക്കുന്നു. എന്ന് തുറക്കും, എപ്പോൾ തുറക്കും എന്നൊന്നും ആർക്കും ഒരു പിടിയുമില്ല. ഡൽഹിപോലിസിന്റെ ഉത്തരവാണ്.

ഡൽഹി ഭയത്തിന്റെ ഒരു പുതപ്പിൽ തലപൂഴ്ത്തി കിടക്കുകയാണ് എന്നൊരുതോന്നലാണ് പിന്നീട് ടാക്സി പിടിച്ചു നഗരത്തിലൂടെ സഞ്ചരിച്ചപ്പോൾ ഉണ്ടായത്. രാത്രിയായിട്ടും വാഹനഗതാഗതം പലയിടത്തും തടഞ്ഞിട്ടിരിക്കുന്നു. ലക്ഷ്യസ്ഥാനത്തു എത്തണമെങ്കിൽനേരായവഴിയിൽ നടപ്പില്ല. സർക്കാരും പോലീസും അത് അനുവദിക്കില്ല. ഒരേയൊരു വഴി വളഞ്ഞവഴികൾ മാത്രമാണ്. ജനം നിയമം ലംഘിക്കാൻ നിർബന്ധിതരാകുന്ന അവസ്ഥ. രാജ്യത്തു നിയമവാഴ്ച അസ്തമിച്ചുപോയ കാഴ്ച.

എന്തിനാണ് 150കോടി ജനങ്ങളുള്ള ഒരു രാജ്യത്തിന്റെ തലസ്ഥാനം ഇങ്ങനെ അധികാരികൾ കെട്ടിപ്പൂട്ടിയിട്ടത്? ജന്തർ മന്ദറിൽ സമരം ചെയ്യുന്ന യുവജനങ്ങളോടുള്ള അവരുടെ ഭയം തന്നെ കാരണം. വിദ്യാഭാസ്യ സംവിധാനത്തിൽ കാണുന്ന പുഴുക്കുത്തുകൾ, അഴിമതികൾ, പക്ഷപാതങ്ങൾ, കെടുകാര്യസ്ഥത ഇതൊക്കെ സഹിക്കാനാകാതെയാണ് അവർ സമരത്തിന് ഇറങ്ങിയത്. രാജ്യത്തിന്റെ നാനാഭാഗത്തു നിന്നും യുവതീയുവാക്കൾ അവിടെ എത്തിയിരുന്നു. രാപ്പകൽ അവർ സമരവേദിയിൽ ആയിരുന്നു. പലരും ആഴ്ചകളോളം നിരാഹാര സമരത്തിൽ ഏർപ്പെട്ടു.

ന്യായമായ സമരമെന്ന് രാജ്യത്തെ മുഴുവൻ ജനങ്ങളും അംഗീകരിച്ച സമരം. മത്സരപരീക്ഷകളിൽ കൃത്രിമം നടത്തിയും ചോദ്യപേപ്പർ അടിച്ചുമാറ്റിയും ചിലർ അന്യായമായി നേട്ടങ്ങൾ കയ്യടക്കിയാൽ പിന്നെകോടിക്കണക്കിനു യുവാക്കളുടെ ഗതിയെന്ത്? അവർ എന്തിനു വർഷങ്ങൾ ചെലവഴിച്ചു പരീക്ഷക്കുകോച്ചിങ്ങിനുപോയി വമ്പിച്ച ധനവും സമയവും നഷ്ടപ്പെടുത്തി? അവരുടെ കുടുംബങ്ങൾ എന്തിനു വലിയ ത്യാഗങ്ങൾ സഹിച്ചു? കുട്ടികളുടെ ഭാവി സുരക്ഷിതമാക്കാൻ പലരും ലക്ഷങ്ങളുടെ കടക്കാരായി. എന്നാൽ പരീക്ഷാ സംവിധാനം താളംതെറ്റി.

അതിന്റെ വിശ്വാസ്യതചോർന്നുപോയി. പിൻവാതിൽ വഴി അട്ടിമറികൾ നടന്നു. സർക്കാറും മന്ത്രിയും അതു കണ്ടില്ലെന്നു നടിച്ചു. അല്ലെങ്കിൽ അവർ സംവിധാനത്തെബോധപൂർവം തങ്ങളുടെ സാമ്പത്തികനേട്ടങ്ങൾക്കായി ദുരുപയോഗം ചെയ്തു.

അതിനാൽ വിദ്യാഭ്യാസമന്ത്രി രാജിവെക്കണം എന്ന ആവശ്യമാണ് യുവാക്കൾ ഉന്നയിച്ചത്. പരീക്ഷാസംവിധാനം തകർന്നതിന്റെ ധാർമിക ഉത്തരവാദിത്വം മന്ത്രിക്കു തന്നെയാണ്. എന്നാൽ സർക്കാർ അനങ്ങിയില്ല. പ്രധാനമന്ത്രി കുട്ടികളുടെ സമരം കണ്ടതായിപ്പോലും നടിച്ചില്ല. അവരെ ദേശദ്രോഹികളായി സർക്കാർ പിൻതുണക്കാർ മുദ്രകുത്തി. ബോസ്റ്റണിൽ പഠിക്കുന്ന ദീപ്കേ എന്ന യുവാവിന് ഇന്ത്യയിലെ മത്സരപരീക്ഷകളിൽ എന്തുകാര്യം, അയാൾ സിഐഎ ഏജന്റല്ലേ എന്നുവരെ പ്രചാരണങ്ങൾ നീണ്ടു.

മറുഭാഗത്തു പൊലീസിന്റെ നരനായാട്ടു സീമകൾ ലംഘിച്ചു. തോക്കും ടിയർ ഗ്യാസും ജലപീരങ്കിയും നിയന്ത്രണമില്ലാതെ പ്രയോഗിച്ചു. യുവാക്കളും യുവതികളും കടുത്ത മർദനംനേരിട്ടു. ഒരു കുട്ടിബോധമറ്റു ഐസിയുവിൽ കിടക്കുകയാണ്. പരീക്ഷകൾ കുളമായി പ്രതീക്ഷകൾ തകർന്നു പലരും ആത്മഹത്യ ചെയ്തു. ഒരു നാടിന്റെ ഭാവിവാഗ്ദാനങ്ങൾ തങ്ങളുടെ ജീവിതം സർക്കാരും പോലീസും ചേർന്ന് അഴിമതിക്കാരെ സംരക്ഷിക്കാനായി തകർത്തു തരിപ്പണമാക്കുന്ന കാഴ്ചയാണ് കണ്ടത്. അതു നടുക്കുന്ന ഒരു അനുഭവമായിരുന്നു.

അതിനാൽ ജന്തർമന്ദർ സമരംലോകമെങ്ങും ശ്രദ്ധിക്കപ്പെട്ടു. നരേന്ദ്രമോദി സർക്കാർ അതിനെ കൈകാര്യം ചെയ്ത രീതിയും ലോകം ശ്രദ്ധിച്ചു. ഒരു ജനാധിപത്യ രാജ്യത്തും കേട്ടുകേൾവിയില്ലാത്ത ക്രൂരതകളാണ് ഡൽഹിയിൽ അരങ്ങേറിയത്. അതിനാൽ രാജ്യമാകെ പൊട്ടിത്തെറിച്ചു. സർക്കാറിനെ പിന്താങ്ങിയവർപോലും നെഞ്ചത്തു കൈവച്ചു. പലരും പരസ്യമായി നീരസംരേഖപ്പെടുത്തി.

ഈയൊരു അന്തരീക്ഷമാണ് 25നു വൈകിട്ട് ഡൽഹിയിൽ കാണപ്പെട്ടത്. എങ്ങും പോലീസ് ബാരിക്കേഡുകൾ. സമരവേദിയിലേക്കോ പാർലമെന്റ് പരിസരത്തേക്കോപോകാൻ ഒരു വഴിയും ഇല്ല. എല്ലാം അടച്ചിട്ടിരിക്കുന്നു. പലരും കിലോമീറ്ററുകൾ നടന്നാണ് ലക്ഷ്യസ്ഥാനത്ത് എത്തിയത്. ഏതായാലും സമരവേദിയിൽ യുവശക്തി ഇരമ്പി. ഒരു സർക്കാർ നിയന്ത്രണവും അവരെ ഭയപ്പെടുത്തിയില്ല. സമരം എല്ലാവിധ ഭീഷണികളെയും നേരിട്ടു മുന്നോട്ടുപോയി.

പിറ്റേന്ന് 26നു സർക്കാർ പരാജയം സമ്മതിച്ചു. വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാൻ രാജിവെച്ചതായി ടിവിയിൽ വാർത്ത വന്നു. യുവജനങ്ങളുമായി സർക്കാർ നടത്തിയ ചർച്ചയിലാണ് ഒത്തുതീർപ്പുണ്ടായത്. ഒരുപറ്റം യുവജനങ്ങളുടെ മുന്നിൽ ഇന്ത്യൻ സർക്കാർ മുട്ടുകുത്തി. വാർത്ത വന്നതോടെ ആഹ്ളാദാരവം മുഴങ്ങി. ഞങ്ങൾ രാജ്യത്തിന്റെ നാനാഭാഗത്തു നിന്നുമുള്ള സീനിയർ ജേർണലിസ്റ്റുകൾ ഒരുയോഗത്തിനായി അവിടെ എത്തിയതായിരുന്നു. ആസാം സർക്കാരിന്റെ ഭാഗമായ ബോഡോലാൻഡ് ട്രൈബൽ സമിതിയുടെ ഗസ്റ്റ് ഹൗസിലാണ് താമസിച്ചത്. അവിടെയാണ് ആരവം മുഴങ്ങിയത്. നാടെങ്ങും അതു പ്രതിധ്വനിച്ചു.

സത്യത്തിൽ നരേന്ദ്രമോദി സർക്കാരിന്റെ ധാർമിക പരാജയം തുടക്കം മുതലേ വ്യക്തമായിരുന്നു. ജനങ്ങളെ ശത്രുപക്ഷത്തു നിർത്തിയാണ് അവർ ഈ യുദ്ധം നയിച്ചത്. ഫലം, അവരുടെ ജനപിന്തുണ നഷ്ടമായി. പോലീസിനെ കയറൂരി വിട്ടാൽ എന്താവും ഫലം എന്ന് നാടാകെ മനസ്സിലാക്കി. വൈകിട്ട് എട്ടുമണിക്ക് കടകൾ പൂട്ടണം എന്നാണ് സർക്കാർ ഉത്തരവിട്ടത്. കടകൾ മുൻഭാഗത്തു പൂട്ടി പിന്നിലൂടെ കച്ചവടം തുടർന്നു. അതിനായി കടക്കാർ പോലിസിന് കൂടുതൽ കൈക്കൂലി നല്കുന്നതും കണ്ടു. പഞ്ചാബികളാണ് ഈ വിദ്യയിൽ മുന്നിൽ നിന്നത്. അവരുടെ ഒരു കച്ചവടവും അവർ നിർത്തിയില്ല. ഷട്ടർ താഴ്ത്തി അവർ കച്ചവടം നടത്തി. രാജ്യമാകെ മൊത്തത്തിൽ ഷട്ടർ താഴ്ത്തി കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോയി. അവസാനം ഇരുട്ടിലായതും അപ്രസക്തമായതും മോദി സർക്കാർ തന്നെയായിരുന്നു.

പന്ത്രണ്ടു വർഷം ഇന്ത്യ ഭരിച്ച നരേന്ദ്രമോദിയുടെ ഭരണത്തിന്റെ ധാർമികമായ അന്ത്യമാണ് ഈയാഴ്ച ഡൽഹിയിൽ കണ്ടത്. ഇനിഅതിന്റെ തകർച്ചക്ക് അധികനാൾവേണ്ടിവരില്ല. മോദിക്കുശേഷം ആരെന്ന ചർച്ച ഇതിനകം തന്നെ തുടങ്ങിക്കഴിഞ്ഞു. മോദിക്കുശേഷം ഇനിയൊരു സംഘപരിവാർ പ്രധാനമന്ത്രിയേയും രാജ്യത്തെയുവജനതഅംഗീകരിക്കില്ലഎന്നാണ് ഡൽഹി സംഭവങ്ങൾ സൂചിപ്പിക്കുന്നത്. രാജ്യം പുതിയൊരു തുറവിയിലേക്കു നീങ്ങുകയാണ്. അത് ആർഎസ്എസ് നിശ്ചയിക്കുന്ന പാതയിലൂടെ ഇനിയുള്ള നാളുകളിൽ സഞ്ചരിക്കാൻ ഇടയില്ല. കാരണം അവർ എങ്ങോട്ടാണ് നാടിനെ നയിച്ചത് എന്നകാര്യം ഇപ്പോൾ എല്ലാവർക്കും നന്നായി മനസ്സിലായിട്ടുണ്ട്.





# ഷിക്കാഗോ സെന്റ് മേരീസിൽ ഗ്രാൻഡ് പേരന്റ്സ് ഡേ വിപുലമായി ആഘോഷിച്ചു

ഷിക്കാഗോ: മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദേവാലയത്തിൽ ഗ്രാൻഡ് പേരന്റ്സ് ഡേ ജൂലൈ 26 ഞായറാഴ്ച വിപുലമായി ആഘോഷിച്ചു. രാവിലെ പത്തു മണിക്ക് നടന്ന വി. കുർബാനക്ക് ഫാ. ജെയിംസ് മാത്യു പ്ലാത്തോട്ടത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. വികാരി ഫാ. സിജു മുടക്കോടിൽ, അസിസ്റ്റന്റ് വികാരി ഫാ. അനീഷ് മാവേലിപുത്തൻപുര എന്നിവർ സഹകാർമ്മികരായിരുന്നു. നമ്മുടെ വിശ്വാസ ജീവിതത്തിൽ നേടും തൂണുകളായി നിന്നതു ഗ്രാൻഡ് പേരന്റ്സ് ആണെന്നും അവരിലൂടെ ലഭിച്ച നന്മകൾക്ക് നാം എന്നും നന്ദി ഉള്ളവരായിരിക്കണമെന്നും ഫാ. ജെയിംസ് തന്റെ വചനസന്ദേശത്തിൽ പ്രസ്താവിച്ചു. തുടർന്ന് എല്ലാ ഗ്രാൻഡ് പേരെൻസിനും വേണ്ടി പ്രത്യേക ആശീർവാദ പ്രാർത്ഥന നടത്തി. കൊച്ചുമക്കളെ പ്രാതിനിധീകരിച്ച് ഇവാന മണ്ണൂക്കുന്നേൽ ആശംസാ പ്രസംഗം നടത്തി.

എല്ലാ ഗ്രാൻഡ് പേരെൻസിനും ഇടവകയുടെ പ്രത്യേക ഉപഹാരം വൈദികർ സമ്മാനിച്ചു. തദവസരത്തിൽ കുട്ടികൾ മംഗളഗാനം ആലപിച്ചു.

രാവിലെ 8 മണിക്കും വൈകുന്നേരം 5:30 നും നടന്ന വി. കുർബാനക്കും ആശീർവാദ പ്രാർഥനക്കും സമ്മാന വിതരണത്തിനും ഫാ. സിജു മുടക്കോടിൽ, ഫാ. അനീഷ് മാവേലി പുത്തൻപുര, ഫാ. തോമസ് താഴപ്പള്ളി എന്നിവർ നേതൃത്വം നൽകി.

രാവിലെ 10 മണിക്കത്തെ വി. കുർബാനക്ക് ശേഷം സീനിയർ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഗ്രാൻഡ് പേരെന്റ്സിനായി നിരവധി വിനോദ പരിപാടികൾ നടത്തപ്പെട്ടു. ജെയിംസ് ആൻഡ് മന്നു തിരുനല്ലിപ്പറമ്പിലിന്റെ നേതൃത്വത്തിൽ ഗ്രാൻഡ്പേരെന്റ്സിനായി നടത്തിയ ആക്ടിവിറ്റി ട്രെയിനിങ് ഏവരുടെയും മുക്തകണ്ഠമായ പ്രശംസ പിടിച്ചു പറ്റി. ആരോഗ്യകരമായ ജീവിതം നയിക്കുന്നതിന് ദിവസേന ഈ ആക്ടിവിറ്റീസ് ചെയ്യുന്നത് വളരെ ഉപകാരപ്പെടുമെന്നു പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

ഈ പരിപാടികളുടെ ക്രമീകരണങ്ങൾക്ക് കൈക്കാരന്മാരായ സേവ്യർ നടുപറമ്പിൽ, സണ്ണി കണ്ണാല, ജോബി പോളക്കൽ. മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ എന്നിവരും നിരവധി വോളന്റീയേഴ്സും നേതൃത്വം നൽകി.

*റോയി ചേലമലയിൽ*

# യാക്കോബായ സഭ അമേരിക്കൻ മലങ്കര അതിഭദ്രാസന 37–ാമത് യൂത്ത് ആന്റ് ഫാമിലി കോൺഫറൻസ് സമാപിച്ചു



ന്യൂജേഴ്സി: യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ മലങ്കര അതിഭദ്രാസനത്തിന്റെ 37-ാമത് യൂത്ത് ആന്റ് ഫാമിലി കോൺഫറൻസ് ന്യൂജേഴ്സിയിലുള്ള ഭദ്രാസന ആസ്ഥാനത്ത് വച്ച് ഇദംപ്രഥമമായി ജൂലായ് 22 മുതൽ 25-ാം തീയതി വരെ നടത്തപ്പെട്ടു. ഈ വർഷത്തെ കോൺഫറൻസ് ജൂലായ് 25ന് യാക്കോബായ സുറിയാനി സഭയുടെ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തയുമായ, ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസ്സേലിയോസ് ജോസഫ് ഒന്നാമൻ ബാവയുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന വിശുദ്ധ കുർബ്ബാനയോടെ സമാപിച്ചു.

സ്ഥാനാരോഹണത്തിന് ശേഷം ആദ്യമായി അമേരിക്കയിൽ എഴുന്നള്ളി വന്ന ശ്രേഷ്ഠ പിതാവിന് ന്യൂയോർക്കിലുള്ള പൊമോണയിൽ വച്ച് നടന്ന ബാങ്കറ്റിൽ അതിവിപുലമായ സ്വീകരണമാണ് നൽകിയത്. അമേരിക്കൻ മലങ്കര അതിഭദ്രാസന മെത്രാപ്പോലീത്തായും പാത്രിയർക്കൽ വികാരിയുമായ അഭിവന്ദ്യ യൽദോ മോർ തീത്തോസ് തിരുമേനി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു. ഭദ്രാസന സെക്രട്ടറി റവ. ഫാദർ പോൾ തോട്ടക്കാട്ട് ശ്രേഷ്ഠ ബാവയേയും, ഓറിയന്റൽ ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് കടന്നുവന്ന അഭിവന്ദ്യ പിതാക്കന്മാരേയും കേരളത്തിലെ വിവിധ ക്രൈസ്തവ സഭകളെ പ്രതിനിധീകരിച്ചു കടന്നുവന്ന സഭാപിതാക്കന്മാരേയും വൈദീകരേയും സന്നിഹിതരായിരുന്ന മറ്റേവരേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

യോഗത്തിൽ അഭിവന്ദ്യ യൂഹാനോൻ മോർ കാവാക്ക് മെത്രാപ്പോലീത്ത (സിറിയക് ഓർത്തഡോക്സ്, ഈസ്റ്റേൺ ഭദ്രാസനം), അഭിവന്ദ്യ ഡോ. അയൂബ് മോർ സിൽവാനിയോസ് മെത്രാപ്പോലീത്ത (ക്നാനായ അതിഭദ്രാസനം), ആസ്ട്രേലിയയിൽ നിന്നുമുള്ള റവ. ഫാദർ ജേക്കബ് ജോസഫ് Ph.D (കീനോട്ട് സ്പീക്കർ), റവ. ഫാദർ ജോസഫ് ഷമ്മാസ് (യൂത്ത് സ്പീക്കർ) എന്നിവർ സംസാരിച്ചു. വിവിധ സഭാ മേലദ്ധ്യക്ഷന്മാർ, കാനഡയിലേയും അമേരിക്കയിലേയും കോർഎപ്പിസ്കോപ്പമാർ, വൈദീകർ, ഭക്തസംഘടനാ ഭാരവാഹികൾ, വിശ്വാസികൾ എന്നിവരും ബാവയുടെ സ്വീകരണ യോഗത്തിൽ പങ്കെടുത്തു. യോഗത്തിൽ പങ്കെടുത്ത ഓറിയന്റൽ ഓർത്തഡോക്സ് സഭയിലെ എല്ലാ മെത്രാപ്പോലീത്തമാർക്കും വിവിധ ക്രൈസ്തവ സഭ മേലദ്ധ്യക്ഷന്മാർക്കും ശ്രേഷ്ഠ ബാവ ഭദ്രാസനത്തിന്റെ സ്നേഹോപഹാരം നൽകി.

ജൂലായ് 24 വെള്ളിയാഴ്ച നടന്ന സാംസ്കാരിക തനിമ വിളിച്ചോതുന്ന ഘോഷയാത്രയും അതിനേത്തുടർന്നുള്ള സമാപന സമ്മേളനവും ശ്രേഷ്ഠ ബാവയുടേയും അഭിവന്ദ്യ മെത്രാപ്പോലീത്തമാരുടേയും കോർഎപ്പിസ്കോപ്പമാരുടേയും വൈദീകരുടേയും വിശ്വാസി സമൂഹത്തിന്റെയും സാന്നിദ്ധ്യം കൊണ്ട് വളരെയേറെ ശ്രദ്ധേയമായിരുന്നു.

സമാപന സമ്മേളനത്തിൽ ഭദ്രാസന ട്രഷറാർ സിമി ജോസഫ് ഏവർക്കും നന്ദി രേഖപ്പെടുത്തി.

സമാപന ദിവസത്തെ വിശുദ്ധ കുർബ്ബാന ശ്രേഷ്ഠ ബാവയുടെ മുഖ്യ കാർമ്മികത്വത്തിലും, അഭിവന്ദ്യ യൽദോ മോർ തീത്തോസ് തിരുമേനിയുടേയും കോറെപ്പിസ്കോപ്പമാരുടേയും വൈദീകരുടേയും സഹകാർമ്മികത്വത്തിലും നടന്നു.

ആത്മീയത നിറഞ്ഞുനിന്ന ഈ കോൺഫറൻസിൽ ദൈവത്തോട് കൂടുതൽ അടുക്കാനും, വിശ്വാസക്കിൽ വളരാനും ഉള്ള തീഷ്ണമായ അർപ്പണ ബോധം നേടിത്തന്നുവെന്ന് കോൺഫറൻസിൽ പങ്കെടുത്ത വിശ്വാസികൾ വിലയിരുത്തി. സർവ്വശക്തനായ ദൈവത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ വർഷത്തെ കുടുംബമേള ന്യൂജേഴ്സിയിലെ ഭദ്രാസന ആസ്ഥാനത്ത് സമാപിച്ചു.

*വർഗീസ് പാലമലയിൽ*

# ക്യൂബൻ കുടിയേറ്റക്കാരെ ഉറുഗ്വായിലേക്ക് മാറ്റാൻ അമേരിക്ക; നീക്കം ശക്തമാക്കി ട്രംപ് ഭരണകൂടം

വാഷിംഗ്ടൺ: ട്രംപ് ഭരണകൂടത്തിന്റെ കടുത്ത കുടിയേറ്റ വിരുദ്ധ നയങ്ങളുടെ ഭാഗമായി ആയിരക്കണക്കിന് ക്യൂബക്കാരാണ് യുണൈറ്റഡ് സ്റ്റേറ്റ്സിൽ നിന്ന് നാടുകടത്തപ്പെടുന്നത്. ഇതിനോടകം തന്നെ മെക്സിക്കോയിലേക്കും ചില ആഫ്രിക്കൻ രാജ്യങ്ങളിലേക്കും ക്യൂബയിലേക്കും നിരവധി ആളുകളെ തിരിച്ചയച്ചിട്ടുണ്ട്. ഇതിനുപുറമേ, നാടുകടത്തപ്പെടുന്ന ക്യൂബക്കാരെ സ്വീകരിക്കാനുള്ള പുതിയ കേന്ദ്രമായി തെക്കേ അമേരിക്കൻ രാജ്യമായ ഉറുഗ്വായിയെ കണ്ടെത്താനുള്ള അവസാനവട്ട ചർച്ചകളിലാണ് യുഎസ് അധികൃതർ.

ക്യൂബൻ കുടിയേറ്റക്കാരുടെ മകനും നിലവിലെ യുഎസ് വിദേശകാര്യ സെക്രട്ടറിയുമായ മാർക്കോ റൂബിയോയുടെ നേതൃത്വത്തിലുള്ള സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ്, കഴിഞ്ഞ ഏതാനും മാസങ്ങളായി ഉറുഗ്വായ് വിദേശകാര്യ മന്ത്രാലയവുമായി ഇത് സംബന്ധിച്ച് ചർച്ചകൾ നടത്തിവരികയാണ്. തെക്കേ അമേരിക്കയിലെ രണ്ടാമത്തെ ചെറിയ രാജ്യമായ ഉറുഗ്വായിയിൽ നിലവിൽ തന്നെ വലിയൊരു ക്യൂബൻ കുടിയേറ്റ സമൂഹം ജീവിക്കുന്നുണ്ട്. തങ്ങളുടെ രാജ്യത്തേക്ക് കൂടുതൽ തൊഴിലാളികളെ ആവശ്യമുള്ളതിനാലും ട്രംപ് ഭരണകൂടത്തിന്റെ രാഷ്ട്രീയ പിന്തുണ ഉറപ്പാക്കാനുമാണ് ഉറുഗ്വായ് ഈ കരാറിന് താല്പര്യം കാണിക്കുന്നതെന്ന് മുതിർന്ന ഉറുഗ്വായൻ ഉദ്യോഗസ്ഥൻ വ്യക്തമാക്കി. അതേസമയം ക്യൂബക്കാരെ പുനരധിവസിപ്പിക്കാൻ മറ്റ് രാജ്യങ്ങളെ കണ്ടെത്തുമ്പോൾ തന്നെ, ക്യൂബക്കാർ സ്വന്തം രാജ്യം വിട്ടോടിപ്പോകാൻ കാരണമായ സാഹചര്യങ്ങൾ കൂടുതൽ വഷളാക്കുകയാണ് അമേരിക്കയെന്ന വിമർശനവും ശക്തമാണ്. വർഷങ്ങളോളമായി നിലനിൽക്കുന്ന യുഎസ് ഉപരോധങ്ങൾക്കും ആഭ്യന്തര ദുരിതങ്ങൾക്കും പുറമേ, അടുത്തിടെ ക്യൂബയിലേക്കുള്ള എണ്ണക്കപ്പലുകൾ തടയുന്ന തരത്തിലുള്ള സാമ്പത്തിക സമ്മർദ്ദ തന്ത്രങ്ങളാണ് ട്രംപ് ഭരണകൂടം സ്വീകരിച്ചിട്ടുള്ളത്.

# 'കമ്മ്യൂണിസ്റ്റ് നേതാക്കൾ ജനങ്ങളെ കൊള്ളയടിച്ച് ശതകോടീശ്വരന്മാരാകുന്നു'; മംദാനിക്കെതിരെ ടെഡ് ക്രൂസ്



വാഷിംഗ്ടൺ: കമ്മ്യൂണിസ്റ്റ് ഭരണാധികാരികൾ ജനങ്ങളെ കൊള്ളയടിച്ച് സ്വന്തം കീശ വീർപ്പിച്ച് ശകോടീശ്വരന്മാരാകുകയാണെന്ന യുഎസ് സെനറ്റർ ടെഡ് ക്രൂസിന്റെ പരാമർശത്തിനെതിരെ കടുത്ത വിമർശനം ഉയരുന്നു. 'കാസ്ട്രോ ഒരു ശകോടീശ്വരനായിരുന്നു, പുടിനും ശകോടീശ്വരനാണ്. കമ്മ്യൂണിസ്റ്റ് ഭരണാധികാരികൾ എപ്പോഴും സമ്പന്നരാണ്. അവർ തങ്ങൾ ഭരിക്കുന്ന ജനങ്ങളെ കൊള്ളയടിച്ചാണ് പണക്കാരാകുന്നത്,' എന്ന് ടെഡ് ക്രൂസ് ആരോപിച്ചു.

ന്യൂയോർക്ക് സിറ്റി മേയർ സോഹ്രാൻ മംദാനിയെ ലക്ഷ്യമിട്ടായിരുന്നു ക്രൂസിന്റെ ഈ ആക്രമണം. മംദാനി കേവലം ഒരു സോഷ്യലിസ്റ്റല്ലെന്നും, തീവ്ര കമ്മ്യൂണിസ്റ്റാണെന്നും ആരോപിച്ച ക്രൂസ്, ഉഗാണ്ടയിൽ മംദാനിക്ക് വലിയ എസ്റ്റേറ്റ് ഉണ്ടെന്നും കുറ്റപ്പെടുത്തി. എന്നാൽ, ടെഡ് ക്രൂസിന്റെ ഈ പരാമർശം വലിയ രീതിയിലുള്ള വിമർശനങ്ങൾക്കാണ് വഴിതുറന്നിരിക്കുന്നത്. യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഉൾപ്പെടെയുള്ള മുതലാളിത്ത നേതാക്കളുടെ ഭീമമായ സ്വത്തിനെക്കുറിച്ച് നിശബ്ദത പാലിച്ചുകൊണ്ടാണ് ക്രൂസ് കമ്മ്യൂണിസ്റ്റ് നേതാക്കളെ മാത്രം വിമർശിക്കുന്നതെന്നാണ് പ്രധാന ആരോപണം. അടുത്തിടെ പുറത്തുവന്ന ഫോർബ്സ് കണക്കുകൾ പ്രകാരം ട്രംപിന്റെ ആസ്തി 6.4 ബില്യൺ ഡോളറാണ്. അധികാരത്തിൽ തിരിച്ചെത്തിയ ശേഷം അദ്ദേഹത്തിന്റെ സ്വത്തിൽ വൻ വർദ്ധനവുണ്ടായെന്നും റിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കുന്നു. ജനാധിപത്യ സോഷ്യലിസ്റ്റ് നിലപാടുകളിലൂടെ ശ്രദ്ധേയനായ മംദാനിയെ ലക്ഷ്യമിട്ടുള്ള ക്രൂസിന്റെ പ്രസ്താവനയ്ക്കെതിരെ വലിയ രാഷ്ട്രീയ ചർച്ചകളാണ് അമേരിക്കയിൽ നടക്കുന്നത്.






# ഫെഡറൽ റിസർവിന്റെ പുതിയ തന്ത്രങ്ങൾ

(മൂന്നാം പേജ് തുടർച്ച)

പോലെ ഉയർത്തുന്നത്. കെവിൻ വാർഷിന്റെ ഈ അനിശ്ചിതത്വം നിറഞ്ഞ നിലപാടുകൾ കാരണം അമേരിക്കൻ പത്ത് വർഷത്തെ ട്രഷറി ബോണ്ട് ഈൽഡുകൾ കുതിച്ചുയരുകയും ആഗോള സാമ്പത്തി ചട്ടക്കൂടുകൾ അസ്ഥിരപ്പെടുകയും ചെയ്തിരിക്കുകയാണ്. ഈ പണനയത്തിന്റെ ആഴത്തിലുള്ള പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള സമഗ്ര വിവരണം താഴെ നൽകുന്നു:

**കെവിൻ വാർഷിന്റെ അനിശ്ചിതത്വ നയങ്ങളും ബോണ്ട് വിപണിയുടെ കടുത്ത അമർഷവും**

അമേരിക്കൻ ബോണ്ട് വിപണി ഫെഡറൽ റിസർവിന്റെ പുതിയ തീരുമാനങ്ങളെ വലിയ സംശയത്തോടെയാണ് നോക്കിക്കാണുന്നത്. ഭാവിയെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ നൽകാതെ വാർഷ് കാത്തുസൂക്ഷിക്കുന്ന രഹസ്യസ്വഭാവം നിക്ഷേപകരിൽ വൻ ആശയക്കുഴപ്പം സൃഷ്ടിക്കുന്നു.

**1. നിലവിലുള്ള നിരക്കുകൾ മാറ്റമില്ലാതെ തുടരുന്ന ഫെഡ് തീരുമാനം**

പണപ്പെരുപ്പം വീണ്ടും നാല് ശതമാനത്തിന് മുകളിലേക്ക് ഉയർന്ന സാഹചര്യത്തിലും പലിശ നിരക്കുകളിൽ അടിയന്തിര മാറ്റം വരുത്താൻ കെവിൻ വാർഷ് തയ്യാറായില്ല. വിപണിയിലെ പണലഭ്യത കുറയ്ക്കാനും പണപ്പെരുപ്പം തടയാനും വൻതോതിലുള്ള പലിശ വർദ്ധനവ് ഉണ്ടാകുമെന്ന നക്ഷേപകരുടെ പ്രതീക്ഷകളെയാണ് ഈ തീരുമാനം തെറ്റിച്ചത്.

**2. പത്ത് വർഷത്തെ ട്രഷറി ബോണ്ട് ഈൽഡുകളിലെ വൻ കുതിച്ചുചാട്ടം**

ഫെഡറൽ റിസർവ് യോഗതീരുമാനം പുറത്തുവന്നതിന് തൊട്ടുപിന്നാലെ അമേരിക്കൻ പത്ത് വർഷത്തെ ട്രഷറി ബോണ്ട് ഈൽഡുകൾ കുതിച്ചുയർന്നു. ഭാവിയിൽ പണപ്പെരുപ്പം നിയന്ത്രണാതീതമാകുമെന്ന ഭയമാണ് നക്ഷേപകരെ ഉയർന്ന പലിശ ലഭിക്കുന്ന സെക്യൂരിറ്റികളലേക്ക് തിരിയാൻ പ്രേരിപ്പിച്ചത്. ഈൽഡുകൾ ഉയർന്നതോടെ ദീർഘകാല വായ്പകളുടെ പലിശ നിരക്കുകൾ വർദ്ധിപ്പിക്കാൻ ബാധ്യസ്ഥരായി.

**3. കമ്മ്യൂണിക്കേഷൻ സ്ട്രാറ്റജിയിലെ കനത്ത പരാജയങ്ങൾ**

മുൻ ഫെഡ് ചെയർമാൻമാരിൽ നിന്നും വ്യത്യസ്തമായി ഭാവിയിലെ പണനയങ്ങളെക്കുറിച്ച് വ്യക്തമായ സൂചനകൾ നൽകാതിരിക്കാൻ കെവിൻ വാർഷ് ശ്രദ്ധിക്കുന്നുണ്ട്. പണപ്പെരുപ്പം തടയാൻ അടുത്ത യോഗത്തിൽ പലിശ കൂട്ടുമോ അതോ കുറയ്ക്കുമോ എന്ന് വ്യക്തമാക്കാതെ 'ഡാറ്റാ ഡിപെൻഡന്റ്' എന്ന പഴയ വാചകം ആവർത്തിക്കുക മാത്രമാണ് അദ്ദേഹം ചെയ്തത്.

**4. ട്രംപ് ഭരണകൂട സമ്മർദ്ദങ്ങളും ഫെഡിന്റെ സ്വതന്ത്ര പദവിയും**

പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ താല്പര്യങ്ങൾക്ക് വഴങ്ങിയാണ് വാർഷ് പലിശ നിരക്കുകൾ കൂട്ടാതിരിക്കുന്നത് എന്ന കടുത്ത ആരോപണവും വിപണിയിൽ ഉയരുന്നുണ്ട്. വ്യവസായ വികസനത്തിനായി പലിശ നിരക്കുകൾ കുറയ്ക്കണമെന്ന് ട്രംപ് നിരന്തരം ആവശ്യപ്പെടുന്ന സാഹചര്യത്തിൽ ഫെഡിന്റെ സ്വതന്ത്രമായ പ്രവർത്തന പദവി അപകടത്തിലാണെന്ന് ബോണ്ട് ട്രേഡർമാർ കരുതുന്നു.

**പലിശ നിരക്കുകൾ കുറയ്ക്കാത്തതുമൂലം അമേരിക്കയിലെ സാധാരണക്കാരായ ജനങ്ങളുടെ ജീവിതത്തിലുണ്ടാകുന്ന ആഘാതങ്ങൾ**

ഫെഡറൽ റിസർവിന്റെ ഈ പണനയങ്ങൾ കേവലം വാൾസ്ട്രീറ്റിൽ മാത്രം ഒതുങ്ങുന്ന ഒന്നല്ല, മറിച്ച് അമേരിക്കയിലെ സാധാരണക്കാരന്റെ ദൈനംദിന ജീവിത ബജറ്റുകളെ നേരിട്ട് തകർക്കുന്നതാണ്.

**1. മോർട്ട്ഗേജ് പലിശ നിരക്കുകളിലെ ഉയർച്ചയും വീട് നിർമ്മാണ തടസ്സങ്ങളും**

ട്രഷറി ബോണ്ട് ഈൽഡുകൾ ഉയർന്നതോടെ അമേരിക്കയിലെ മുപ്പത് വർഷത്തെ മോർട്ട്ഗേജ് പലിശ നിരക്കുകൾ വീണ്ടും ഉയർന്ന നിലവാരത്തലേക്ക് എത്തി. സ്വന്തമായി വീട് വാങ്ങാൻ ആഗ്രഹിക്കുന്ന സാധാരണക്കാർക്ക് വായ്പാ ഗഡുക്കൾ താങ്ങാൻ കഴിയാത്ത അവസ്ഥയാണുള്ളത്. റിയൽ എസ്റ്റേറ്റ് വിപണിയിൽ ആവശ്യക്കാർ കുറഞ്ഞതോടെ പുതിയ ഭവന നിർമ്മാണ പദ്ധതികൾ പകുതിവഴിയിൽ നിലച്ചു.

**2. ക്രെഡിറ്റ് കാർഡ് വായ്പകളിലെ വൻ പലിശ ഭാരങ്ങൾ**

അമേരിക്കൻ കുടുംബങ്ങളുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായ ക്രെഡിറ്റ് കാർഡ് അക്കൗണ്ടുകളിലെ വാർഷിക പലിശ നിരക്കുകൾ ഇരുപത്തിയഞ്ച് ശതമാനത്തിന് മുകളിലാണ് തുടരുന്നത്. ഫെഡറൽ റിസർവ് നിരക്കുകൾ കുറയ്ക്കാത്തത് കാരണം ബാങ്കുകൾ ഉയർന്ന പലിശ തന്നെയാണ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നത്. പ്രതിമാസം ക്രെഡിറ്റ് കാർഡ് കുടിശ്ശികകൾ അടച്ചുതീർക്കാൻ കഴിയാതെ ദശലക്ഷക്കണക്കിന് മനുഷ്യർ കടുത്ത കടക്കെണിയിലേക്ക് തള്ളപ്പെടുന്നുണ്ട്.

**3. നിത്യോപയോഗ സാധനങ്ങളുടെ നിരന്തരമായ വിലക്കയറ്റം**

പണപ്പെരുപ്പം ഉയർന്ന നിലയിൽ തുടരുന്നത് സൂപ്പർമാർക്കറ്റുകളിൽ ഭക്ഷ്യവസ്തുക്കളുടെയും പാൽ ഉൽപ്പന്നങ്ങളുടെയും വില വർദ്ധിക്കാൻ കാരണമാകുന്നു. വാടകയിനത്തിലും ഗതാഗതത്തിനായുള്ള ഇന്ധനത്തിലും ഉണ്ടാകുന്ന തുക വർദ്ധനവ് സാധാരണ തൊഴിലാളികളുടെ മാസ വരുമാനത്തിന്റെ വലിയൊരു പങ്കും കവർന്നെടുക്കുകയാണ്.

**4. ചെറുകിട വ്യവസായങ്ങളുടെ തകർച്ചയും തൊഴിലില്ലായ്മ ഭീഷണിയും**

ഉയർന്ന നിരക്കുകളിൽ ബാങ്ക് വായ്പകൾ എടുത്ത് ബിസിനസ്സ് മുന്നോട്ടു കൊണ്ടുപോകാൻ ചെറുകിട സ്ഥാപനങ്ങൾക്കാകുന്നില്ല. വായ്പാ ലഭ്യത കുറഞ്ഞതോടെ പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നത് അമേരിക്കൻ കമ്പനികൾ പൂർണ്ണമായി നിർത്തിവെച്ചു. ചെലവ്ചുരുക്കലിന്റെഭാഗമായിപ്രമുഖസ്ഥാപനങ്ങൾ ജീവനക്കാരെ പിരിച്ചുവിടാൻ തുടങ്ങിയത് തൊഴിലില്ലായ്മ നിരക്കുകൾ വീണ്ടും വർദ്ധിക്കാൻ ഇടയാക്കും.

**ആഗോള സാമ്പത്തിക വ്യവസ്ഥയിൽ ഉണ്ടാകുന്ന പ്രതിഫലനങ്ങളും ഏഷ്യൻ വിപണികളും**

അമേരിക്കൻ സെൻട്രൽ ബാങ്കിന്റെ അനിശ്ചിതത്വം ലോകത്തെ എല്ലാ പ്രധാന സാമ്പത്തിക വിപണികളിലും കടുത്ത തരംഗങ്ങളാണ് ഉണ്ടാക്കുന്നത്.

**1. അമേരിക്കൻ ഡോളറിന്റെ കരുത്തും വികസ്വര രാജ്യങ്ങളിലെ നാണയ തകർച്ചയും**

അമേരിക്കയിൽ പലിശ നിരക്കുകൾ ഉയർന്ന നിലയിൽ തുടരുന്നതിനാൽ ആഗോള നക്ഷേപകർ തങ്ങളുടെ പണം ഡോളർ അക്കൗണ്ടുകളലേക്ക് മാറ്റുകയാണ്. ഇത് അന്താരാഷ്ട്ര വിപണിയിൽ അമേരിക്കൻ ഡോളറിന്റെ മൂല്യം വൻതോതിൽ ഉയർത്താൻ കാരണമായി. ഇതിന് പകരമായി ഇന്ത്യൻ രൂപ ഉൾപ്പെടെയുള്ള വികസിച്ചുവരുന്ന ഏഷ്യൻ നാണയങ്ങളുടെ മൂല്യത്തിൽ കടുത്ത ഇടിവാണ് ഉണ്ടാകുന്നത്.

**2. വിദേശ പോർട്ട്ഫോളയോ നിക്ഷേപങ്ങളുടെ പിൻവലിക്കലുകൾ**

അമേരിക്കൻ ബോണ്ടുകളിൽ നിന്നും ഉയർന്ന ആദായം ലഭിക്കുമ്പോൾ, റിസ്ക് കൂടുതലുള്ള ഇന്ത്യൻ ഓഹരി വിപണികളിൽ നിന്നും മറ്റ് ഏഷ്യൻ കമ്പോളങ്ങളിൽ നിന്നും വദേശ നക്ഷേപകർ വൻതോതിൽ പണം പിൻവലിക്കുകയാണ്. കഴിഞ്ഞ ഏതാനും ആഴ്ചകൾക്കുള്ളിൽ ശതകോടികളുടെ നിക്ഷേപമാണ് ഇന്ത്യൻ ഷെയർ മാർക്കറ്റിൽ നിന്നും പുറത്തേക്ക് പോയത്. ഇത് ബോംബെ ഓഹരി സൂചികയിൽ വലിയ ഇടിവുണ്ടാക്കാനും തദ്ദേശീയ നിക്ഷേപകരുടെ സമ്പാദ്യം ഇല്ലാതാക്കാനും ഇടയാക്കി.

**3. ആഗോള സെൻട്രൽ ബാങ്കുകൾ നേരിടുന്ന കടുത്ത നയതന്ത്ര കെണികൾ**

യൂറോപ്യൻ സെൻട്രൽ ബാങ്കും ബാങ്ക് ഓഫ് ഇംഗ്ലണ്ടും ബാങ്ക് ഓഫ് ജപ്പാനും സ്വന്തം രാജ്യങ്ങളിൽ പലിശ നിരക്കുകൾ എങ്ങനെ നിശ്ചയിക്കണം എന്നറിയാതെ പ്രതിസന്ധിയിലാണ്. ഫെഡറൽ റിസർവ് നിലപാടുകൾ വ്യക്തമാക്കാത്ത സാഹചര്യത്തിൽ അനാവശ്യമായി പലിശ കുറയ്ക്കുന്നത് സ്വന്തം നാണയങ്ങളുടെ തകർച്ചയ്ക്ക് വഴിവെക്കും.

**4. വികസ്വര രാഷ്ട്രങ്ങളിലെ വിദേശ കടബാധ്യതകൾ**

ഡോളർ മൂല്യം വർദ്ധിച്ചതോടെ വൻതോതിൽ വദേശ വായ്പകൾ എടുത്തിട്ടുള്ള പാവപ്പെട്ട രാഷ്ട്രങ്ങൾക്ക് കടം തിരികെ വീട്ടുക എന്നത് അസാധ്യമായി മാറി. തങ്ങളുടെ ആഭ്യന്തര വരുമാനത്തിന്റെ ഭൂരിഭാഗവും ഡോളർ തിരിച്ചടവുകൾക്കായി നൽകേണ്ടിവരുന്നത് ഈ രാജ്യങ്ങളിലെ വികസന പ്രവർത്തനങ്ങളെ പൂർണ്ണമായി തടസ്സപ്പെടുത്തുന്നു.

**തുടരുന്ന ആഗോള യുദ്ധങ്ങളും പണപ്പെരുപ്പത്തിന്റെ പുതിയ തലങ്ങളും**

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന സൈനിക പോരാട്ടങ്ങൾ പണപ്പെരുപ്പം വർദ്ധിപ്പിക്കുന്നതിൽ എണ്ണയൊഴിക്കുന്ന പങ്കാണ് വഹിക്കുന്നത്.

**1. യുഎസ്-ഇറാൻ യുദ്ധവും ഊർജ്ജ വിപണിയിലെ തകർച്ചകളും**

പശ്ചിമേഷ്യയിൽ അമേരിക്കയും ഇറാന്നും തമ്മിൽ നീണ്ടുനിൽക്കുന്ന സൈനിക പോരാട്ടങ്ങൾ ആഗോള ഇന്ധന വിപണിയെ കടുത്ത പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. ഹോർമുസ് കടലിടുക്കിലെ ഉപരോധ ഭീഷണികൾ കാരണം ബ്രെന്റ് ക്രൂഡ് ഓയിൽ വില അനിയന്ത്രിതമായി കുതിച്ചുയരുകയാണ്. ഊർജ്ജ വില ഉയരുന്നത് എല്ലാ ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനഗതാഗത ചെലവുകൾ വർദ്ധിപ്പിക്കുന്നു.

**2. സൈനിക ബജറ്റുകളിലെ വൻ കുതിച്ചുചാട്ടവും കടബാധ്യതകളും**

ഉക്രെയ്ൻ, പശ്ചമേഷ്യൻ യുദ്ധങ്ങൾക്കായി ശതകോടികളുടെ ആയുധങ്ങളാണ് അമേരിക്കയും മറ്റ് വൻശക്തികളും ദിനംപ്രതി നിർമ്മിക്കുന്നത്. യുദ്ധങ്ങൾക്കായി അമേരിക്കൻ ഭരണകൂടം വൻതോതിൽ കടമെടുക്കുന്നത് ഫെഡറൽ കമ്മി നികത്താൻ ബോണ്ടുകൾ കൂടുതൽ വിറ്റഴിക്കാൻ കാരണമാകുന്നു. വിപണിയിൽ ട്രഷറി ബോണ്ടുകളുടെ എണ്ണം പെരുകുന്നത് അവയുടെ മൂല്യം കുറയ്ക്കുകയും ഈൽഡുകൾ കൂടുതൽ ഉയർത്തുകയും ചെയ്യുന്നു. ഈ സൈനിക ചെലവുകൾ പണപ്പെരുപ്പത്തെ കൂടുതൽ സങ്കീർണ്ണമാക്കുകയാണ്.

**3. ആഗോള വിതരണ ശൃംഖലകളിലെ പുനഃസംഘടനകൾ**

സമുദ്ര പാതകളിലെ ആക്രമണങ്ങളും നയതന്ത്ര ഉപരോധങ്ങളും കാരണം വദേശ ചരക്കുനീക്കങ്ങൾ വൻതോതിൽ വൈകുകയാണ്. വസ്തുക്കളുടെ ക്ഷാമം വിപണിയിൽ കൃത്രിമ വിലക്കയറ്റം ഉണ്ടാക്കാൻ കാരണമാകുന്നു. ഉൽപ്പാദന ആവശ്യങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കൾ കൃത്യസമയത്ത് ലഭിക്കാത്തത് ലോകമെമ്പാടുമുള്ള ഫാക്ടറികളുടെ പ്രവർത്തനം നിശ്ചലമാക്കുന്നു. വിതരണ ശൃംഖലകളിലെ ഈ തടസ്സങ്ങൾ ഉള്ളിടത്തോളം കാലം പണപ്പെരുപ്പം താഴ്ന്നുപോകില്ല എന്ന് സാമ്പത്തിക വിദഗ്ദ്ധർ ഉറപ്പിച്ചുപറയുന്നു.

**4. നയതന്ത്ര തലത്തിലെ പുനർചിന്തനങ്ങളുടെ അടിയന്തിര ആവശ്യകത**

യുദ്ധങ്ങൾ തുടരുകയും പണപ്പെരുപ്പം ഉയർന്ന നിലയിൽ നിൽക്കുകയും ചെയ്യുന്നത് ലോകസമാധാനത്തിന് കടുത്ത വെല്ലുവിളിയാണ്. അനാവശ്യ സൈനിക അധിനവേശങ്ങൾ അവസാനിപ്പിച്ച് വാണിജ്യ പാതകൾ സമാധാനപരമായി പുനഃസ്ഥാപിച്ചാൽ മാത്രമേ ലോക സാമ്പത്തിക രംഗത്തിന് തിരികെ വരാൻ സാധിക്കൂ. അമേരിക്കൻ ഫെഡറൽ റിസർവും രാഷ്ട്രീയ നേതൃത്വങ്ങളും പ്രായോഗികമായ സാമ്പത്തിക നയങ്ങൾ സ്വീകരിച്ചില്ലെങ്കിൽ വിനാശകരമായ ഒരു ആഗോള സാമ്പത്തിക മാന്ദ്യത്തെയായിരിക്കും ലോകത്തിന് നേരടേണ്ടി വരിക.

ഫെഡറൽ റിസർവ് ചെയർമാൻ കെവിൻ വാർഷിന്റെ ഈ പുതിയ പണനയങ്ങൾ അമേരിക്കൻ സാമ്പത്തിക ലോകത്തെ കടുത്ത പ്രതിസന്ധിയലേക്കാണ് നയിക്കുന്നത്. പണപ്പെരുപ്പം തടയുന്നതിൽ ഫെഡ് പരാജയപ്പെട്ടാൽ അത് ആഗോള തലത്തിൽ വൻ സാമ്പത്തിക മാന്ദ്യത്തിന് വഴിയൊരുക്കും.

# വരുന്നത് വൻ പ്രീമിയം വർധനവ്

(മൂന്നാം പേജ് തുടർച്ച)

പദ്ധതിയിലെ ഈ സബ്സിഡികളുടെ കാലാവധി നടപ്പ് വർഷത്തിന്റെ അവസാനത്തോടെ പൂർത്തിയാകും. പുതിയ മാറ്റങ്ങൾ 2027 ലാണ് പ്രാബല്യത്തിൽ വരികയെങ്കിലും, വരാനിരിക്കുന്ന ശരത്കാലത്തോടെ തന്നെ ഉപഭോക്താക്കൾക്ക് തങ്ങളുടെ പുതിയ പ്രതിമാസ ഇൻഷുറൻസ് നിരക്കുകൾ അറിയാൻ സാധിക്കുമെന്ന് അധികൃതർ വ്യക്തമാക്കി.

ആരോഗ്യ നയങ്ങൾ അപഗ്രഥിക്കുന്ന പ്രമുഖ സംഘടനയായ കെ.എഫ്.എഫിന്റെ കണക്കനുസരിച്ച്, നിലവിൽ ഉപഭോക്താക്കൾക്ക് പ്രതിമാസം ശരാശരി 36 ഡോളർ നിരക്കിൽ ഇൻഷുറൻസ് ലഭ്യമാക്കാൻ സർക്കാർ കോടിക്കണക്കിന് ഡോളറാണ് സബ്സിഡിയായി കമ്പനികൾക്ക് നൽകിവരുന്നത്. ഇത് നിർത്തലാക്കുന്നതോടെ വരും വർഷങ്ങളിൽ പകുതിയിലധികം ഉപഭോക്താക്കളുടെയും മരുന്നുചിലവിലും മാസംതോറുമുള്ള പ്രീമിയത്തിലും വർധനവുണ്ടാകും. ചിലർക്ക് പ്രതിമാസം 20 ഡോളർ വരെ അധികമായി ചിലവഴക്കേണ്ടി വരുമെന്നാണ് വിദഗ്ദ്ധരുടെ വിലയിരുത്തൽ.

അതേസമയം ഇടക്കാല തിരഞ്ഞെടുപ്പ് മുന്നിൽനിൽക്കെ, രാജ്യത്ത് ആരോഗ്യപരിപാലന ചിലവുകൾ വലിയൊരു രാഷ്ട്രീയ ചർച്ചയായി മാറിയിട്ടുണ്ട്. വൻകിട മരുന്ന് കമ്പനികളെ സഹായിക്കാനും സാധാരണക്കാരുടെ പ്രീമിയം വർധിപ്പിക്കാനുമാണ് ബൈഡന്റെ ഇൻഫ്ലേഷൻ റിഡക്ഷൻ ആക്ട് സഹായിച്ചതെന്ന് ട്രംപ് ഭരണകൂടം ആരോപിക്കുമ്പോൾ, ഈ നിയമം വഴി മരുന്ന് കമ്പനികളുമായി ചർച്ച നടത്തി മരുന്നു വില കുറയ്ക്കാൻ സാധിച്ചുവെന്നാണ് ബൈഡൻ അനുകൂലികളുടെ വാദം. എന്നാൽ ഇൻഷുറൻസ് വിപണി നിലവിൽ സുസ്ഥിരമാണെന്നും ഇനി ഇത്തരമൊരു ബെയ്ല്ഔട്ടിന്റെ ആവശ്യമായി വരുന്നില്ലെന്നും ഡോ. മെഹ്മത് ഓസ് വ്യക്തമാക്കുന്നു.

ഭൂരിഭാഗം മെഡികെയർ ഉപഭോക്താക്കൾക്കും പ്രീമിയത്തിൽ 10 ഡോളറിൽ താഴെ മാത്രമേ വർധനവുണ്ടാകൂ എന്നും പലർക്കും തുക മുൻപത്തേക്കാൾ കുറയാൻ സാധ്യതയുണ്ടെന്നും അദ്ദേഹം കൂട്ടച്ചേർത്തു. കൂടാതെ വദേശ രാജ്യങ്ങളിലെ കുറഞ്ഞ നിരക്കുകൾ അമേരിക്കയിലും ലഭ്യമാക്കുന്ന മോസ്റ്റ് ഫേവേർഡ് നേഷൻ കരാറുകളിലൂടെയും, ജി.എൽ.പി1 മരുന്നുകൾ പ്രതിമാസം 50 ഡോളറിന് ലഭ്യമാക്കുന്ന പദ്ധതികളിലൂടെയും ഔഷധ വില കുറയ്ക്കാനുള്ള നടപടികൾ സർക്കാർ തുടരുമെന്നും അദ്ദേഹം ഉറപ്പ് നൽകി.

വിപണിയിലെ കൃത്രിമ ഇടപെടലുകൾ അവസാനിപ്പിച്ച് ഇൻഷുറൻസ് മേഖലയെ സ്വയം പര്യാപ്തമാക്കുകയാണ് തീരുമാനത്തിന് പിന്നിലെന്ന് ട്രംപ് ഭരണകൂടം വാദിക്കുമ്പോഴും, വരാനിരിക്കുന്ന മാറ്റങ്ങളിൽ സാധാരണക്കാരായ മുതിർന്ന പൗരന്മാർ വലിയ ആശങ്കയിലാണ്. ജീവിതച്ചിലവുകൾ കുതിച്ചുയരുന്ന സാഹചര്യത്തിൽ, മരുന്നുകൾക്കായി കൂടുതൽ തുക മാറ്റിവെക്കേണ്ടി വരുന്നത് അമേരിക്കയിലെ ലക്ഷക്കണക്കിന് കുടുംബങ്ങളുടെ കുടുംബ ബജറ്റിനെ താളംതെറ്റിക്കുമെന്ന കാര്യത്തിൽ സംശയമില്ല.



# നിറങ്ങൾ മാറിയെങ്കിലും... വിശ്വാസത്തിന് ഇന്നും ഒരേ നിറം

Pulimoottil SILKS

102 YEARS 1924 -2026

ഒരു വസ്ത്രം തിരഞ്ഞെടുക്കുമ്പോൾ ആളുകൾ അന്വേഷിക്കുന്നത് നിറവും ഡിസൈനും മാത്രമല്ല, ആ വസ്ത്രത്തോടൊപ്പം ലഭിക്കുന്ന വിശ്വാസവും കരുതലുമാണ്. അതുകൊണ്ടാണ് ചില സ്ഥാപനങ്ങൾ ഒരു സ്ഥാപനമായി മാത്രം നിൽക്കാതെ തലമുറകളുടെ ഓർമ്മകളുടെ ഭാഗമായി മാറുന്നത്. മലയാളികളുടെ മനസ്സിൽ അത്തരമൊരു സ്ഥാനമാണ് ഒരു നൂറ്റാണ്ടിലേറെയായി പുളിമൂട്ടിൽ സിൽക്സ് സ്വന്തമാക്കിയിരിക്കുന്നത്.

1916-ൽ ഉദയംപേരൂരിൽ നിന്ന് തൊടുപുഴയിലേക്ക് കുടിയേറിയ ചാക്കോ ഔസേഫ് കണ്ട സ്വപ്നത്തിന് ഇന്ന് 102 വർഷങ്ങളുടെ നിറവാണ്. 1924ൽ ആരംഭിച്ച ഒരു ചെറിയ ജൗളിക്കടയിൽ വിതച്ച വിശ്വാസത്തിന്റെ വിത്ത് ഇന്ന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി ശാഖകൾ വിരിച്ച പുളിമൂട്ടിൽ സിൽക്സ് എന്ന മഹാവൃക്ഷമായി വളർന്നിരിക്കുന്നു.

## കാലം മാറി... മൂല്യങ്ങൾ മാറിയില്ല

ഫാഷൻ മാറി, ജീവിതശൈലികൾ മാറി, ഉപഭോക്താക്കളുടെ പ്രതീക്ഷകൾ മാറി, എന്നാൽ ഗുണനിലവാരത്തിലും ആത്മാർത്ഥമായ സേവനത്തിലും ഉപഭോക്താവുമായുള്ള ബന്ധത്തിലും പുളിമൂട്ടിൽ സിൽക്സ് ഇന്നും അതേ മൂല്യങ്ങളാണ് പിന്തുടരുന്നത്. അതാണ് ഈ സ്ഥാപനത്തിന്റെ യഥാർത്ഥ പാരമ്പര്യവും ഏറ്റവും വലിയ ശക്തിയും.

## പാരമ്പര്യവും പുതുമയും കൈകോർക്കുമ്പോൾ

ഇന്ന് തൊടുപുഴ, കോട്ടയം, തൃശ്ശൂർ, കൊല്ലം, തിരുവല്ല, പാലാ, കൊച്ചി, അടൂർ എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന പുളിമൂട്ടിൽ സിൽക്സിന്റെ എല്ലാ ഷോറൂമുകളും സ്ഥാപകൻ ചാക്കോ ഔസേഫിന്റെ ചെറുമക്കളുടെ നേതൃത്വത്തിലാണ് മുന്നേറുന്നത്. മുൻതലമുറ കൈമാറിയ വിശ്വാസവും മൂല്യങ്ങളും അതേപടി കാത്തുസൂക്ഷിച്ചുകൊണ്ട്, പുതിയ തലമുറയുടെ ദീർഘദർശനവും ആധുനിക വ്യാപാരരീതികളും സാങ്കേതികവിദ്യയും കൂട്ടിച്ചേർത്ത് ബ്രാൻഡിനെ കൂടുതൽ ഉയരങ്ങളിലേക്ക് അവർ നയിക്കുകയാണ്.

## വിശ്വാസത്തിന്റെ തിരിച്ചുവരവ്

ഒരു കുടുംബത്തിലെ ആദ്യ വിവാഹത്തിനായി പുളിമൂട്ടിൽ സിൽക്സിൽ എത്തിയവർ, പിന്നീട് മക്കളുടെ വിവാഹത്തിനും കൊച്ചുമക്കളുടെ ആദ്യ ഓണത്തിനുമുള്ള വസ്ത്രങ്ങൾ വാങ്ങാനും വീണ്ടും അതേ സ്ഥാപനത്തിലേക്ക് എത്തുന്നു. ഈ തിരിച്ചുവരവിന് കാരണം വലിയ പരസ്യങ്ങളോ ഓഫറുകളോ അല്ല. തലമുറകളിലൂടെ കൈമാറപ്പെട്ട വിശ്വാസമാണ്.

## ഒരു സ്ഥാപനമല്ല... ഒരു കുടുംബം

102 വർഷങ്ങളുടെ ഈ യാത്രയിൽ 2000-ത്തിലധികം ജീവനക്കാർ പുളിമൂട്ടിൽ സിൽക്സ് കുടുംബത്തിന്റെ ഭാഗമായി മാറിയിട്ടുണ്ട്. ഇന്ന് പുളിമൂട്ടിൽ സിൽക്സ് ഒരു വ്യാപാരസ്ഥാപനം മാത്രമല്ല, ആയിരക്കണക്കിന് കുടുംബങ്ങളുടെ ഉപജീവനത്തിനും സ്വപ്നങ്ങൾക്കും കരുത്തേകുന്ന ഒരു പ്രസ്ഥാനമാണ്.

## ഓരോ ആഘോഷത്തിനും അനുയോജ്യമായത്

വിവാഹ പട്ടുകൾ മുതൽ ആഘോഷ വസ്ത്രങ്ങൾ വരെ... കേരളീയ പാരമ്പര്യം മുതൽ ആഗോള ഫാഷൻ ട്രെൻഡുകൾ വരെ... കുടുംബത്തിലെ ഓരോ അംഗത്തിനും അനുയോജ്യമായ മികച്ച തിരഞ്ഞെടുപ്പുകൾ ഒരേ കുടക്കീഴിൽ ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് പുളിമൂട്ടിൽ സിൽക്സ് മുന്നേറുന്നത്. ഗുണനിലവാരത്തിൽ വിട്ടുവീഴ്ച ചെയ്യാതെ ഓരോ ഉപഭോക്താവിനും സന്തോഷകരമായ ഷോപ്പിംഗ് അനുഭവം സമ്മാനിക്കുക എന്നതാണ് എന്നും സ്ഥാപനത്തിന്റെ പ്രതിബദ്ധത

"ഒരു സ്ഥാപനത്തിനെ വിജയത്തിലേക്ക് നയിക്കുന്നത് പുതിയ ഷോറൂമുകളുടെ എണ്ണം അല്ല... അത് വീണ്ടും വീണ്ടും തിരിച്ചെത്തുന്ന ഉപഭോക്താക്കളാണ്... ആ തിരിച്ചുവരവാണ് പുളിമൂട്ടിൽ സിൽക്സിന്റെ ഏറ്റവും വലിയ അംഗീകാരം!"

– LATE ഷെ. ഔസേഫ് ചാക്കോ പുളിമൂട്ടിൽ
& LATE ഔസേഫ് ജോൺ പുളിമൂട്ടിൽ
(ഞങ്ങളുടെ മാർഗ്ഗദർശകർ)



# വിമാനങ്ങൾ തമ്മിൽ കൂട്ടിയിടി ഒഴിവായത് തലനാരിഴയ്ക്ക്; അമേരിക്കയിലെ റൺവേ അപകടസാധ്യത ഉയരുന്ന വിമാനത്താവളങ്ങൾ ഇവയാണ്

വാഷിങ്ടൺ: അമേരിക്കയിലെ ഏറ്റവും തിരക്കേറിയ വിമാനത്താവളങ്ങളിലൊന്നായ ഹാർട്സ്ഫീൽഡ്ജാക്സൺ അറ്റ്ലാന്റ അന്താരാഷ്ട്ര വിമാനത്താവളത്തിൽ രണ്ട് യാത്രാവിമാനങ്ങൾ തമ്മിൽ തലനാരിഴയ്ക്ക് കൂട്ടിയിടി ഒഴിവായ സംഭവം റൺവേ സുരക്ഷയെക്കുറിച്ചുള്ള ആശങ്ക വീണ്ടും ഉയർത്തി. വിമാനങ്ങൾ സുരക്ഷിതമായി രക്ഷപ്പെട്ടെങ്കിലും സംഭവത്തിൽ ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷൻ അന്വേഷണം ആരംഭിച്ചിട്ടുണ്ട്.



ന്യൂസ്വീക്ക് നടത്തിയ വിശകലനത്തിൽ, 2001 മുതൽ 2026 പകുതിവരെ അമേരിക്കയിലെ 530 വിമാനത്താവളങ്ങളിലായി 35,308 റൺവേ ഇൻകർഷൻ സംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് എഅഅയുടെ കണക്കുകൾ വ്യക്തമാക്കുന്നു.

### റൺവേ ഇൻകർഷൻ എന്താണ്?

റൺവേയിൽ അനുമതിയില്ലാതെ ഒരു വിമാനം, വാഹനം, അല്ലെങ്കിൽ വ്യക്തി പ്രവേശിക്കുന്ന സംഭവങ്ങളെയാണ് റൺവേ ഇൻകർഷൻ എന്ന് വിളിക്കുന്നത്. ചിലത് ചെറിയ പിഴവുകളായിരിക്കുമ്പോൾ, ചില സംഭവങ്ങളിൽ കൂട്ടിയിടി തലനാരിഴയ്ക്ക് ഒഴിവാകുന്ന ഗുരുതര സാഹചര്യമുണ്ടാകാറുണ്ട്.

FAAയുടെ കണക്കുകൾ പ്രകാരം, 2025ൽ റൺവേ ഇൻകർഷൻ സംഭവങ്ങൾ 8 ശതമാനം കുറഞ്ഞു. 2020നുശേഷമുള്ള ഏറ്റവും കുറഞ്ഞ നിരക്കാണിത്. വിമാനത്താവളങ്ങളിൽ പുതിയ സുരക്ഷാ സാങ്കേതികവിദ്യകൾ നടപ്പാക്കിയതും ബോധവത്കരണ പ്രവർത്തനങ്ങളും ഇതിന് കാരണമായെന്ന് FAA അറിയിച്ചു.

### റൺവേ ഇൻകർഷൻ സംഭവങ്ങൾ കൂടുതലായി രേഖപ്പെടുത്തിയ പ്രധാന വിമാനത്താവളങ്ങൾ:

ഷിക്കാഗോ ഒ'ഹെയർ അന്താരാഷ്ട്ര വിമാനത്താവളം, ലോസ് ആഞ്ചലസ് അന്താരാഷ്ട്ര വിമാനത്താവളം, ഷാർലറ്റ് ഡഗ്ലസ് അന്താരാഷ്ട്ര വിമാനത്താവളം, ബോസ്റ്റൺ ലോഗൻ അന്താരാഷ്ട്ര വിമാനത്താവളം, ഹാർട്സ്ഫീൽഡ്ജാക്സൺ അറ്റ്ലാന്റ അന്താരാഷ്ട്ര വിമാനത്താവളം. ഇവയോടൊപ്പം തിരക്കേറിയ ജനറൽ ഏവിയേഷൻ വിമാനത്താവളങ്ങളും പട്ടികയിലുണ്ട്.

### അറ്റ്ലാന്റയിൽ എന്താണ് സംഭവിച്ചത്?

ജൂലൈ 27ന്, അറ്റ്ലാന്റ വിമാനത്താവളത്തിൽ ഡെൽറ്റ എയർ ലൈൻസ് കമ്പനിയുടെ രണ്ട് വിമാനങ്ങൾ തമ്മിൽ അപകടസാധ്യതയുണ്ടായി. ലാൻഡ് ചെയ്യാനെത്തിയ വിമാനം റൺവേ ഒഴിയാൻ വൈകിയ മറ്റൊരു വിമാനം കാരണം ലാൻഡിങ് ഉപേക്ഷിച്ചു . ഇതിനിടെ പുറപ്പെടാനൊരുങ്ങിയ മറ്റൊരു ഡെൽറ്റ വിമാനത്തോടും അത് അപകടകരമായ അകലത്തിൽ എത്തിയതോടെ വിമാനങ്ങളിലെ കൂട്ടിയിടി മുന്നറിയിപ്പ് സംവിധാനം പ്രവർത്തിച്ചു. രണ്ട് വിമാനങ്ങളും പിന്നീട് സുരക്ഷിതമായി ലാൻഡ് ചെയ്തു. ആർക്കും പരിക്കേറ്റില്ല.

അമേരിക്കയിലെ വിവിധ വിമാനത്താവളങ്ങളിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടെ ഇത്തരത്തിൽ നിരവധി ശ്രദ്ധേയ സംഭവങ്ങളുണ്ടായി.

**2026 മാർച്ച്:** ലാ ഗാർഡിയ വിമാനത്താവളം - എയർ കാനഡ എക്സ്പ്രസ് വിമാനം റൺവേയിൽ അഗ്നിശമന വാഹനവുമായി കൂട്ടിയിടിച്ചു. രണ്ട് പൈലറ്റുമാർ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റു.

**2024 ഓഗസ്റ്റ്: അറ്റ്ലാന്റ** – ഡെൽറ്റ എയർ ലൈൻസ് വിമാനവും വിർജിൻ അറ്റ്ലാന്റിക് വിമാനവും ടാക്സിവേയിൽ കൂട്ടിയിടിച്ചു. 600ലധികം യാത്രക്കാരും ജീവനക്കാരും ഉണ്ടായിരുന്നെങ്കിലും ആർക്കും പരിക്കില്ല.

**2024 ഫെബ്രുവരി:** ബോസ്റ്റൺ ലോഗൻ വിമാനത്താവളം - ജെറ്റ്ബ്ലൂ കമ്പനിയുടെ രണ്ട് വിമാനങ്ങൾ കൂട്ടിയിടിച്ചു.

**2026 ജൂൺ:** ബോസ്റ്റണിൽ മറ്റൊരു വിമാനം റൺവേയിലേക്ക് പ്രവേശിച്ചതിനെ തുടർന്ന് ഡെൽറ്റ വിമാനം ലാൻഡിങ് അവസാന നിമിഷം ഉപേക്ഷിച്ച് അപകടം ഒഴിവാക്കി.

**2025 ഫെബ്രുവരി:** ഷിക്കാഗോ മിഡ്വേ വിമാനത്താവളം - സൗത്ത് വെസ്റ്റ് എയർലൈൻസ് വിമാനം മറ്റൊരു വിമാനം റൺവേയിൽ പ്രവേശിച്ചതിനെ തുടർന്ന് ഗോഅറൗണ്ട് നടത്തി അപകടം ഒഴിവാക്കി.

**2025 ജനുവരിയിൽ**, റൊണാൾഡ് റീഗൻ വാഷിങ്ടൺ നാഷണൽ വിമാനത്താവളത്തിന് സമീപം അമേരിക്കൻ ഈഗിൾ റീജിയണൽ ജെറ്റും അമേരിക്കൻ സൈന്യത്തിന്റെ ഹെലികോപ്റ്ററും കൂട്ടിയിടിച്ച് 67 പേർ മരിച്ചു.

ഈ അപകടത്തിൽ ഹെലികോപ്റ്റർ റൂട്ടുകൾ കൈകാര്യം ചെയ്ത രീതിയിൽ FAA-യ്ക്ക് വീഴ്ചയുണ്ടായിരുന്നുവെന്ന് നാഷണൽ ട്രാൻസ്പോർട്ടേഷൻ സേഫ്റ്റി ബോർഡ് കണ്ടെത്തിയിരുന്നു.

വിമാനാപകടങ്ങളെ അപേക്ഷിച്ച് റൺവേ ഇൻകർഷൻ സംഭവങ്ങൾ കൂടുതലാണെങ്കിലും, അവയിൽ വളരെ കുറച്ചെണ്ണം മാത്രമാണ് അപകടങ്ങളിലേക്കോ പരിക്കുകളിലേക്കോ നയിക്കുന്നത്.

NTSB ചെയർപേഴ്സൺ ജെന്നിഫർ ഹോമൻഡി അടുത്തിടെ നടത്തിയ സുരക്ഷാ ചർച്ചയിൽ, ഗുരുതരമായ Category A, Category B റൺവേ ഇൻകർഷൻ സംഭവങ്ങൾ വർധിച്ചുവരുന്നതായി ചൂണ്ടിക്കാട്ടി. വിമാനത്താവളങ്ങളിലെ സുരക്ഷ കൂടുതൽ ശക്തമാക്കാൻ അധിക നടപടികൾ ആവശ്യമാണെന്നും അവർ അഭിപ്രായപ്പെട്ടു.

വിദഗ്ധരുടെ അഭിപ്രായത്തിൽ, കൂടുതൽ സംഭവങ്ങൾ രേഖപ്പെടുത്തിയ വിമാനത്താവളങ്ങൾ അപകടസാധ്യത കൂടുതലുള്ളവയാണെന്നല്ല അർഥം. ഷിക്കാഗോ, അറ്റ്ലാന്റ, ലോസ് ആഞ്ചലസ്, ഷാർലറ്റ് തുടങ്ങിയ വിമാനത്താവളങ്ങളിൽ പ്രതിവർഷം ലക്ഷക്കണക്കിന് വിമാനങ്ങൾ സർവീസ് നടത്തുന്നതിനാൽ റൺവേ സംഭവങ്ങളുടെ എണ്ണം സ്വാഭാവികമായും കൂടുതലായിരിക്കും.

എന്നിരുന്നാലും, അറ്റ്ലാന്റ, ബോസ്റ്റൺ, ഷിക്കാഗോ, ന്യൂയോർക്ക് എന്നിവിടങ്ങളിലെ സമീപകാല സംഭവങ്ങൾ അമേരിക്കയിലെ വിമാനത്താവളങ്ങളിലെ റൺവേ സുരക്ഷ വീണ്ടും ദേശീയ തലത്തിൽ ചർച്ചയാക്കുകയാണ്. ഫെഡറൽ ഏജൻസികളും അന്വേഷണസംഘങ്ങളും ഈ സംഭവങ്ങൾ കൂടുതൽ സങ്കീർണമായ വിമാനത്താവള പ്രവർത്തനങ്ങളുടെ ഫലമാണോ, അല്ലെങ്കിൽ സുരക്ഷാ വീഴ്ചകളുടെ സൂചനയാണോ എന്നത് പരിശോധിച്ചുവരികയാണ്.

# മെറ്റയുടെ എഐ വൻനിക്ഷേപം തിരിച്ചടിയായി; ഓഹരികൾക്ക് കനത്ത ആഘാതം

വാഷിംഗ്ടൺ: എഐ വികസനത്തിനായി വൻതോതിൽ നടത്തുന്ന നിക്ഷേപത്തിന്റെ ആഘാതം നേരിട്ട് അനുഭവിച്ച് മെറ്റ പ്ലാറ്റ്ഫോംസ്. രണ്ടാം പാദത്തിൽ കനത്ത സാമ്പത്തിക സമ്മർദം നേരിട്ടു എന്നാണ് ലഭിക്കുന്ന റിപ്പോർട്ട്. 2026 ജൂൺ 30ന് അവസാനിച്ച രണ്ടാം പാദത്തിൽ കമ്പനിയുടെ ഫ്രീ ക്യാഷ് ഫ്ളോ കഴിഞ്ഞ വർഷത്തെ 8.55 ബില്യൺ ഡോളറിൽ നിന്ന് 784 മില്യൺ ഡോളറായി ഇടിഞ്ഞു. ഇത് 91 ശതമാനത്തിന്റെ ഇടിവാണ്. ഫലപ്രഖ്യാപനത്തിന് പിന്നാലെ മെറ്റയുടെ ഓഹരികൾ ആഫ്റ്റർമാർക്കറ്റ് വ്യാപാരത്തിൽ 10 ശതമാനം വരെ താഴ്ന്നു.

മെറ്റയുടെ ഫ്രീ ക്യാഷ് ഫ്ളോ ഇടിവ് കഴിഞ്ഞ ആഴ്ച ആൽഫബെറ്റ് റിപ്പോർട്ട് ചെയ്ത ആദ്യത്തെ നെഗറ്റീവ് ക്യാഷ് ഫ്ളോ പാദത്തെ അനുസ്മരിപ്പിക്കുന്നതാണെന്ന് വിപണി വിദഗ്ധർ വിലയിരുത്തുന്നു. എഐ അടിസ്ഥാനസൗകര്യങ്ങൾക്കായി ബിഗ് ടെക് കമ്പനികൾ നടത്തുന്ന വൻ ചെലവുകൾ നിക്ഷേപകരിൽ ആശങ്ക ഉയർത്തുകയാണ്.

മെറ്റ സിഇഒ മാർക്ക് സക്കർബർഗ്, എഐ ചെലവുകളെ ന്യായീകരിച്ച്, കമ്പനിയുടെ ഭാവി വളർച്ചയ്ക്ക് ഈ നിക്ഷേപങ്ങൾ നിർണായകമാണെന്ന് വ്യക്തമാക്കി. എഐ മോഡലുകളുടെ പരിശീലനം, പ്രധാന ബിസിനസ് വികസനം, വ്യക്തിഗത എഐ അസിസ്റ്റന്റുകൾ, പുതിയ ഉൽപ്പന്നങ്ങൾ എന്നിവയ്ക്കായാണ് കമ്പ്യൂട്ടിംഗ് ശേഷിയുടെ വലിയൊരു ഭാഗം ഉപയോഗിക്കുകയെന്നും, വലിയ കോർപ്പറേറ്റ് ഉപഭോക്താക്കൾക്കായി എഐ സേവനങ്ങൾ നൽകുന്ന പുതിയ ബിസിനസും വളർത്താനാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

വിപുലമായ എഐ നിക്ഷേപങ്ങളിൽ നിന്ന് എങ്ങനെ ലാഭമുണ്ടാക്കുമെന്ന ചോദ്യത്തിന് മറുപടിയായി, വ്യക്തിഗത എഐ ഏജന്റുമാർ ഭാവിയിൽ വലിയ ഉപഭോക്തൃ വിപണിയാകുമെന്ന വിശ്വാസമാണ് കമ്പനിയെ ഈ നിക്ഷേപത്തിലേക്ക് നയിക്കുന്നതെന്ന് സക്കർബർഗ് വ്യക്തമാക്കി.

2022 അവസാനത്തിനുശേഷം മെറ്റയുടെ ഏറ്റവും താഴ്ന്ന ഫ്രീ ക്യാഷ് ഫ്ളോയാണ് ഇപ്പോഴത്തേത്. അന്നും കമ്പനി മെറ്റാവേഴ്സ് പദ്ധതികളിലെ വൻ ചെലവുകൾ കാരണം നിക്ഷേപകരുടെ വിമർശനം നേരിട്ടിരുന്നു. മെറ്റയുടെ റിയാലിറ്റി ലാബ്സ് വിഭാഗം ഇതുവരെ 80 ബില്യൺ ഡോളറിലേറെ പ്രവർത്തന നഷ്ടം രേഖപ്പെടുത്തിയിട്ടുണ്ട്.

മെറ്റയുടെ വരുമാനത്തിന്റെ പ്രധാന ഉറവിടം ഇപ്പോഴും പരസ്യ ബിസിനസാണ്. എഐയിലൂടെ പുതിയ വരുമാന മാർഗങ്ങൾ സൃഷ്ടിക്കാനാണ് കമ്പനി ശ്രമിക്കുന്നത്. രണ്ടാം പാദത്തിൽ കമ്പനിയുടെ ഒരു ഓഹരിക്കുള്ള ലാഭം 6.18 ഡോളറായിരുന്നു, എന്നാൽ വിപണി പ്രതീക്ഷിച്ച 7.22 ഡോളറിനെ മറികടക്കാൻ സാധിച്ചില്ല.

വരുമാനത്തിൽ മെറ്റയ്ക്ക് മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കഴിഞ്ഞു. രണ്ടാം പാദത്തിൽ കമ്പനിയുടെ വരുമാനം 28 ശതമാനം വർധിച്ച് 60.8 ബില്യൺ ഡോളറിലെത്തി. അതേസമയം, മെറ്റയ്ക്ക് നിയമപരമായ വെല്ലുവിളികളും തുടരുകയാണ്. ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം പ്ലാറ്റ്ഫോമുകൾ യുവാക്കളെ അടിമകളാക്കുന്ന തരത്തിൽ രൂപകൽപ്പന ചെയ്തെന്നും, സുരക്ഷാ കാര്യങ്ങളിൽ പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിച്ചെന്നുമുള്ള ആരോപണത്തിൽ നാല് അമേരിക്കൻ സംസ്ഥാനങ്ങൾ ചേർന്ന് 1.4 ട്രില്യൺ ഡോളർ പിഴ ആവശ്യപ്പെട്ട് കേസ് നൽകിയിട്ടുണ്ട്. യൂറോപ്പിലും അമേരിക്കയിലും യുവാക്കളുമായി ബന്ധപ്പെട്ട സോഷ്യൽ മീഡിയ നിയന്ത്രണങ്ങൾ കമ്പനിയുടെ ബിസിനസിനെ കാര്യമായി ബാധിക്കാമെന്നും മെറ്റ മുന്നറിയിപ്പ് നൽകി. യുവാക്കളുമായി ബന്ധപ്പെട്ട നിയമപരമായ കേസുകൾ ഈ വർഷവും തുടരുന്ന സാഹചര്യത്തിൽ, അവ കമ്പനിക്ക് ഗണ്യമായ സാമ്പത്തിക ബാധ്യതകൾ സൃഷ്ടിക്കാനിടയുണ്ടെന്നും മെറ്റ മുന്നറിയിപ്പ് നൽകി.



# ഫോമായുടെ ചരിത്ര കൺവൻഷനിലേയ്ക്ക് ഏവർക്കും ഹൃദ്യമായ സ്വാഗതം: പ്രസിഡന്റ് ബേബി മണക്കുന്നേൽ

ഹൂസ്റ്റൺ: അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ സാമൂഹികസാംസ്കാരിക കൂട്ടായ്മയായ ഫോമായുടെ ഒമ്പതാമത് ദേശീയ കുടുംബസമ്മേളനത്തിലേക്ക് ഏവർക്കും ഹൃദയപൂർവ്വം സ്വാഗതം. ജൂലൈ 30, 31, ഓഗസ്റ്റ് 1, 2 തീയതികളിൽ ടെക്സാസിലെ ഹൂസ്റ്റണിലുള്ള വിൻധം ഹോട്ടലിൽ അരങ്ങേറുന്ന ഈ മഹാസംഗമം, നാല് ദിവസത്തെ ആഘോഷമെന്നതിലുപരി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് എത്തിച്ചേരുന്ന മലയാളി കുടുംബങ്ങളുടെ സ്നേഹസംഗമവും സംസ്കാരത്തിന്റെ മഹോത്സവവുമാണ്.



ഫോമായുടെ ചരിത്രത്തിൽ മറ്റൊരു സുവർണ അധ്യായം രചിക്കാൻപോകുന്ന ഈ ദേശീയ കൺവെൻഷനിൽ കലയും സാഹിത്യവും സംഗീതവും നൃത്തവും സാമൂഹിക ചർച്ചകളും യുവജനവനിതാ പരിപാടികളും കുട്ടികളുടെ പ്രതിഭാപ്രകടനങ്ങളും ബിസിനസ് സമ്മേളനങ്ങളും ആത്മീയ നിമിഷങ്ങളും ഉൾപ്പെടെ എല്ലാ പ്രായക്കാരെയും ആകർഷിക്കുന്ന വൈവിധ്യമാർന്ന പരിപാടികളാണ് ഒരുക്കിയിരിക്കുന്നത്.

ഈ വർഷം ലഭിച്ച അതുല്യമായ പ്രതികരണം ഞങ്ങളെ ഏറെ സന്തോഷിപ്പിക്കുന്നു. കൺവൻഷനിലെ എല്ലാ ഹോട്ടൽ മുറികളും ഇതിനകം തന്നെ പൂർണമായി ബുക്ക് ചെയ്തിരിക്കുകയാണ്. ഫോമയോടുള്ള അംഗങ്ങളുടെയും സുഹൃത്തുക്കളുടെയും വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ഏറ്റവും വലിയ അംഗീകാരമായാണ് ഞങ്ങൾ ഇതിനെ കാണുന്നത്.

ഈ മഹാസമ്മേളനത്തിന്റെ വിജയത്തിന് ശക്തമായ പിന്തുണ നൽകുന്ന പ്ലാറ്റിനം, ഗോൾഡ്, സിൽവർ സ്പോൺസർമാർക്കും എല്ലാ സഹകാരികൾക്കും എന്റെ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു. അവരുടെ ഉദാരമായ പിന്തുണയും വിശ്വാസവുമാണ് ഈ കൺവൻഷനെ കൂടുതൽ പ്രൗഢഗംഭീരമാക്കുന്നത്. കൺവൻഷന്റെ വിജയത്തിനായി അക്ഷീണം പ്രയത്നിച്ച ദേശീയ ഭാരവാഹികൾക്കും, ഹോസ്റ്റ് റീജിയനിലെ പ്രവർത്തകർക്കും, വിവിധ കമ്മിറ്റികളിലെ ചെയർമാൻമാർക്കും അംഗങ്ങൾക്കും, സന്നദ്ധപ്രവർത്തകർക്കും എന്റെ പ്രത്യേക അഭിനന്ദനവും നന്ദിയും അറിയിക്കുന്നു. അവരുടെ ആത്മാർഥമായ സേവനമാണ് ഈ മഹാസംരംഭത്തിന്റെ അടിത്തറ.




ഈ വേദിയിലേക്ക് എത്തിച്ചേരുന്ന എല്ലാ വിശിഷ്ടാതിഥികളെയും, ഫോമാ കുടുംബാംഗങ്ങളെയും, അംഗസംഘടനാ പ്രതിനിധികളെയും, കലാകാരന്മാരെയും, മാധ്യമപ്രവർത്തകരെയും, സ്പോൺസർമാരെയും, സുഹൃത്തുക്കളെയും അഭ്യുദയകാംക്ഷികളെയും ഞാൻ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. നമുക്ക് ഒരുമിച്ച് ആഘോഷിക്കാം നമ്മുടെ ഭാഷയെയും സംസ്കാരത്തെയും പൈതൃകത്തെയും. പുതിയ സൗഹൃദങ്ങൾ സൃഷ്ടിക്കാം, പഴയ ബന്ധങ്ങൾ പുതുക്കാം, അമേരിക്കൻ മലയാളി സമൂഹത്തിന്റെ ഐക്യവും കരുത്തും ലോകത്തിനു മുന്നിൽ ഒരിക്കൽക്കൂടി തെളിയിക്കാം.

ഹൂസ്റ്റണിൽ നിങ്ങളെ ഒരോരുത്തരെയും നേരിൽ കാണുവാൻ ഞാൻ ആകാംക്ഷയോടെ കാത്തിരിക്കുന്നു. എല്ലാവർക്കും ഹൃദയം നിറഞ്ഞ സ്വാഗതം..!

**സ്നേഹപൂർവ്വം, ബേബി മണക്കുന്നേൽ**
**പ്രസിഡന്റ്, ഫോമാ**







FOMAA Convention 2026 | Best Compliments From



**Chackochan Kizhakkekuttu & Family**

FOMAA Convention 2026 | Best Compliments From



**Sunny Vallikkalam**
(Former Vice President of FOMAA)
**& Family**

FOMAA Convention 2026 | Best Compliments From



**Gladson Varghese**
Former General Secretary of FOMAA


FOMAA Convention 2026 | Best Compliments From




**Shaloo Punnoose**
Vice President of FOMAA


US
SUPPORT & ELECT
MONCY
VARGHESE
for
FOMAA
REGIONAL VICE PRESIDENT
NEW YORK EMPIRE REGION
2026-2028
EXPERIENCED LEADER
COMMUNITY COMMITTED
INTEGRITY & TRANSPARENCY
SERVICE & IMPACT
TOGETHER WE GROW


FOMAA
Best compliments from
മോൾ മാത്യു
Elect as National Committee Member
2026-2028
സൺഷൈൻ റീജിയൻ – ഫ്ളോറിഡ


FOMAA
Please Elect
JOHNSON JOSEPH
FOR FOMAA VICE PRESIDENT
FOR THE TERM 2026–2028
PLEASE SUPPORT & ELECT
TEAM PROMISE
TOGETHER FOR A STRONGER, UNITED, AND PROGRESSIVE FOMAA!


Support & Elect
SUNNY
P NINAN
(SUNNY KALLOOPPARA)
CANDIDATE FOR
FOMAA
REGIONAL
VICE PRESIDENT (RVP)
NEW YORK EMPIRE REGION
2026-2028
VOTE
SUNNY
P NINAN
TOGETHER FOR A STRONGER COMMUNITY



FOMAA
Best compliments from
Herald Figueiredo
& Family
from Chicago



FOMAA
Best compliments from
Benny Vachachira
& family
Chicago


FOMAA
Best compliments from
George (Babu) Mathew



FOMAA
Best compliments from
Bejoy & Delsy
Palathinkal Family


FOMAA
Best compliments from
George Terry Mathews
& Family
Vettickattuparambil
Philadelphia



FOMAA
Best compliments from
John Pattapathy
& Family


FOMAA
Best compliments from
John Varghese &
Gracy Varghese


FOMAA
Best compliments from
ജോയി എൻ. സാമുവൽ


FOMAA Election
2026-2028
TEAM
VOICE OF
FOMAA
Biju Thonikadavil
For President
Paul P Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannukadan
For Joint Treasurer
Please Elect & Support



FOMAA Election
2026-2028
Anu Skariah
for Gen. Secretary
Binoy Thomas
for Treasurer
Johnson Joseph
for Vice President
FOMAA
TEAM
PROMISE
Reshma Ranjan
for Joint Secretary
Titto John
for Joint Treasurer
Mathew Varghese
(Jose Florida)
for President
Please Elect & Support


FOMAA
Best compliments from
RENJEN ABRAHAM
FOMAA RVP
Central Region
2026-2028


FOMAA
Best compliments from
Josemon Thathamkulam
& Family
Tampa


FOMAA
Best compliments from
Tom & Litty Cyriac


FOMAA
Best compliments from
Joseph & Nisha Cyriac


FOMAA Convention 2026
Best Compliments From
Jose Abraham
Former General Secretary FOMAA


FOMAA Convention 2026
Best Compliments From
Biju Mundakkal
Chicago


FOMAA Convention 2026
Best Compliments From
Saijan Kaniyodikkal
and Family


KALA
KERALA ASSOCIATION OF LOS ANGELES, CA
KERALA
ASSOCIATION OF
LOS ANGELES ( KALA )
Proudly
ENDORSES
GEORGE THOMAS
( GEORGEKUTTY THOMAS PULLAPPALLY )
LOS ANGELES
For
FOMAA HOLLYWOOD REGION
RVP 2026-28
EXPERIENCE THAT MATTERS.
LEADERSHIP THAT DELIVERS.
PLEASE
SUPPORT & ELECT
PROVEN LEADERSHIP
STRONG COMMITMENT
COMMUNITY FIRST
UNITY & INTEGRITY

## ടീം പ്രോമിസ് ഓഫ് ഫോമ

# 2028 ഫോമാ ഫാമിലി കൺവൻഷനിൽ എല്ലാ കുട്ടികൾക്കും സൗജന്യ പ്രവേശനം: ടീം പ്രോമിസിന്റെ ആറാമത്തെ ചരിത്ര വാഗ്ദാനം

ഫ്ളോറിഡ: 'കുടുംബമാണ് ഫോമായുടെ ശക്തി' എന്ന കാഴ്ചപ്പാടിലൂടെ അമേരിക്കൻ മലയാളി സമൂഹത്തിന്റെ ചരിത്രത്തിൽ പുതിയ അധ്യായം കുറിക്കാൻ ഒരുങ്ങി ടീം പ്രോമിസ്. 2026-2028 ഫോമാ ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ടീം പ്രോമിസ്, തങ്ങളുടെ ആറാമത്തെ തിരഞ്ഞെടുപ്പ് വാഗ്ദാനമായി രംഗത്തെത്തിയിരിക്കുകയാണ്.

2028ലെ ഫോമാ ഫാമിലി കൺവെൻഷനിൽ എല്ലാ കുട്ടികൾക്കും സൗജന്യ പ്രവേശനം നൽകുമെന്ന പ്രഖ്യാപനമാണ് ടീം പ്രോമിസ് മുന്നോട്ടുവയ്ക്കുന്നത്. അമേരിക്കൻ മലയാളി സംഘടനകളുടെ ചരിത്രത്തിൽ ഇതാദ്യമായാണ് ഒരു ദേശീയ സംഘടന കുടുംബ കേന്ദ്രിതമായ ഇത്തരം ദീർഘവീക്ഷണമുള്ള പദ്ധതി പ്രഖ്യാപിക്കുന്നത്. 'വിദ്യാജ്യോതി' സ്കോളർഷിപ്പ്, 'ആർദ്രം' കാൻസർ കെയർ പ്രോജക്ട്, 'കേരള പഠനം', 'ഫോമാ കെയർ' (കരുതൽ), ഫോമാ ഫാമിലി അസിസ്റ്റൻസ് & റിസോഴ്സ് സെന്റർ തുടങ്ങിയവയാണ് ടീം പ്രോമീസ് പ്രഖ്യാപിച്ച് മറ്റ് 5 പ്രോമീസുകൾ.

ടീം പ്രോമിസ് മുന്നോട്ടുവയ്ക്കുന്ന മറ്റൊരു പ്രധാന ആശയം 'എല്ലാവർക്കും താങ്ങാനാവുന്ന ഫോമാ കൺവെൻഷൻ' എന്നതാണ്. അതുകൊണ്ടുതന്നെ 2028ലെ കൺവൻഷനെ കൂടുതൽ അഫോഡബിൾ, കൂടുതൽ കുടുംബസൗഹൃദം, കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുന്ന ദേശീയ സംഗമം ആക്കുന്നതിനുള്ള പദ്ധതികളും ടീം പ്രോമിസ് അവതരിപ്പിക്കുന്നു.

ഫോമാ ഒരു സംഘടന മാത്രമല്ല, ആയിരക്കണക്കിന് മലയാളി കുടുംബങ്ങളെ ഒന്നിപ്പിക്കുന്നവലിയൊരുകുടുംബമാണ്എന്നവിശ്വാസത്തിലാണ് ഈ പ്രഖ്യാപനങ്ങൾ. മാതാപിതാക്കൾക്കും മുത്തശ്ശൻമാർക്കും കുട്ടികൾക്കും ഒരുമിച്ച് ആഘോഷിക്കാനും ആരോഗ്യകരമായ ആശയവിനിമയം നടത്താനും ബന്ധങ്ങൾ കൂടുതൽ ദൃഢമാക്കാനും കഴിയുന്ന വേദിയായിരിക്കണം ഫോമാ കൺവൻഷൻ എന്നതാണ് ടീം പ്രോമിസിന്റെ കാഴ്ചപ്പാട്.

കുട്ടികൾക്ക് സൗജന്യ പ്രവേശനം നൽകുന്നതിലൂടെ കൂടുതൽ കുടുംബങ്ങൾ കൺവൻഷനിൽ പങ്കെടുക്കാൻ പ്രോത്സാഹനം ലഭിക്കും. അതുവഴി ഫോമായുടെ ഭാവി കൂടുതൽ ശക്തവും കുടുംബ സൗഹൃദവുമായ ഒരു ദിശയിലേക്ക് വളരും. ഇന്നത്തെ കുട്ടികളാണ് നാളെയുടെ ഫോമാ നേതാക്കൾ. അവർക്ക് ചെറുപ്പം മുതൽ ഫോമായുമായും അമേരിക്കൻ മലയാളി സമൂഹവുമായും ആത്മബന്ധം വളർത്തിക്കൊടുക്കുക എന്നത് സംഘടനയുടെ ദീർഘകാല വളർച്ചയ്ക്ക് നിർണായകമാണെന്ന് ടീം പ്രോമിസ് വിശ്വസിക്കുന്നു. കൺവെൻഷനിൽ കുട്ടികൾക്ക് കൂടുതൽ പങ്കാളിത്തം ലഭിക്കുമ്പോൾ മലയാള ഭാഷ, സംസ്കാരം, കല, പാരമ്പര്യം, സമൂഹസേവനം എന്നിവ അടുത്ത തലമുറയിലേക്ക് സ്വാഭാവികമായി കൈമാറാൻ സാധിക്കും.

ടീം പ്രോമിസിന്റെ ഈ പ്രഖ്യാപനം ഒരു തിരഞ്ഞെടുപ്പ് വാഗ്ദാനം മാത്രമല്ല; അമേരിക്കൻ മലയാളി സമൂഹത്തിന്റെ ഭാവിയെ ലക്ഷ്യമിട്ടുള്ള ഒരു സാമൂഹിക പ്രതിബദ്ധത കൂടിയാണ്. കൂടുതൽ കുടുംബപങ്കാളിത്തം,ശക്തമായസൗഹൃദബന്ധങ്ങൾ, കുട്ടികൾക്ക് മറക്കാനാവാത്ത അനുഭവങ്ങൾ, തലമുറകളെ ഒരുമിപ്പിക്കുന്ന വേദി ഇവയെല്ലാം ചേർന്നാണ് 2028 ഫോമാ കൺവൻഷനെ ചരിത്രത്തിൽ ഇടംനേടുന്ന കുടുംബമഹോത്സവമാക്കാൻ ടീം പ്രോമിസ് ലക്ഷ്യമിടുന്നത്.

ഫോമാ അംഗസംഘടനകളിലെ വോട്ടവകാശമുള്ള പ്രതിനിധികൾ തിരഞ്ഞെടുക്കുന്ന നേതൃത്വം അടുത്ത രണ്ട് വർഷത്തെ സംഘടനയുടെ ദിശ നിർണയിക്കും. കുടുംബങ്ങൾക്കാണ് മുൻഗണന, കുട്ടികൾക്കാണ് ഭാവി, എല്ലാവർക്കും പങ്കാളിത്തമാണ് ലക്ഷ്യം എന്ന ആശയം മുന്നോട്ടുവയ്ക്കുന്ന ഈ പ്രഖ്യാപനം നിരവധി മലയാളി കുടുംബങ്ങളുടെ പ്രതീക്ഷകൾക്ക് പുതിയ ഊർജം പകരുമെന്ന് വിലയിരുത്തപ്പെടുന്നു. പുതുമയുള്ള ഈ പ്രഖ്യാപനം ഡെലിഗേറ്റുകളിലും ആവേശമുണ്ടാക്കിയിട്ടുണ്ടെന്നാണ് റിപ്പോർട്ട്.

ചുരുക്കിപ്പറഞ്ഞാൽ ''കുടുംബങ്ങളെ ഒന്നിപ്പിക്കുന്ന ഫോമാ... കുട്ടികളുടെ പുഞ്ചിരിയിലൂടെ ഭാവിയെ നിർമ്മിക്കുന്ന ഫോമാ... എല്ലാവർക്കും കൈത്താങ്ങാകുന്ന ഫോമാ...'' എന്ന സന്ദേശത്തോടെയാണ് 41 വർഷത്തെ സംഘടനാ പ്രവർത്തന പരിചയമുള്ള മാത്യു വർഗീസ് (ജോസ് ഫ്ളോറിഡ) പ്രസിഡന്റ് സ്ഥാനാർത്ഥിയായിട്ടുള്ള ടീം പ്രോമിസ് അവരുടെ ആറാമത്തെ വാഗ്ദാനം അമേരിക്കൻ മലയാളി സമൂഹത്തിന് അവതരിപ്പിക്കുന്നത്. അനു സ്കറിയ (സെക്രട്ടറി), ബിനോയ് തോമസ് (ട്രഷറർ), ജോൺസൺ ജോസഫ് (വൈസ് പ്രസിഡന്റ്), റ്റിറ്റോ ജോൺ (ജോയിന്റ് ട്രഷറർ), രേഷ്മ രഞ്ചൻ (ജോയിന്റ് സെക്രട്ടറി) എന്നിവരാണ് ടീം പ്രോമീസിന്റെ ജനകീയാടിത്തറയുള്ള മറ്റ് മൽസരാർത്ഥികൾ.

## ടീം വോയ്സ് ഓഫ് ഫോമ

# ഫോമാ കൺവൻഷൻ അഞ്ചു ദിവസമാക്കും; ഒരു ദിവസം പൂർണമായും കുട്ടികൾക്കും യുവജനങ്ങൾക്കുമായി നീക്കിവയ്ക്കും

ന്യൂയോർക്ക്: അമേരിക്കൻ മലയാളി സമൂഹത്തിന്റെ ഏറ്റവും വലിയ കുടുംബസംഗമമായ ഫോമാ ഇന്റർനാഷണൽ ഫാമിലി കൺവൻഷനെ നിലവിലെ നാല് ദിവസങ്ങളിൽ നിന്ന് അഞ്ചു ദിവസമായി വിപുലീകരിക്കുമെന്ന സുപ്രധാന പ്രഖ്യാപനവുമായി 2026-2028 ദേശീയ ഭാരവാഹി തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ടീം വോയ്സ് ഓഫ് ഫോമാ രംഗത്തെത്തി.

സംഘടനയുടെ ഭാവിയെ മുൻനിർത്തിയുള്ള ദീർഘകാല വികസന പദ്ധതികളുടെ ഭാഗമായാണ് ഈ നിർണായക വാഗ്ദാനമെന്ന് ടീം നേതൃത്വം വ്യക്തമാക്കി. നിലവിലെ 2026 കൺവെൻഷൻ നാല് ദിവസമാണ് നടക്കുന്നത്.

അഞ്ചു ദിവസത്തെ കൺവെൻഷനിൽ ഒരു ദിവസം മുഴുവനായും കുട്ടികൾക്കും യുവജനങ്ങൾക്കും മാത്രം സമർപ്പിക്കുമെന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ പ്രത്യേകത. ഫോമായുടെ അടുത്ത തലമുറയെ സംഘടനയുടെ പ്രവർത്തനങ്ങളിലേക്ക് കൂടുതൽ സജീവമായി ആകർഷിക്കുകയും, ഭാവി നേതൃനിരയെ വളർത്തിയെടുക്കുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് ടീം വോയ്സ് ഓഫ് ഫോമായുടെ പ്രസിഡന്റ് സ്ഥാനാർത്ഥി ബിജു തോണിക്കടവിൽ വ്യക്തമാക്കി.

ഫോമാ ഫാമിലി വെക്കേഷൻ കൺവൻഷൻ' എന്ന ആശയം കൂടി മുൻനിർത്തിയാണ് പ്രസ്തുത തീരുമാനം.

ടീമിന്റെ അഭിപ്രായത്തിൽ, ഫോമാ ഒരു കൺവൻഷൻ സംഘടിപ്പിക്കുന്ന സംഘടന മാത്രമല്ല, തലമുറകളെ ബന്ധിപ്പിക്കുന്ന ഒരു സാമൂഹിക പ്രസ്ഥാനമാണ്. അതിനാൽ കുട്ടികൾക്കും യുവജനങ്ങൾക്കും അവരുടെ കഴിവുകൾ അവതരിപ്പിക്കാനും, നേതൃത്വപരമായ പരിശീലനങ്ങൾ നേടാനും, ആശയവിനിമയവും വ്യക്തിത്വവികസനവും മെച്ചപ്പെടുത്താനും പ്രത്യേക വേദി ഒരുക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

ഈ പ്രത്യേക 'യൂത്ത് ആൻഡ് കിഡ്സ് ഡേ'യിൽ നേതൃത്വ പരിശീലന ശിൽപ്പശാലകൾ, സംരംഭകത്വ സെമിനാറുകൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സാങ്കേതികവിദ്യ, കരിയർ ഗൈഡൻസ്, കോളേജ് അഡ്മിഷൻ കൗൺസിലിംഗ്, പബ്ലിക് സ്പീക്കിംഗ്, ഡിബേറ്റ്, ക്വിസ്, റോബോട്ടിക്സ്, കലാസാംസ്കാരിക മത്സരങ്ങൾ, കായിക പരിപാടികൾ എന്നിവ ഉൾപ്പെടുന്ന വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

അമേരിക്കയിൽ ജനിച്ച് വളരുന്ന മലയാളി കുട്ടികൾക്ക് അവരുടെ ഭാഷയും സംസ്കാരവും പാരമ്പര്യവും കൂടുതൽ അടുത്തറിയാനും, വിവിധ സംസ്ഥാനങ്ങളിലെ മലയാളി യുവജനങ്ങളുമായി സൗഹൃദബന്ധം സ്ഥാപിക്കാനും ഈ ദിനം സഹായകരമാകുമെന്ന് ടീം നേതൃത്വം ചൂണ്ടിക്കാട്ടുന്നു.

'ഇന്നത്തെ യുവാക്കളാണ് നാളത്തെ ഫോമാ നേതൃത്വം' എന്ന ആശയത്തെ മുൻനിർത്തിയാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ടീം വോയ്സ് ഓഫ് ഫോമാ നേതാക്കൾ പറഞ്ഞു. സംഘടനയുടെ ഭാവി ശക്തിപ്പെടുത്താൻ യുവജനങ്ങളുടെ പങ്കാളിത്തം വർധിപ്പിക്കേണ്ടത് അനിവാര്യമാണെന്നും അതിനുള്ള സ്ഥിരമായ വേദിയാണ് ഈ അഞ്ചാം ദിനമെന്നും നേതാക്കൾ അഭിപ്രായപ്പെട്ടു.

കുടുംബാംഗങ്ങൾക്ക് കൂടുതൽ സമയം ഒരുമിച്ച് ചെലവഴിക്കാനും, വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള മലയാളി കുടുംബങ്ങൾ തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാക്കാനും അഞ്ചു ദിവസത്തെ കൺവെൻഷൻ സഹായകമാകുമെന്നും ടീം വിലയിരുത്തുന്നു.

സാംസ്കാരിക പരിപാടികൾക്കൊപ്പം വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക സേവനം, ബിസിനസ് നെറ്റ്വർക്കിംഗ്, വനിതാ ശാക്തീകരണം, യുവജന വികസനം എന്നീ മേഖലകൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന സമഗ്രമായ കൺവെൻഷൻ മാതൃകയാണ് വിഭാവനം ചെയ്യുന്നതെന്നും അവർ അറിയിച്ചു.

2026-2028 കാലയളവിനായി അവതരിപ്പിക്കുന്ന ഈ പദ്ധതി, 'ഭാവിയെ ലക്ഷ്യമിടുന്ന ഫോമാ' എന്ന ആശയത്തിന്റെ പ്രതിഫലനമാണെന്നാണ് ബിജു തോണിക്കടവിൽ നേതൃത്വം നൽകുന്ന ടീം ഫോമായുടെ വിവിധ സ്ഥാനങ്ങളിലേയ്ക്ക് ജനവിധി തേടുന്ന പോൾ പി ജോസ് (ജനറൽ സെക്രട്ടറി), പ്രദീപ് നായർ (ട്രഷറർ), സാമുവൽ മത്തായി (വൈസ് പ്രസിഡന്റ്), ഡോ. മഞ്ജു പിള്ള (ജോയിന്റ് സെക്രട്ടറി) ജോൺസൺ കണ്ണൂക്കാടൻ (ജോയിന്റ് ട്രഷറർ) എന്നിവർ പറഞ്ഞു. തലമുറകളെ ഒരുമിപ്പിക്കുകയും, കുട്ടികളെയും യുവജനങ്ങളെയും സംഘടനയുടെ കേന്ദ്രസ്ഥാനത്തേക്ക് ഉയർത്തിക്കൊണ്ടുവരികയും ചെയ്യുന്ന ഈ നിർദ്ദേശം അമേരിക്കൻ മലയാളി സമൂഹത്തിൽ ശ്രദ്ധേയമായ ചർച്ചകൾക്ക് വഴിവെച്ചിരിക്കുകയാണ്.






# ഫോമാ അന്തർരാഷ്ട്ര കൺവെൻഷനിൽ പി.ടി.തോമസ് നയിക്കുന്ന ടാക്സ് സെമിനാർ

## ജൂലൈ 31ന് വെള്ളിയാഴ്ച ഉച്ചയ്ക്ക് 2.30 മുതൽ 3.30 വരെ ALAMO 1 മുറിയിൽ

ഫോമാ അന്തർ രാഷ്ട്ര കൺവെൻഷനിൽ പി.ടി.തോമസ് നയിക്കുന്ന ടാക്സ് സെമിനാർ ജൂലൈ 31ന് വെള്ളിയാഴ്ച ഉച്ചയ്ക്ക് 2.30 മുതൽ 3.30 വരെ ALAMO 1 മുറിയിൽ നടക്കുന്നതാണ്. സാഹിത്യ സമ്മേളനത്തിനു തൊട്ടു പിന്നാലെയാണ് ടാക്സ് സെമിനാർ.

വിദേശ ഇടപാടുകളും നികുതി നിയമങ്ങളും ലളിതമായി വിശദീകരിക്കുന്നതിൽ പ്രശസ്തനായ പി.ടി.തോമസാണ് സെഷൻ നയിക്കുന്നത്. 42 വർഷങ്ങളായുള്ള അനുഭവവും ആയിരക്കണക്കിന് ചണകെ നെ സഹായിച്ചിട്ടുള്ള പ്രായോഗിക അറിവും അദ്ദേഹത്തെ ഈ വിഷയത്തിൽ ഏറ്റവും വിശ്വസനീയമായ ശബ്ദങ്ങളിലൊന്നാക്കി മാറ്റുന്നു.



### സെഷനിലെ പ്രധാന വിഷയങ്ങൾ

- അന്താരാഷ്ട്ര പണമിടപാടുകൾ സുരക്ഷിതവും നിയമാനുസൃതവുമായ രീതിയിൽ ചെയ്യുന്നത് എങ്ങനെ?
- ഗിഫ്റ്റ് നിയമങ്ങൾ, ആവശ്യമായ ഡോക്യുമെന്റുകൾ എന്നിവയുടെ വ്യക്തമായ വിശദീകരണം
- ഐ.ആർ.എസ് അല്ലെങ്കിൽ ആർ.ബി.ഐ ചോദ്യങ്ങൾ ഉയരാൻ ഇടയാക്കുന്ന പൊതുവായ പിഴവുകൾ ഒഴിവാക്കുന്നത്
- ഇന്ത്യയിലെ സ്വത്ത് വിൽപ്പന, കുടുംബ സഹായം, വിദ്യാഭ്യാസ ചെലവുകൾ, നിക്ഷേപങ്ങൾ എന്നിവയിൽ ബുദ്ധിപരമായ മാർഗങ്ങൾ

2025–2026 കാലയളവിലെ BIG AND BEAUTIFUL TAX ACT IMPACTS, അമേരിക്കയിൽ നിക്ഷേപിക്കുന്നതിന്റെ പ്രയോജനം എന്നീ വിഷയങ്ങളായും സെമിനാറിന്റെ ഭാഗമാകും.

വിദേശത്ത് താമസിക്കുന്ന മലയാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ഏറ്റവും കൂടുതൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്ന വിഷയങ്ങളിൽ ഒന്നാണ് വിദേശത്തേക്ക് പണം അയയ്ക്കൽ, ഇന്ത്യയിലെ സ്വത്ത് ഇടപാടുകൾ, LRS നിയമങ്ങൾ, ഐ.ആർ.എസ്–ആർ.ബി.ഐ ചോദ്യങ്ങൾ, കൂടാതെ അമേരിക്കൻ നികുതി നിയമങ്ങൾ.

ഈ വിഷയങ്ങളിൽ തെറ്റായ ധാരണകൾ പലർക്കും വലിയ സാമ്പത്തിക നഷ്ടങ്ങളിലേക്കും നിയമപ്രശ്നങ്ങളിലേക്കും നയിക്കുന്നുണ്ട്.

ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ ഈ സെമിനാർ സഹായിക്കും. കൺവെൻഷനിൽ പങ്കെടുക്കുന്ന എല്ലാവരെയും സെമിനാറിലേക്കു ക്ഷണിച്ചുകൊള്ളുന്നു












# കൈവിട്ട സ്വപ്നങ്ങളും മലയാളി യുവാക്കളുടെ ആശങ്കകളും; പുതിയ കുടിയേറ്റ നയങ്ങളിൽ കാനഡ വല വീശുമ്പോൾ തകരുന്ന വിദേശ വിദ്യാഭ്യാസ പ്രതീക്ഷകൾ

ഇന്ത്യൻ കുടിയേറ്റക്കാരുടെ, പ്രത്യേകിച്ച് മലയാളി യുവാക്കളുടെ സ്വപ്നഭൂമിയായിരുന്ന കാനഡയിൽ തങ്ങളുടെ ജീവിതം കെട്ടിപ്പടുക്കാൻ ആഗ്രഹിക്കുന്ന ആയിരക്കണക്കിന് ആളുകളെ ഞെട്ടിച്ചുകൊണ്ട് കടുത്ത സ്ഥിതിവിവരക്കണക്കുകളാണ് ഇമിഗ്രേഷൻ, റെഫ്യൂജീസ് ആൻഡ് സിറ്റിസൺഷിപ്പ് കാനഡ പുറത്തുവിട്ടിരിക്കുന്നത്. കാനഡയിലെ പുതിയ സ്ഥിരതാമസക്കാരുടെ എണ്ണത്തിൽ വൻതോതിലുള്ള കുറവാണ് സമീപകാലത്ത് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഏറ്റവും ഞെട്ടിക്കുന്ന വസ്തുത എന്തെന്നാൽ, ആകെയുണ്ടായ ഈ കുറവിന്റെ ഏകദേശം അറുപത് ശതമാനത്തോളം ഇടിവും ഇന്ത്യയിൽ നിന്നുള്ള അപേക്ഷകരിലാണ് ഉണ്ടായിരിക്കുന്നത്.

കഴിഞ്ഞ വർഷത്തേക്കാൾ ഇരുപതിനായിരത്തിലധികം ആളുകളുടെ കുറവാണ് ഇന്ത്യക്കാരുടെ സ്ഥിരതാമസ അനുമതികളിൽ ഉണ്ടായിട്ടുള്ളത്. പത്തു വർഷത്തോളമായി ഇന്ത്യൻ യുവാക്കൾ സുരക്ഷിത താവളമായി കണ്ടിരുന്ന കാനഡ പെട്ടെന്ന് കൈപ്പിടിയിലൊതുങ്ങാത്ത വിദൂര സ്വപ്നമായി മാറിയതിന് പിന്നിലെ നയതന്ത്ര തടസ്സങ്ങളെക്കുറിച്ചും, വിദ്യാർത്ഥികൾ, സ്ഥിരതാമസ ആഗ്രഹികൾ, ഇന്ത്യൻകേരളസാമ്പത്തികവ്യവസ്ഥഎന്നിവയിലുണ്ടാകുന്ന കടുത്ത ചലനങ്ങളെക്കുറിച്ചുമുള്ള സമഗ്രമായ വിവരണം താഴെ നൽകുന്നു:

**കാനഡയിലെ സ്ഥിരതാമസക്കാരുടെ നിരക്കിലുണ്ടായ കുറ്റൻ ഇടിവ്**

**1. കണക്കുകളിൽ തെളിയുന്ന കടുത്ത കുറവും അറുപത് ശതമാനം ഇടിവും**

ഒട്ടാവ പുറത്തുവിട്ട ഏറ്റവും പുതിയ കണക്കുകൾ പ്രകാരം കാനഡയിലേക്ക് പുതുതായി എത്തുന്ന സ്ഥിരതാമസക്കാരുടെ എണ്ണം വലിയ തോതിൽ ഇടിഞ്ഞിട്ടുണ്ട്. ആകെയുണ്ടായ കുറവിന്റെ പ്രധാന പങ്കും ഇന്ത്യയിൽ നിന്നുള്ള അപേക്ഷകരിലാണ് പ്രതിഫലിക്കുന്നത്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ അനുവദിച്ച അനുമതികളെ അപേക്ഷിച്ച് ഇരുപതിനായിരത്തിലധികം കുറവാണ് ഇന്ത്യക്കാർക്ക് ലഭിച്ചത്.



**2. വിദ്യാർത്ഥി വിസ നിഷേധങ്ങളും പുതിയ നിയന്ത്രണങ്ങളും**

കാനഡയിലെ സ്ഥിരതാമസത്തിലേക്കുള്ള പ്രധാന വാതിൽ അവിടെ പഠിക്കാൻ എത്തുന്ന അന്താരാഷ്ട്ര വിദ്യാർത്ഥികളായിരുന്നു. എന്നാൽ പഠന പെർമിറ്റുകളിൽ ഏർപ്പെടുത്തിയ കടുത്ത പരിധികളും വിസ അപേക്ഷകൾ കർശനമായി പരിശോധിക്കാൻ തുടങ്ങിയതും ഇന്ത്യക്കാരായ വിദ്യാർത്ഥികൾക്ക് കനത്ത തിരിച്ചടിയായി. വിസ അപേക്ഷകളിൽ തുടർച്ചയായി ഉണ്ടായ നിരസിക്കൽ നിരക്കുകൾ വിദ്യാർത്ഥികളെ പ്രതിസന്ധിയിലാക്കി. ഇതിന്റെ നേരിട്ടുള്ള ഫലമായാണ് പുതിയ സ്ഥിരതാമസക്കാരിലെ ഇന്ത്യക്കാരുടെ പങ്ക് അറുപത് ശതമാനത്തോളം താഴ്ന്നുപോയത്.

**3. എക്സ്പ്രസ് എൻട്രിയും സ്കോർ വ്യവസ്ഥകളിലെ തടസ്സങ്ങളും**

നൈപുണ്യമുള്ള തൊഴിലാളികൾക്കായി കാനഡ നടപ്പിലാക്കുന്ന വിസ സ്കോറിംഗ് രീതികളിൽ നിരന്തരം വർദ്ധനവുണ്ടായിട്ടുണ്ട്. കാനഡയിലെ പ്രാദേശിക തൊഴിൽ പരിചയമില്ലാത്ത വിദേശ അപേക്ഷകർക്ക് പോയിന്റുകൾ നേടുക അത്യന്തം ദുഷ്കരമാണ്. ഇതോടെ എക്സ്പ്രസ് എൻട്രി വഴി സ്ഥിരതാമസ അനുമതി കാത്തിരുന്ന ആയിരക്കണക്കിന് ഭാരതീയരുടെ പ്രതീക്ഷകൾ മങ്ങി.

**4. ഒട്ടാവയിലെ പുതിയ നയവ്യതിയാനങ്ങളും കുടിയേറ്റ ഭരണഘടനയും**

കാനഡയിലെ ആഭ്യന്തര താമസസൗകര്യങ്ങളുടെ ക്ഷാമവും വർദ്ധിച്ചുവരുന്ന ജീവിതച്ചെലവുകളുമാണ് പുതിയ നയങ്ങൾ രൂപീകരിക്കാൻ ഗവൺമെന്റിനെ നിർബന്ധിതരാക്കിയത്. തദ്ദേശീയരായ ജനങ്ങളുടെ അമർഷം ഒഴിവാക്കാൻ താൽക്കാലിക താമസക്കാരുടെയും വിദ്യാർത്ഥികളുടെയും എണ്ണം പരിമിതപ്പെടുത്താൻ നിർബന്ധിതമായി. കുടിയേറ്റ നിരക്കുകൾ നിയന്ത്രിച്ചു നിർത്തുക എന്ന ലക്ഷ്യത്തോടെയാണ് ഭരണകൂടം മുന്നോട്ടുപോകുന്നത്.

**സ്വപ്ന ഭൂമിയിൽ നിന്ന് പ്രതിസന്ധികളിലേക്ക്: മലയാളി യുവാക്കളുടെ അവസ്ഥ**

**1. കൈവിട്ട സ്വപ്നങ്ങളും വാടകയിലെയും തൊഴിലിലെയും യാഥാർത്ഥ്യങ്ങളും**

കേരളത്തിൽ നിന്നും വലിയ പ്രതീക്ഷകളോടെ കാനഡയിലേക്ക് കുടിയേറിയ പതിനായിരക്കണക്കിന് മലയാളി യുവാക്കളാണ് ഇന്ന് കടുത്ത നിരാശ നേരിടുന്നത്. നഗരങ്ങളിൽ വാടക നിരക്കുകൾ മുൻപെങ്ങുമില്ലാത്ത വിധം ഉയർന്നതും അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവും വിദ്യാർത്ഥികളുടെ ജീവിതം ദുസ്സഹമാക്കി.

**2. പാർട്ട് ടൈം ജോലികളുടെ ക്ഷാമവും വർദ്ധിച്ചുവരുന്ന സാമ്പത്തിക ബാധ്യതകളും**

പഠനത്തോടൊപ്പം പാർട്ട് ടൈം ജോലികൾ ചെയ്ത് ജീവിതച്ചെലവുകളും കോഴ്സ് ഫീസും കണ്ടെത്തിയിരുന്ന രീതിക്ക് പൂർണ്ണമായി തടസ്സം നേരിട്ടിരിക്കുകയാണ്. വിപണിയിൽ തൊഴിലവസരങ്ങൾ ചുരുങ്ങിയതോടെ ഒരു സാധാരണ ജോലി പോലും ലഭിക്കാത്ത അവസ്ഥയിലാണ് പല വിദ്യാർത്ഥികളും.

**3. കാനഡയിൽ അനുഭവപ്പെടുന്ന പ്രതികൂല വിപണി പണപ്പെരുപ്പങ്ങൾ**

സൂപ്പർമാർക്കറ്റുകളിൽ നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയരുന്നത് അവിടെ കഴിയുന്ന ഇന്ത്യൻ വിദ്യാർത്ഥികളുടെ കുടുംബ ബജറ്റുകളെ തകിടം മറിക്കുന്നു. ഭക്ഷ്യ വസ്തുക്കൾക്കും ഗതാഗതത്തിനും നൽകേണ്ടി വരുന്ന കനത്ത തുക വിദ്യാർത്ഥികളുടെ സമ്പാദ്യത്തെ ഇല്ലാതാക്കുന്നു. താങ്ങാൻ കഴിയാത്ത ജീവിതച്ചെലവുകൾ കാരണം പലരും ഒന്നിലധികം ആളുകളുമായി ചെറിയ മുറികൾ പങ്കുവെച്ചാണ് കഴിയുന്നത്. ഇത് അവരുടെ മാനസികാരോഗ്യത്തെയും ദോഷകരമായി ബാധിക്കുന്നുണ്ട്.

**4. വിദേശ വിദ്യാഭ്യാസം ലക്ഷ്യമിട്ട മലയാളി കുടുംബങ്ങളുടെ ആകുലതകൾ**

കാനഡയിലെ തടസ്സങ്ങൾ പുറത്തുവന്നതോടെ തങ്ങളുടെ മക്കളെ വിദേശത്തേക്ക് അയക്കാൻ ലക്ഷ്യമിട്ട കേരളത്തിലെ ആയിരക്കണക്കിന് മാതാപിതാക്കൾ കടുത്ത ആശങ്കയിലാണ്. കോടികൾ കടമെടുത്ത് മക്കളെ വിദേശത്തേക്ക് അയച്ചിട്ട് ജോലി ലഭിക്കാതെ മടങ്ങേണ്ടി വരുമോ എന്ന ഭയം അതിശക്തമാണ്. സ്ഥിരതാമസം ലഭിക്കാനുള്ള സാധ്യതകൾ ഇല്ലാതാകുന്നത് വിദേശ വിദ്യാഭ്യാസത്തിനായുള്ള ആഗ്രഹങ്ങളിൽ കരിനിഴൽ വീഴ്ത്തിയിട്ടുണ്ട്. ഇതോടെ പല കുടുംബങ്ങളും തങ്ങളുടെ മുൻതീരുമാനങ്ങൾ പുനപരിശോധിക്കാൻ നിർബന്ധിതരായി.

**ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയിലും കേരളത്തിലും ഉണ്ടാകുന്ന കടുത്ത ആഘാതങ്ങൾ**

**1. കേരളത്തിലെ ബാങ്കിംഗ് മേഖലയും വിദ്യാഭ്യാസ വായ്പകളും**

കാനഡ കുടിയേറ്റം പ്രതിസന്ധിയിലായതോടെ കേരളത്തിലെ ബാങ്കിംഗ് മേഖലയിൽ വൻ മാറ്റങ്ങളാണ് ഉണ്ടാകുന്നത്. കഴിഞ്ഞ ഏതാനും വർഷങ്ങളായി വിദേശ വിദ്യാഭ്യാസത്തിനായി കോടിക്കണക്കിന് രൂപയുടെ വായ്പകളാണ് പ്രമുഖ ബാങ്കുകൾ വിതരണം ചെയ്തിരുന്നത്. നിലവിലെ സാഹചര്യത്തിൽ പഠനം പൂർത്തിയാക്കിയവർക്ക് ജോലി ലഭിക്കാതെ വരുതോടെ വായ്പാ തിരിച്ചടവുകൾ മുടങ്ങാനുള്ള സാധ്യതകൾ ഏറിവരികയാണ്. ഇത് ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി വർദ്ധിപ്പിക്കാൻ ഇടയാക്കുമെന്ന് സാമ്പത്തിക വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു.


**2. കൺസൾട്ടൻസികളുടെ തകർച്ചയും അനുബന്ധ വിപണിയും**

കേരളത്തിലെ ചെറുനഗരങ്ങളിൽ പോലും തഴച്ചുവളർന്നിരുന്ന വിദേശ വിദ്യാഭ്യാസ കൺസൾട്ടൻസി സ്ഥാപനങ്ങൾ കടുത്ത തകർച്ചയെ അഭിമുഖീകരിക്കുകയാണ്. കാനഡയിലേക്കുള്ള അപേക്ഷകരുടെ എണ്ണത്തിൽ വൻ ഇടിവുണ്ടായതോടെ പല ഏജൻസികളും പൂട്ടലിന്റെ വക്കിലാണ്. ഇംഗ്ലീഷ് ഭാഷാ പരിശീലന കേന്ദ്രങ്ങൾ, വിസ പ്രൊസസിംഗ് ഏജൻസികൾ എന്നിവയെ ആശ്രയിച്ചു ജീവിച്ചിരുന്ന ആയിരക്കണക്കിന് ജീവനക്കാർക്ക് തൊഴിൽ ഭീഷണി നേരിടുന്നു. ഇത് പ്രാദേശിക സർവീസ് വിപണിയിൽ വലിയ നിശ്ചലാവസ്ഥ ഉണ്ടാക്കിയിട്ടുണ്ട്.







# ഒറ്റപ്പെടില്ല എമ്പ്രാന്മാർ; ഒപ്പമുണ്ട് അമ്പലവാസികൾ

'എമ്പ്രാനൽപ്പം കട്ടു ഭുജിച്ചാൽ അമ്പലവാസികളൊക്കെ കക്കും' എന്ന കുഞ്ചൻ നമ്പ്യാരുടെ നിരീക്ഷണം ഹാസ്യ രസമാർന്ന സാമൂഹിക വിമർശനമായിരുന്നു. കാര്യക്കാർ മോഷ്ടിച്ചാൽ താഴെയുള്ളവരും അത് തന്നെ ചെയ്യുമെന്ന് സാരം. ക്ഷേത്ര സ്വത്തിന്റെ ചുമതലക്കാർ എത്ര ജാഗരൂകരായിരിക്കണം എന്നതിലേക്കാണ് മൂന്നു നൂറ്റാണ്ടു മുമ്പ് നമ്പ്യാർ വിരൽ ചൂണ്ടിയത്. പക്ഷേ, അമ്പലക്കൊള്ള ഇപ്പോഴും കൂടിവരുന്നതേയുള്ളൂ എന്ന് മലയാളിസമൂഹത്തിന് ആവർത്തിച്ച് ബോധ്യമായിരിക്കുന്നു. ദേവസ്വം ബോർഡ് ഭരിക്കുന്നവരും സിൽബന്ധികളും കട്ടു മുടിക്കുന്നതിലെ വിരുത് ഭഗവാനെ ഭയന്ന് മാറ്റിവച്ചില്ല.

നമ്പ്യാരുടെ കാലത്ത് എണ്ണയോ തിരിയോ നെല്ലോ ആണ് നഷ്ടപ്പെട്ടിരുന്നതെങ്കിൽ, സ്വർണം ഉരുക്കി ചെമ്പാക്കി മുക്കുന്ന രസതന്ത്രമായി അമ്പലക്കൊള്ള പിന്നീട് മാറി. ചരിത്രത്തിൽ ആദ്യമായാണ് സംസ്ഥാനത്തെ ഒരു ദേവസ്വം ബോർഡിനെതിരെ അമ്പലം കൊള്ളയടിച്ചതിന് എഫ്ഐആർ ഇടുന്നത്. അതും ലോകശ്രദ്ധ നേടിയ ശബരിമല ക്ഷേത്രത്തിലെ ശ്രീകോവിലിന്റെ സ്വർണപ്പാളികൾ കൊള്ളയടിച്ചതിന്. സ്വർണക്കൊള്ളയുടെ അന്വേഷണം പുരോഗമിക്കവേ തന്നെ ശബരിമലയിലേക്കുള്ള മിൽമ നെയ്യ് വിൽപ്പനയിൽ വലിയ ആസൂത്രണത്തോടെ ക്രമക്കേടുകൾ നടന്നതിന്റെ വിവരങ്ങളും പുറത്തുവരുന്നു. സ്വർണക്കൊള്ളയുമായി താരതമ്യം ചെയ്യാനാകില്ല ഈ ചോരണമെങ്കിലും എമ്പ്രാന്മാരെ അനുകരിച്ച അമ്പലവാസികളുടെ എണ്ണം അത്ര കുറവല്ലെന്ന സൂചന ശ്രദ്ധേയം തന്നെ.

ശബരിമലയിലേക്കുള്ള മിൽമ നെയ്യ് വിൽപ്പനയിൽ വലിയ ആസൂത്രണത്തോടെ ക്രമക്കേടുകൾ നടന്നതായുള്ള അന്വേഷണ റിപ്പോർട്ടിൽ സർക്കാർ നടപടിയാരംഭിച്ചതോടെ അന്വേഷണം ദേവസ്വം ബോർഡിലേക്കും നീങ്ങുമെന്നുറപ്പായി. നെയ്യ് തട്ടിപ്പിൽ ഗുരുതര വീഴ്ച ഉണ്ടായി എന്ന് പറഞ്ഞ ദേവസ്വം മന്ത്രി കെ. മുരളീധരൻ ദേവസ്വം കമ്മീഷണറോട് റിപ്പോർട്ട് തേടി. ഏതൊക്കെ കാലഘട്ടത്തിലാണ് നിലവാരമില്ലാത്ത നെയ്യ് ശബരിമലയിൽ എത്തിയതെന്ന് ദേവസ്വം കമ്മീഷണർ അന്വേഷിക്കും. നെയ്യ് കൊടുത്ത മിൽമയേപ്പോലെ തന്നെ വാങ്ങിയ ദേവസ്വം ബോർഡിനും ഇടപാടിൽ ഉത്തരവാദിത്വമുണ്ടെന്നാണ് സർക്കാർ വിലയിരുത്തൽ.

ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള അന്വേഷണത്തിന് ക്ഷീരവികസന വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണയും ഉത്തരവിട്ടുണ്ട്. സംഭവത്തിൽ ഇതിനോടകം വിജിലൻസും അന്വേഷണം തുടങ്ങിയിട്ടുണ്ട്. മിൽമയിലെ ഇടത് ഭരണസമിതി അറിയാതെ ഒന്നും നടക്കില്ലെന്ന് മന്ത്രി പറയുന്നു. നെയ്യ് വിൽപ്പനയിൽ ആരോപണ വിധേയനായ മിൽമയിലെ ഉദ്യോഗസ്ഥൻ ഷൈൻ ജോസഫിനെ രക്ഷിക്കാൻ ആസൂത്രിത ശ്രമം നടന്നതിന്റെ വിവരങ്ങളും പുറത്തുവന്നു. അന്വേഷണം നടക്കുന്നതിനിടെ




ഷൈൻ ജോസഫ് രാജിവെച്ച് പോകാൻ ശ്രമിച്ചപ്പോൾ മിൽമ എംഡിയും സർക്കാർ പ്രതിനിധിയും അതിനെ എതിർത്തു. ഗുരുതരമായ ആരോപണമാണ് ഉദ്യോഗസ്ഥൻ നേരിടുന്നതെന്നും അന്വേഷണം നടക്കുന്നതിനാൽ രാജി അംഗീകരിക്കരുതെന്നുമായിരുന്നു നിലപാട്. എന്നാൽ ഇടത് ഭരണസമിതി എതിർപ്പ് തള്ളി ഷൈൻ ജോസഫിനെ രാജിവെക്കാൻ അനുവദിച്ചു. ചട്ടങ്ങൾ ലംഘിച്ച് ടെണ്ടറിന് ശുപാർശ നൽകിയതും ടെണ്ടർ അംഗീകരിച്ചതും ഷൈൻ ആയിരുന്നു.

സ്വർണക്കൊള്ള കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മുൻപ്രസിഡന്റും സി.പി.എം നേതാവുമായ പി.എസ്. പ്രശാന്ത് കൂടി ഈയിടെ, അറസ്റ്റിലായതോടെ ക്രമക്കേടുകളിലും കൊള്ളയിലും ദേവസ്വംബോർഡിനുള്ള സമ്പൂർണ പങ്കാളിത്തമാണ് പുറത്തായത്. പത്തു വർഷത്തെ ഇടതു സർക്കാരിന്റെ കാലയളവിൽ നിയമിതരായ മൂന്ന് പ്രസിഡന്റുമാർ മാത്രമല്ല, ബോർഡ് ഉദ്യോഗസ്ഥരും, ഇടനിലക്കാരനും കൂട്ടാളികളും ഉൾപ്പെടെ ആകെ 13 പേരാണ് ഇതുവരെ അറസ്റ്റിലായത്. മൂന്ന് ഭരണസമിതികൾ ക്രമക്കേടുകളുടെ ഭാഗമായെന്ന് പ്രത്യേക അന്വേഷണസംഘം കണ്ടെത്തി. ഈ പാപകർമ്മങ്ങളിലൊന്നും ദേവസ്വം ബോർഡിലെ ഭരണക്കാർക്കു പങ്കില്ലെന്ന് ആവർത്തിച്ചുകൊണ്ടിരുന്ന മുൻ സർക്കാരും അതിനെ നയിച്ചിരുന്ന സി.പി.എമ്മും അക്ഷരാർത്ഥത്തിൽ കുരുക്കിലായി. പ്രതികളിൽ ഒരാൾക്കു പോലും കുറ്റപത്രം സമർപ്പിക്കാൻ എസ്.ഐ.ടിക്ക് ഇതുവരെ കഴിഞ്ഞിട്ടില്ലെന്നതിലുള്ള ഉത്ക്കണ്ഠ പൊതുവേ ഏറിവരുന്നുവെന്നത് മറ്റൊരു കാര്യം. പ്രതിയായിരുന്ന ദേവസ്വം ബോർഡ് മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബു ഇതിനിടെ മരിച്ചു. ഈയിടെ അറസ്റ്റിലായ പി.എസ്.പ്രശാന്തും അജികുമാറും ജയിലിലാണെങ്കിലും 90 ദിവസത്തിനകം കുറ്റപത്രം സമർപ്പിക്കാത്തതുകൊണ്ട് മറ്റു പ്രതികൾ സ്വാഭാവിക ജാമ്യം നേടി പുറത്തുവന്നു.

ദേവസ്വം ബോർഡുകളുടെ പ്രവർത്തനം അതത് സർക്കാരുകളുടെ നിയന്ത്രണത്തിലായിരിക്കേ കേസ് പ്രസിഡന്റുമാരിൽ ഒതുങ്ങാതെ അതിനു പിന്നിൽ രാഷ്ട്രീയ ഗൂഢലോചനയുണ്ടോ എന്നും മറ്റും അന്വേഷിക്കാൻ എസ്.ഐ.ടി തുനിഞ്ഞാൽ പ്രശ്നം അതീവ ഗുരുതരമാകും. ബോർഡിന്റെ മുൻ പ്രസിഡന്റ് പി.എസ്.പ്രശാന്ത് മാത്രമല്ല, അന്ന് ബോർഡ് അംഗമായിരുന്ന സി.പി.ഐ നേതാവ് അജികുമാറും അറസ്റ്റിലായിരുന്നു. സ്പോൺസർ എന്ന പേരിൽ ഭരണസമിതിക്കാർക്കും ഉദ്യോഗസ്ഥർക്കും സ്വർണവ്യാപാരികൾക്കും വേണ്ടി ചരടുവലിക്കുകയും, മുന്നിൽനിന്ന് കൊള്ളയുടെ റൂട്ട് നിശ്ചയിക്കുകയും ചെയ്ത ഉണ്ണിക്കൃഷ്ണൻ പോറ്റിയാണ് കേസിൽ ആദ്യം അറസ്റ്റിലായത്. അയാൾ തന്നെ ഒന്നാം പ്രതി. പോറ്റിയെ വിശദമായി ചോദ്യം ചെയ്തപ്പോഴാണ് ശബരിമല ശ്രീകോവിലിന്റെ വാതിൽ മാത്രമല്ല, കട്ടിളപ്പാളിയും, ശ്രീകോവിലിന് ഇരുവശവുമുള്ള ദ്വാരപാലക ശില്പങ്ങളുംവരെ ഇളക്കിയെടുത്ത് പുറത്തുകടത്തി അതിലെ സ്വർണം ഉരുക്കിയെടുത്തു എന്ന ഞെട്ടിക്കുന്ന വിവരങ്ങൾ പുറംലോകം അറിഞ്ഞത്. കൊടിമരം, വാജിവാഹനം, പ്രഭാവലയം തുടങ്ങി സന്നിധാനത്തെ അമൂല്യവസ്തുക്കളിലൊന്നിൽപ്പോലും പോറ്റിയും കൂട്ടരും കൈവയ്ക്കാതിരുന്നില്ല. സ്വർണംപൂശലിന്റെയും അറ്റകുറ്റപ്പണികളുടെയും പേരിലായിരുന്നു എല്ലാ വിക്രിയകളും അരങ്ങേറിയത്.

ബോർഡ് പ്രസിഡന്റിന്റെ സമ്മതമില്ലാതെയോ, അംഗങ്ങളുടെ അറിവില്ലാതെയോ, ഉദ്യോഗസ്ഥരുടെ ഒത്താശയില്ലാതെയോ ഇതൊന്നും നടപ്പുള്ള കാര്യമല്ലെന്ന് ഏവർക്കുമറിയാം. അതിനും മുകളിലുള്ള ഉന്നതരുടെ അനുവാദവും അനുഗ്രഹവുമില്ലാതെ ഇതു വല്ലതും സാദ്ധ്യമാകുമോയെന്ന ചോദ്യവും ഉയരുന്നു. ഇതിനിടെ, ശബരിമല അഷ്ടാഭിഷേക വസ്തുക്കളുടെ വിതരണക്കാരായി ദേവസ്വം ഉദ്യോഗസ്ഥർ പ്രവർത്തിച്ചത് അംഗീകരിക്കാനാകില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. വിശുദ്ധ സ്ഥലത്തെ അവിശുദ്ധ രീതിയെന്നാണ് സംഭവത്തെ കോടതി കടുത്ത ഭാഷയിൽ വിമർശിച്ചത്. ശബരിമലയിലെ വഴിപാട് ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സ്വമേധയാ എടുത്ത ഹർജിയിലാണ് ഹൈക്കോടതിയുടെ നിർണായക ഇടക്കാല ഉത്തരവ്.

## കൊള്ള പലവിധം

ദേവസ്വം എന്ന വാക്കിന്റെ അർത്ഥം ദൈവത്തിന്റേത് എന്നാണ്. ദേവസ്വം ബോർഡിന്റെ ഉത്തരവാദിത്തം ദേവന്റെ സ്വത്തും ആചാരങ്ങളും വിശ്വാസങ്ങളും സംരക്ഷിക്കുക എന്നതും. സംസ്ഥാനത്ത് സർക്കാർ നിയന്ത്രിക്കുന്ന അഞ്ച് ദേവസ്വങ്ങളാണുള്ളത്. തിരുവിതാംകൂർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, കൂടൽമാണിക്യം ദേവസ്വം ബോർഡ്. ദേവസ്വം ബോർഡുകളിൽ വിശ്വാസികൾ ആണ് അംഗങ്ങൾ ആകേണ്ടത്. എന്നാൽ ഭരണത്തിലിരിക്കുന്ന രാഷ്ട്രീയ നേതൃത്വത്തിനനുസരിച്ച് ബോർഡിന്റെ രാഷ്ട്രീയ നിറവും മാറും. പക്ഷെ അമ്പലക്കൊള്ളയ്ക്ക് മാത്രം വ്യത്യാസമുണ്ടാകില്ല. അതാണ് ശബരിമലയിൽ കണ്ടത്.

2019 ൽ കട്ടിളയിലെയും ദ്വാരപാലകരുടെയും സ്വർണപ്പാളികൾ ഇളക്കിക്കൊടുത്തത് മാത്രമാണ് ഹൈക്കോടതി കണ്ടെത്തിയതും പ്രത്യേക സംഘം അന്വേഷണം തുടങ്ങിയതും. അതിനുമുമ്പും ശേഷവും നടന്ന കൊള്ളകൾ എത്രയോ പുറത്തുവരാനുണ്ടെന്ന് ഭക്തർ പറയുന്നു.

മറ്റ് ക്ഷേത്രങ്ങൾ പരിശോധിച്ചാൽ കൊച്ചിൻ ബോർഡിന്റെ തൃപ്പൂണിത്തുറ പൂർണ്ണത്രയീശ ക്ഷേത്രത്തിലെ സ്വർണ്ണം നഷ്ടമായി. അവിടെ ഉണ്ടായിരുന്ന സ്വർണത്തിൽ തീർത്ത നെറ്റിപ്പട്ടം പുതിയ ആനകൾക്ക് ചേരില്ലെന്ന വാദത്തിൽ ഉരുക്കിമാറ്റി. സ്വർണാഭരണങ്ങളിലെ രത്നങ്ങൾ വിറ്റതായും ആരോപണമുണ്ട്. ആറന്മുളയിലെ വിഗ്രഹത്തിലെ 50 പവൻ സ്വർണ്ണം നഷ്ടപ്പെട്ട സംഭവം ശബരിമല വിഷയത്തിന് പിന്നാലെ ഉയർന്നുവന്നതാണ്. ശാസ്താംകോട്ട ക്ഷേത്രത്തിലെ സ്വർണ്ണക്കൊടിമരത്തിലെ സ്വർണ്ണം നഷ്ടമായി. ഏറ്റുമാനൂർ ശിവക്ഷേത്രത്തിലെ രുദ്രാക്ഷമാല കാണാതായ സംഭവത്തിൽ 81 മുത്തുകളുള്ള പഴയ മാലയ്ക്ക് പകരം 72 മുത്തുകളുടെ മാല വയ്ക്കുകയായിരുന്നുവെന്ന് കണ്ടെത്തിയത് വിജിലൻസ് ആണ്.



ബാബു കദളിക്കാട്

ബാലുശ്ശേരി കോട്ട വേട്ടയ്ക്കൊരു മകൻ ക്ഷേത്രത്തിലെ 160 ഗ്രാം സ്വർണ ഉരുപ്പടികൾ മുക്കിയത് മുൻ എക്സിക്യൂട്ടീവ് ഓഫീസർ ആയിരുന്നു. കൊച്ചിൻ ദേവസ്വം ബോർഡിലെ തൃശൂർ ചേലക്കര പഴയന്നൂർ ഭഗവതി ക്ഷേത്രത്തിലെ 15.300 ഗ്രാം സ്വർണത്തിൽ ചെമ്പവിഴ രത്നങ്ങളും ഇന്ദ്രനീല രത്നവും പതിപ്പിച്ച കിരീടം കാണാതായതിൽ അന്വേഷണം വഴിമുട്ടി നിൽക്കുകയാണ്. കൊട്ടാരക്കര മഹാഗണപതി ക്ഷേത്രത്തിൽ പ്രസാദ അഴിമതി കണ്ടെത്തിയിരുന്നു. ഗണപതിഹോമത്തിന്റെ പ്രസാദം തയാറാക്കിക്കൊണ്ടിരുന്നത് വാടകയ്ക്ക് എടുത്ത മുറിയിൽ ബംഗാളികൾ. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഉൾപ്പടെ ഇതൊന്നും അറിഞ്ഞില്ലെന്നാണ് ന്യായീകരണം. ഉണ്ണിയപ്പ നിർമ്മാണത്തിലും അഴിമതി പുറത്ത് വന്നു.

തിരുവിതാകൂർ ദേവസ്വംബോർഡിന്റെ രണ്ടാമത്തെ വരുമാനമുള്ള ക്ഷേത്രമാണ് തിരുവല്ലം പരശുരാമ ക്ഷേത്രം. ഇവിടെ പിതൃക്കൾക്കുള്ള ബലിതർപ്പണത്തിൽ പോലും ലക്ഷങ്ങളുടെ കൊള്ളയാണ്. ഈ ക്ഷേത്രത്തിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക് ഒരുവർഷം ഒരുകോടിവരെ വരുമാനമുണ്ടെന്ന് കണ്ടെത്തിയത് ദേവസ്വം വിജിലൻസ് ആണ്. ഒടുവിൽ ഇത്തരം വരുമാനം ഉണ്ടാകുമ്പോൾ 25 ശതമാനം ദേവസ്വത്തിന് നൽകണമെന്ന നിബന്ധന ബോർഡ് മുന്നോട്ടുവച്ചത് ഉദ്യോഗസ്ഥരും അംഗീകരിച്ചു. അപ്പോൾ വെട്ടിപ്പിന്റെ 25 ശതമാനം ബോർഡിന് സ്വന്തമായി. ഇത്തരം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർ എല്ലാ ദേവസ്വംബോർഡിലും ഉണ്ട്.

ഗുരുവായൂർ ക്ഷേത്രത്തിൽ വഴിപാടായി ലഭിക്കുന്ന സ്വർണം, രത്നം, വെള്ളി തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിൽ ക്രമക്കേടെന്നാണ് ഓഡിറ്റിൽ കണ്ടത്തി. മറയൂർ ചന്ദനം, കശ്മീരി കുങ്കുമപ്പൂവ് എന്നിവയ്ക്കും കൃത്യമായ കണക്കില്ല. സ്വർണക്കുടയുടെ 140 ഗ്രാം വെള്ളിയിൽ തീർത്ത കാല് കാണാതായി. ഒരു വെള്ളിക്കുടത്തിന്റെ തൂക്കം 10 മാസം കൊണ്ട് 1190 ഗ്രാം കുറഞ്ഞു. ചില ക്ഷേത്രങ്ങളിലെ ഉപദേശക സമിതികൾ നടത്തിയ കൊള്ളകൾ, തെളിവില്ലെന്ന് പറഞ്ഞ് ദേവസ്വം ബോർഡുകൾ എഴുതിത്തള്ളിയ സംഭവങ്ങൾ നിരവധി. 'കാര്യക്കാരൻ കളവു തുടർന്നാൽ കരമേലുള്ളവർ കട്ടുമുടിക്കും' എന്ന കുഞ്ചൻ നമ്പ്യാരുടെ നിരീക്ഷണവും തെല്ലും പാളിയിട്ടില്ല.






# 'ഫണ്ടു'തട്ടിക്കളിയിൽ സെൽഫ് ഗോളടിച്ച്

പതാകയെ പല പേരിൽ സ്നേഹിക്കുകയും ദ്വേഷിക്കുകയും ചെയ്യുന്ന ദേശീയ കക്ഷി. സ്വന്തമായി ഒരു പതാക കൈവശം വന്നശേഷം രാജ്യത്ത് ഒറ്റക്കക്ഷിയായി ശക്തി തെളിയിച്ച പ്രസ്ഥാനം. നാല് പതിറ്റാണ്ട് കൊണ്ട്, രണ്ട് എന്ന അക്കത്തിൽ നിന്ന് 303 ലേക്ക് വളർന്ന ലോകത്തിലെ ഏറ്റവും വലിയ രാഷ്ട്രീയ കക്ഷികളിൽ ഒന്ന്. 2014 മുതൽ ഇന്ത്യ ഭരിക്കുന്ന ഭാരതീയ ജനതാ പാർട്ടി.

2024ലെ ലോക്സഭ തിരഞ്ഞെടുപ്പിൽ 240 സീറ്റുകളുമായി പതിനെട്ടാം ലോക്സഭയിലെ ഏറ്റവും വലിയ ഒറ്റ കക്ഷിയായി കൂട്ടുകക്ഷി സർക്കാർ രൂപീകരിച്ചതോടെ, വികസിത ഇന്ത്യ എന്ന സ്വപ്നത്തിലേക്ക് രാജ്യത്തെ നയിക്കാൻ സ്വപ്നങ്ങൾ നെയ്യുന്ന നരേന്ദ്രമോദി എന്ന പ്രധാനമന്ത്രി. കോൺഗ്രസിന്റെ സകല കൊള്ളരുതായ്മകൾക്കും മറുപടി എന്നപോലെ രാഷ്ട്രീയ നഭോ മണ്ഡലത്തിൽ കുതിച്ചുയർന്ന പ്രസ്ഥാനം.

എങ്കിലും, ജാതീയതയുടെ പേരിൽ അവരെ പച്ച തൊടാൻ അനുവദിക്കാതിരുന്ന കേരളം എന്ന കൊച്ചു ഭൂമിക. അവിടെ ഒരു കാൽ പതിപ്പിക്കാൻ സകല തന്ത്രങ്ങളും മെനയുന്ന കാവിയുടെ പിൻബലമുള്ള ബി.ജെ.പി. അവരോടുള്ള അകൽച്ചയും ഭീതിയും കേരളീയ രാഷ്ട്രീയ മനസ്സിൽ പൂർണമായി ഒഴിഞ്ഞുമാറിയിട്ടില്ലെങ്കിലും, മാറിമാറി പരീക്ഷിച്ച മുന്നണി രാഷ്ട്രീയം കണ്ടും അനുഭവിച്ചും മടുത്ത മലയാളി, മെല്ലെ പൂമുഖത്ത് അവർക്കായി ഒരു കസേര വലിച്ചിടാൻ തുടങ്ങുമ്പോഴാണ് തനിനിറം പുറത്തുവരുന്ന കാഴ്ചകൾ അമ്പരപ്പുണ്ടാക്കുന്നത്.

### വിളമ്പുന്ന ദേശീയത

അതിവിശാല കാഴ്ചപ്പാട് അവതരിപ്പിക്കുന്ന നരേന്ദ്രമോദി എന്ന വാഗ്മി ഇന്ത്യയിലെ സ്വകാര്യ കുത്തകകളുടെ സുഹൃത്തും അഭ്യുദയകാംക്ഷിയുമാണ്. എന്നുവെച്ചാൽ, പ്രസ്ഥാനത്തെ കൊണ്ട് നടക്കാൻ കാശിന് പഞ്ഞമില്ലാത്ത കാലാവസ്ഥ.

കേരളവും തെലുങ്കാനയും പശ്ചിമബംഗാളും ഒഴിച്ച് എല്ലായിടത്തും ഭരണസാന്നിധ്യം അറിയിച്ച ബി.ജെ.പിക്ക് കേരളം പ്രത്യേകിച്ച് ഒരു അഭിമാന ഭൂമികയാണ്. ഇവിടെ ഒറ്റയ്ക്ക് ഭരണം പിടിക്കുക എന്നത് വിദൂര സ്വപ്നമാണെങ്കിലും, ജനമനസ്സിൽ കടന്നു കയറാനുള്ള എല്ലാ തന്ത്രങ്ങളും ഒരുക്കുന്ന അത്യാധുനിക വാർറൂം സ്വന്തമായുള്ള പ്രസ്ഥാനമാണ് ബി.ജെ.പി.



ദേശീയത എന്ന വികാരം ആവോളം ആളിക്കത്തിച്ചാലും കുളിരുമാറാതെ നിൽക്കുന്ന കേരളമെന്ന സവിശേഷ പ്രദേശത്തെ സ്വന്തമാക്കുക എന്നത് അഭിമാന പ്രശ്നം കൂടിയാണ് അവർക്ക്. അതിനാലാണ് ഒരോ തിരഞ്ഞെടുപ്പും സുപ്രധാനവും നിർണായകവും ആവുന്നത്. പണം ഒഴുക്കിയാൽ പലതും വഴിക്ക് വരുമെന്ന് അനുഭവംകൊണ്ട് തെളിയിച്ച ഒരു പ്രസ്ഥാനത്തിന് തെരഞ്ഞെടുപ്പ് കാല ഫണ്ട് വിനിയോഗം ഒരു പ്രശ്നമേയല്ല. നല്ലപോലെ ഫണ്ട് ഒഴുകും എന്നറിഞ്ഞു തന്നെ അവരോടൊപ്പം കൂടാൻ പ്രദേശിക ഈർക്കിലി പാർട്ടികളും നേതാക്കളും എപ്പോഴും സന്നദ്ധരാണ്. അങ്ങനെ ഒഴുകിയ ഫണ്ടിൽ നിന്ന് ഇത്തവണ നിയമസഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പിക്ക് ലഭിച്ചത് വോട്ടല്ല, കുറെ ചീത്തപ്പേരാണ്.

### പതാക സ്നേഹം

അന്തരിച്ച മുൻ ഉത്തർപ്രദേശ് മുഖ്യമന്ത്രി കല്യാൺ സിങ്ങിന്റെ ശവപേടകത്തിൽ ദേശീയപതാകയുടെ മുകളിൽ ബി.ജെ.പി പതാക വിരിച്ച് ദേശീയ പതാക പൂർണമായി കാണാൻ സാധിക്കാതെ മറച്ച് സമൂഹമാധ്യമങ്ങളിൽ ബി.ജെ.പി തന്നെ പങ്കുവച്ച ചിത്രം പലരും മറന്നിട്ടുണ്ടാവില്ല. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷിക വേളയിൽ (2022) വീടുകളിൽ ദേശീയ പതാക ഉയർത്താനും പൗരന്മാർ അവരുടെ സോഷ്യൽ മീഡിയ പ്രൊഫൈലുകളിൽ പതാകയുടെ ചിത്രം പ്രദർശിപ്പിക്കാനും ബി.ജെ.പി സർക്കാർ ആഹ്വാനം ചെയ്തിരുന്നു.

അത് രാജ്യസ്നേഹത്തിന്റെ ഭാഗമാണെങ്കിലും സ്വന്തം കാവിക്കൊടി രാജ്യമെങ്ങും പാറിപ്പറക്കണം എന്ന സ്വപ്നമായിരുന്നു അതിന് പിന്നിൽ. എന്നാൽ ഇന്ന് സ്വന്തം പതാക വിറ്റ് കാശാക്കുന്ന നേതാക്കളെയും പ്രവർത്തകരെയും കൊണ്ട് കേരളത്തിന്റെ തെരഞ്ഞെടുപ്പ് ചുറ്റുവട്ടത്ത് നിൽക്കക്കള്ളിയില്ലാതെ, വിയർത്തു നിൽക്കുകയാണ് പാർട്ടി നേതൃത്വം. ബി.ജെ.പി ഫണ്ട് വിവാദത്തിൽ തട്ടിപ്പിന്റെ കണക്ക് പുറത്തായപ്പോൾ ഏറ്റവും കൂടുതൽ ചിരി പടർത്തിയത്, സൗജന്യമായി കിട്ടിയ പതാക ഒരു നേതാവ് രണ്ട് ലക്ഷം രൂപയ്ക്ക് വിറ്റു എന്ന കഥ കേട്ടപ്പോഴാണ്.

ബി.ജെ.പി ദേശീയ സംഘടനാ സെക്രട്ടറിക്ക് ഫണ്ട് തട്ടിപ്പിന്റെ സാക്ഷി എന്ന പേരിൽ ഒരാൾ അയച്ച കത്താണ് പാർട്ടിക്കുള്ളിൽ കത്തിപ്പടർന്നത്. സംസ്ഥാന തിരഞ്ഞെടുപ്പ് മനേജ്മെന്റ് കമ്മിറ്റിയും വോളന്റിയർ കമ്മിറ്റിയും ഒരു സ്വകാര്യ വ്യക്തിയിൽനിന്ന് 1.62 കോടി രൂപയുടെ തിരഞ്ഞെടുപ്പു സാമഗ്രികൾ വാങ്ങി. ഇതിന് 31 ലക്ഷം രൂപ കമ്മിഷനായി കൈപ്പറ്റി. പ്രചാരണത്തിന്റെ ചുമതലയിൽ ഉണ്ടായിരുന്ന സംസ്ഥാന ഭാരവാഹിക്കു തുക നേരിട്ട് കൈമാറുകയായിരുന്നു. കട്ടൗട്ടുകൾക്കുള്ള ക്വട്ടേഷൻ നൽകിയതിനു പ്രചാരണ വിഭാഗത്തിൽ ഉണ്ടായിരുന്ന 2 പേർക്ക് 5 ലക്ഷം രൂപ കമ്മിഷൻ ലഭിച്ചു.

ഭക്ഷ്യോൽപ്പന്നങ്ങളും ലോഷനും വിതരണം ചെയ്യുന്ന ഏജൻസിയിൽ നിന്ന് തിരഞ്ഞെടുപ്പുകാലത്തു ബി.ജെ.പി 10,000 പാർട്ടി പതാകകൾ വാങ്ങിയതായി രേഖയുണ്ടാക്കി. ഇതിനു 3.25 ലക്ഷം രൂപയും നൽകി. ബി.ജെ.പി വാമനപുരം മണ്ഡലം ജനറൽ സെക്രട്ടറി വി.പ്രേമചന്ദ്രന്റെ ഭാര്യ സുദർശനന്റെ എ.ഇ. ഏജൻസിയിൽ നിന്നാണ് ഇനിയും പാറാത്ത പതാക വാങ്ങിയത്. പ്രചരിക്കുന്ന ജിഎസ്ടി ബിൽ വ്യാജമാണെന്നു പ്രേമചന്ദ്രൻ പറഞ്ഞുവെങ്കിലും!

തന്നോടൊപ്പം ഉണ്ടായിരുന്ന നേതാക്കൾ വിശ്വാസ വഞ്ചന നടത്തിയോ എന്നത് കണ്ടെത്തുക എന്നതാണ് രാജീവ് ചന്ദ്രശേഖർ ലക്ഷ്യമിടുന്നത്. എന്നാൽ മാധ്യമങ്ങളിലടക്കം വലിയ ചർച്ചയായ വിഷയം പാർട്ടിയിൽ എവിടെയും ചർച്ചയാകാത്തതിൽ മുരളീധരനും കെ. സുരേന്ദ്രനും അതൃപ്തി പ്രകടിപ്പിച്ചു കഴിഞ്ഞു.

എല്ലാം മാധ്യമ സൃഷ്ടിയാണെന്ന് പാർട്ടി അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ നേതാക്കളുടെ യോഗം വിളിച്ചുചേർത്ത് പ്രസ്താവിച്ചുവെങ്കിലും അതൊന്നും അണികൾ പോലും വിശ്വസിച്ചിട്ടില്ല. അനാവശ്യ വിവാദമാണ് സൃഷ്ടിക്കുന്നതെന്ന് പറഞ്ഞ് കയ്യൊഴിയാൻ മാത്രമേ സംസ്ഥാന അധ്യക്ഷന് തൽക്കാലം നിവൃത്തിയുള്ളൂ. അതീവ രഹസ്യമായി തെരഞ്ഞെടുപ്പ് ഫണ്ട് വിവാദം തണുപ്പിക്കാൻ ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ ശ്രമിക്കുന്നു എന്നാണ് കരുതപ്പെടുന്നത്. എന്നാൽ യഥാർത്ഥത്തിൽ തട്ടിപ്പ് നടന്നു എന്ന് വിശ്വസിക്കുന്ന പാർട്ടിയിലെ പ്രബലമായ ഒരു വിഭാഗം മറുവശത്ത് നിൽക്കുമ്പോൾ, ബി.ജെ.പിയിൽ ഉടലെടുക്കുന്ന വിഭാഗീയതയുടെ ചിത്രം കൂടിയാണ് പുറത്തുവരുന്നത്. കൊടകര കുഴൽപ്പണ കേസ് വിവാദമായപ്പോൾ പാർട്ടി നടത്തിയ പ്രതിരോധം തെരഞ്ഞെടുപ്പ് ഫണ്ട് വിവാദത്തിൽ ഉണ്ടാവുന്നില്ല എന്നും മറുപക്ഷം ആരോപിക്കുന്നു. ഏതായാലും വരും തെരഞ്ഞെടുപ്പുകളിലും മറ്റും ഇതിന്റെ പ്രതിഫലനം നമുക്ക് പ്രതീക്ഷിക്കാം.

*പ്രജിത്ത് രാജ്*






# രാഹുൽ vs കേന്ദ്ര സർക്കാർ: ലോക്സഭയിൽ നാടകീയ രംഗങ്ങൾ

ന്യൂഡൽഹി: പൊതുപരീക്ഷാ ക്രമക്കേട് തടയൽ ബില്ലിന്റെ ചർച്ചയ്ക്കിടെ ഭരണപക്ഷവും പ്രതിക്ഷവും തമ്മിൽ രൂക്ഷമായ വാക്പോര്. വിദ്യാർത്ഥികൾക്കെതിരെയുണ്ടായ പെല്ലറ്റ് ആക്രമണത്തിൽ കേന്ദ്ര സർക്കാരിനും ആഭ്യന്തര മന്ത്രി അമിത് ഷായ്ക്കുമെതിരെ രാഹുൽ ഗാന്ധിയുടെ കടുത്ത ആക്രമണം. ആക്രമണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് അമിത് ഷാ രാജിവയ്ക്കണമെന്ന് രാഹുൽ ആവശ്യപ്പെട്ടു.

പ്രതിഷേധത്തിനിടെ ശബ്ദ വോട്ടോടെ ബിൽ പാസാക്കി. രാഹുൽ മാപ്പ് പറയണമെന്നാവശ്യപ്പെട്ട് ഭരണപക്ഷം ബഹളമുണ്ടാക്കി. രാഹുലിനെതിരെ കേന്ദ്രമന്ത്രി കിരൺറിജിജു രൂക്ഷ വിമർശനമുന്നയിച്ചു. ഇതിനിടെ പ്രിയങ്ക ഗാന്ധി രാഹുലിന് കുറിപ്പടി എഴുതി നൽകി. മുൻനിരയിലെത്തി രഹസ്യം പറയുകയും ചെയ്തു.

ബഹളമുണ്ടായാൽ പ്രസംഗിക്കരുതെന്ന നിർദ്ദേശമാണ് നൽകിയതെന്ന രീതിയിലായിരുന്നു രാഹുലിന്റെ പിന്നീടുള്ള പെരുമാറ്റം. പ്രതിഷേധിച്ച് സീറ്റിലിരുന്ന രാഹുലിനെ സ്പീക്കർ നിർബന്ധിച്ചാണ് എഴുന്നേൽപ്പിച്ചത്.

### ആഭ്യന്തരമന്ത്രി അറിയാതെ പെല്ലറ്റ് ഉപയോഗമോ സഭയിൽ രാഹുൽ

വിദ്യാർത്ഥികളുടെ താത്പര്യം സംരക്ഷിക്കാത്തവർ ഇഡിയറ്റുകൾ. അവർ ദൈവമാണെന്ന് ഇഡിയറ്റുകൾ ധരിക്കുന്നു. അവരെ പിന്തുണയ്ക്കാൻ അന്ധ ഭക്തരുടെ ഗ്രൂപ്പുമുണ്ട്. ഭരണപക്ഷത്തെ ആരെയും ലക്ഷ്യമിട്ടല്ല വാക്ക് പ്രയോഗിക്കുന്നത്.

ബി.ജെ.പി സർക്കാരിൽ വിദ്യാഭ്യാസ വകുപ്പ് നിയന്ത്രിക്കുന്നത് ആർ.എസ്.എസ്. എല്ലാ സർവകലാശാലകളിലും ആർ.എസ്.എസ് വൈൻചാൻസലർമാരുണ്ട്.

വിദ്യാർത്ഥികൾക്കു നേരെ പെല്ലറ്റ് ഗൺ ഉപയോഗിക്കാൻ ഉത്തരവിട്ടത് ആഭ്യന്തര മന്ത്രി അമിത് ഷാ. അമിത് ഷായ്ക്ക് സഭയിൽ വരാൻ പേടി. 30 കാറുകളുടെ അകമ്പടിയിൽ സഞ്ചരിക്കുന്നു.

ആഭ്യന്തര മന്ത്രയോ, പ്രധാനമന്ത്രയോ അറിയാതെ പെല്ലറ്റ് ഗൺ ഉപയോഗിക്കില്ല.

### രാഹുൽ ഉപയോഗിച്ചത് അൺപാർലമെന്ററി വാക്ക്, സർക്കാരിന്റെ പ്രതിരോധം

രാഹുൽ ഉപയോഗിച്ചത് അൺപാർലമെന്ററി വാക്ക്. രാഹുൽ സഭയിൽ വൈകാരികമായി പ്രതികരിക്കുന്നു. പ്രതിപക്ഷം പ്രധാനമന്ത്രിയുടെ പ്രസംഗം മുൻപ് തടസപ്പെടുത്തി.

അമിത് ഷായ്ക്കെതിരെ നടത്തിയത് ഗൗരവതരമായ ആരോപണം. രാഹുൽ മാപ്പു പറയണം. വെടിവയ്ക്കാൻ ഉത്തരവിട്ടതിന് തെളിവ് ഹാജരാക്കണം.

വെടിവയ്ക്കാൻ ഉത്തരവിടേണ്ടത് ജില്ലാ മജിസ്ട്രേറ്റാണ്. അമിത് ഷാ 30 വാഹനങ്ങളുടെ അകമ്പടിയിൽ സഞ്ചരിച്ചിട്ടില്ല.

# കാലംകഴിഞ്ഞ സ്ഥാപനങ്ങളെ ഒഴിവാക്കും, സമഗ്ര ഭരണപരിഷ്ക്കരണത്തിന് അഞ്ചിന പദ്ധതിക്ക് അംഗീകാരം

തിരുവനന്തപുരം: പ്രത്യേകിച്ച് പണിയൊന്നുമില്ലാതെ ഖജാനാവിലെ പണം തിന്നുകൊഴുക്കുന്ന സ്ഥാപനങ്ങളെ ഒഴിവാക്കാൻ മന്ത്രിസഭയോഗം തീരുമാനിച്ചു. ഇത്തരം 591സർക്കാർ സ്ഥാപനങ്ങളുണ്ട്. ഇവർക്ക് ശമ്പളം നൽകാൻ 19000 കോടിയിലേറെ ചെലവിടുന്നു. സംസ്ഥാനം ഒരു വർഷം കടമെടുക്കുന്നത് 39000 കോടിയാണ്. അതിന്റെ പകുതിയും ഇവരുടെ ശമ്പളത്തിന് വേണം. കാറും ഓഫീസും മറ്റ് ചെലവുകളും വേറെയും.

ഒരു ജോലിയുമില്ലെങ്കിലും ജില്ലാ, സംസ്ഥാന തലത്തിൽ ഓഫീസുകളുണ്ട്. ഒരേ സ്വഭാവമുള്ള സ്ഥാപനങ്ങളെ സംയോജിപ്പിക്കും. അല്ലാത്തവയെ ഒഴിവാക്കും. അല്ലെങ്കിൽ വകുപ്പുകളോട് ചേർക്കുമെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

സാമ്പത്തിക അച്ചടക്കവും കാര്യക്ഷമതയും വീണ്ടെടുക്കാൻ അഞ്ചിന പദ്ധതിക്കാണ് മന്ത്രിസഭ അംഗീകാരം നൽകിയത്. ഇതുൾപ്പെടെ പൊതുഭരണവകുപ്പിന്റെ നേതൃത്വത്തിൽ അഞ്ച് പരിഷ്കാരങ്ങൾ നടപ്പാക്കും. സ്പെഷ്യൽ അസറ്റ് മനേജ്മെന്റ് പോർട്ടൽ, പ്ലാൻ സ്പെയ്സ് 2.0, അസറ്റ് രജിസ്റ്റർ രൂപീകരണം, കാലഹരണപ്പെട്ട നിയമങ്ങൾ ഒഴിവാക്കൽ, ബിസ്സിനസ് നടപടികളുടെ പരിഷ്ക്കാരം തുടങ്ങിയവയാണ് പ്രധാനം. കെൽട്രോണിന്റെ ഓഹരി മൂലധനം 35 കോടി രൂപയിൽ നിന്ന് 60 കോടിയാക്കും. ലേബർകോ



ഡ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി ട്രേഡ് യൂണിയനുകളുമായി ചർച്ചനടത്തും.

### സാക്ഷരതാ മിഷൻ, റീബിൽഡ്, നിർമ്മിതി

പണം വിഴുങ്ങുന്ന സ്ഥാപനങ്ങളുടെ കൂട്ടത്തിൽ സാക്ഷരതാമിഷൻ മുതൽ റീബിൽഡ് കേരള വരെയുണ്ട്. രണ്ടര ലക്ഷം വരെ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥരുണ്ട്. ഒരു ലക്ഷത്തിലേറെ ശമ്പളമുണ്ട് മിക്കിടത്തും. എയ്ഡ്സ് കൺട്രോൾ കേന്ദ്രം, മീഡിയേഷൻ ആൻഡ് കൺസീലിയേഷൻ സെന്റർ, നിർമ്മിതികേന്ദ്രം, ബുക്ക് മാർക്ക്, സോഷ്യൽ വെൽഫയർ ബോർഡ്, യൂത്ത് ലീഡർഷിപ്പ് അക്കാഡമി, വാസ്തുവിദ്യ ഗുരുകുലം, സാമൂഹ്യസന്നദ്ധസേന, നവകേരളമിഷൻ, ആർദ്രം മിഷൻ, വിദ്യാകിരണം, ഭൂവിനിയോഗ ബോർഡ്, കോൺട്രാക്ട് ലേബർ അഡൈ്വസറി ബോർഡ്, സ്വയംതൊഴിൽ വികസനകേന്ദ്രം, മൾട്ടിപർപ്പസ് കൾച്ചറൽ സെന്റർ തുടങ്ങി സ്ഥാപനങ്ങൾ പലത്.

### അഞ്ചിന പരിഷ്കാരം


1. സർക്കാരിന്റെ വസ്തുവകകൾ സംബന്ധിച്ച മുഴുവൻ കാര്യങ്ങളും ഉൾപ്പെടുത്തി സ്പെഷ്യൽ അസറ്റ് മനേജ്മെന്റ് പോർട്ടൽ രൂപീകരിക്കും. ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തി

2. പ്ലാൻ സ്പെയ്സ് 2.0 പ്രോജക്ട് രജിസ്റ്ററാണ്. വകുപ്പുകൾ അനുമതി നൽകുന്ന എല്ലാമൂലധന പദ്ധതികളും ഇതിൽ ജിയോടാഗ് ചെയ്യും. ജി.ഐ.എസ് അധിഷ്ഠിത പ്രോജക്ട് രജിസ്റ്റർ ഉണ്ടാകും. നിലവിലുള്ള രണ്ടായിരത്തോളം പദ്ധതികളുടെ ട്രാക്കിങ് നടത്തും

3. കാലഹരണപ്പെട്ടതും അനാവശ്യവും പരസ്പരവിരുദ്ധമായ നിയമങ്ങളുടെ അവലോകനവും ഭേദഗതിയും നടപ്പാക്കും. ഇതുമൂലം വിവിധ പദ്ധതികൾക്ക് തടസ്സമുണ്ടാകുന്നുണ്ട്. ഇതൊഴിവാക്കുകയാണ്

4. ബിസിനസ് സുഗമമാക്കുന്നതിനുമുള്ള പരിഷ്കരണം. ബിസിനസ് നടത്താൻ സർക്കാരുമായുള്ള ഇടപെടൽ ലളിതമാക്കും. വിവിധവകുപ്പുകളെ ഏകോപിപ്പിക്കും. ഇതിനായി സെക്രട്ടറിമാരുടെ എംപവേഡ് കമ്മിറ്റി രൂപീകരിക്കും

5. കോടികൾ വിഴുങ്ങുന്ന പാഴ് സ്ഥാപനങ്ങളെ ഒഴിവാക്കൽ





## അധ്യായം 43

# പുതിയ ലോകത്തിന്റെ വിളി..!

### കഥ ഇതുവരെ

റിപ്പോർട്ടർ റോബിൻസ് ഒരു വിമാന അപകടത്തെക്കുറിച്ച് അറിയാൻ അമേരിക്കയിൽ നിന്നും കെനിയായിൽ എത്തി. അവിടത്തെ ദാരിദ്ര്യം ഭയാനകമായിരുന്നു. രക്ഷപെടാൻ ചിലർ കപ്പലിലും വിമാനത്തിലും ഒളിച്ചുകയറുന്നതായി അറിയുന്നു. ആ അനുഭവം നേരിട്ടറിയാൻ അയാൾ ഒരു ചരക്കുകപ്പലിൽ രഹസ്യമായി കയറി. ആ യാത്രക്കിടെ അയാൾക്ക് നടുക്കടലിലേക്ക് ചാടേണ്ടിവന്നു. ഒടുവിൽ ഒരു ദ്വീപിലെത്തി. അവിടെ അലൂമ എന്ന സ്ത്രീയോട് തന്റെ പൂർവ്വകാല കഥ പറയുന്നു.

അതിനു ശേഷം അലൂമയുടെയും ആ ദ്വീപിന്റേയും കഥ എഴുതാൻ തുനിയുന്നു റോബിൻസ്. ആ സമയം ആരെയോ തിരക്കി ഒരു കപ്പൽ ആ ദ്വീപിനെ ലക്ഷ്യമാക്കി യാത്രതിരിക്കുന്നു. റോബിൻസ് വീണ്ടും അമേരിക്കയിലെത്തി. ദ്വീപിനെക്കുറിച്ചുള്ള ഫീച്ചർ തയ്യാറാക്കിയതിനു ശേഷം കേരളത്തിൽ എത്തി. റോബിൻസ് ബീനയെ കണ്ടുമുട്ടുന്നു. തുടർന്നയാൾ അപ്രത്യക്ഷനാകുന്നു. ഈ അവസരത്തിൽ റോബിൻസിന് പുലിറ്റ്സർ അവാർഡ്. അതുവാങ്ങാൻ അയാൾക്ക് കഴിഞ്ഞില്ല.

തുടർന്നു വായിക്കുക.

കൊടിയ വേനലിൽ പൊട്ടിവരണ്ട ഭൂമിയെ ആദ്യമഴ നനയ്ക്കുമ്പോൾ ഉയരുന്ന മണ്ണിന്റെ മണം പോലെ ഒരു അനുഭൂതിയായിരുന്നു ഡോ. ബീനയുടെ ഹൃദയത്തിലുണ്ടായത്. നാളുകളായി കരിഞ്ഞുകിടന്ന മനസ്സിലേക്ക് ഒരൊറ്റ നിമിഷം ജീവന്റെ പച്ചപ്പ് തിരികെ വന്നതുപോലെ. ലോകം മരിച്ചുപോയെന്ന് വിശ്വസിച്ച മനുഷ്യൻ, ആ രാത്രിയിൽ അവളുടെ മുന്നിൽ ജീവനോടെ നിന്നപ്പോൾ, അവളുടെ ഹൃദയം സ്തംഭിക്കുമോ എന്നുപോലും സംശയിച്ചുപോയി. മരണവാർത്തയെ തോൽപ്പിച്ച തിരിച്ചുവരവായിരുന്നു.

റോബിൻസിന്റെ വരവ് പുതിയൊരു പ്രകാശം നിറച്ചെങ്കിലും, ആ മനുഷ്യന്റെ കണ്ണുകളിൽ ബീന അതുവരെ കാണാത്ത ഒരു നിശ്ശബ്ദത ഉണ്ടായിരുന്നു. ലോകം ചുറ്റിനടന്ന മാധ്യമപ്രവർത്തകന്റെ അസ്വസ്ഥതയല്ല അത്; അഗ്നിയിലൂടെ കടന്നപോയ സ്വർണം കൈവരിക്കുന്ന ശാന്തതയായിരുന്നു.

കുറച്ചു സമയംകൂടി അവരോടൊപ്പം ചെലവഴിച്ച ശേഷം പരമഹംസ എഴുന്നേറ്റു. അദ്ദേഹം വന്ന കാറിൽ തന്നെ തിരികെ പോയി. ആയാത്രയിൽ പരമഹംസയുടെ മനസ്സിൽ ഹിമാലയത്തിലെ ആ ദിവസം കടന്നുപോയി. സ്വാമി രാമയുടെ ശിഷ്യൻ പറഞ്ഞ വാക്കുകൾ വീണ്ടും ചെവിയിൽ മുഴങ്ങി.

''ഇയാൾ ഒരു പത്രപ്രവർത്തകൻ മാത്രമല്ല... അഗ്നിയിൽ ശുദ്ധിചെയ്യപ്പെടേണ്ട മനുഷ്യനാണ്. സമയമെത്തുമ്പോൾ അവനെ സഹായിക്കേണ്ടത് നിങ്ങളുടെ നിയോഗമാണ്.'' അന്ന് ആ വാക്കുകളുടെ അർഥം അദ്ദേഹത്തിന് മനസ്സിലായിരുന്നില്ല. പക്ഷേ ഇന്ന് എല്ലാം വ്യക്തമായിരുന്നു..!

ലോകം ഒരു പുലിറ്റ്സർ ജേതാവിനെയാണ് കണ്ടത്. താൻ കണ്ടത് അതിലും വലിയൊരു മനുഷ്യനെയായിരുന്നു. ഒരു പുരസ്കാരത്തേക്കാൾ വലിയ ഒരു ത്യാഗം ചുമക്കുന്ന മനുഷ്യനെ...! യുദ്ധമില്ലാത്ത ലോകം ഒരു സ്വപ്നമല്ല. അതിന് തുടക്കം കുറിക്കാൻ ധൈര്യപ്പെടുന്ന ആദ്യ മനുഷ്യനെയാണ് ലോകം കാത്തിരിക്കുന്നത്. ഒരു പക്ഷേ അത് ഇയാളാകാം..!

*** **** *** ***

ആ രാത്രി, എല്ലാവരും ഉറക്കത്തിലേക്ക് വഴുതിവീണിട്ടും റോബിൻസിന് ഉറങ്ങാനായില്ല. മേശപ്പുറത്ത് കിടന്നിരുന്ന പഴയ സാറ്റലൈറ്റ് ഫോൺ അവൻ കൈയിലെടുത്തു. നാളുകൾക്കശേഷം വീണ്ടും അത് പ്രവർത്തിപ്പിക്കുമ്പോൾ, അവന്റെ വിരലുകൾക്കുപോലും ഒരു ചെറിയ വിറയൽ അനുഭവപ്പെട്ടു.

റോബിൻസ് നമ്പർ ഡയൽ ചെയ്തു.

ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ അർധരാത്രി കഴിഞ്ഞിരുന്നു.

മൂന്നാമത്തെ റിങ്ങിൽ ഫോൺ എടുക്കപ്പെട്ടു.

''പ്രൊഫസർ സൈമൺ ഗിച്ചാരു സ്പീക്കിങ്.''

റോബിൻസ് ഒരു നിമിഷം കണ്ണുകളടച്ചു.

''സൈമൺ സാർ...''

മറുതലയ്ക്കൽ നിശ്ശബ്ദത. സെക്കൻഡുകൾ മാത്രം നീണ്ട ആ നിശ്ശബ്ദത ഒരു യുഗം പോലെ തോന്നി. പിന്നീട് വിറയാർന്ന ശബ്ദം.

''റോബിൻസ്...? ദൈവമേ... ശരിക്കും നീ തന്നെയാണോ?''

''അതെ... ഞാൻ ജീവനോടെയുണ്ട്.'' ഗിച്ചാരു ദീർഘനിശ്വാസമെടുത്തു.

''നിന്നെക്കുറിച്ച് എത്രയോ പ്രാവശ്യം അന്വേഷിച്ചു. ഒടുവിൽ... നീ ആ ക്യാപ്ടന്റെ ഗ്രൂപ്പിൽ അകപ്പെട്ടുകാണമെന്നാ ഞാൻ കരുതിയത്.''

റോബിൻസ് മൃദുവായി പറഞ്ഞു:

''ക്യാപ്ടൻ എന്നെ വിഴുങ്ങിയില്ല'',


വീണ്ടും ഒരു നിമിഷം നിശ്ശബ്ദത. ശേഷം റോബിൻസ് ശബ്ദം താഴ്ത്തി.

''നമുക്ക് വീണ്ടും അലൂമയുടെ ആ ദ്വീപിലേക്ക് പോകണം.'' ഗിച്ചാരു ഒട്ടും ആലോചിച്ചില്ല.

''എപ്പോൾ?''

''എത്രയും വേഗം.''

''എങ്കിൽ കേൾക്ക്...''




അദ്ദേഹത്തിന്റെ ശബ്ദത്തിൽ പഴയ ആവേശം തിരികെയെത്തിയിരുന്നു.

''ഞാൻ തയ്യാറാണ്.''

അൽപ്പം നിർത്തി അദ്ദേഹം കൂട്ടിച്ചേർത്തു.

''ഞാൻ മാത്രമല്ല...നമ്മുടെ കിബേറ്റും ഉണ്ടാകും.''

ആ പേര് കേട്ടപ്പോൾ റോബിൻസിന്റെ മുഖത്ത് അപൂർവമായൊരു പുഞ്ചിരി വിടർന്നു.

തെരവോരത്ത് വിശപ്പുമായി പോരാടിയിരുന്ന ആ ചെറുക്കനെ ആദ്യമായി കണ്ട ദിവസം അയാളുടെ മനസ്സിലൂടെ മിന്നിമറഞ്ഞു. ഒരു നേരത്തെ ഭക്ഷണത്തിനും പഠിക്കാനുള്ള അവസരത്തിനുമായി കാത്തിരുന്ന കിബേറ്റിന്റെ ജീവിതത്തിന് പുതിയ ദിശ തുറന്നുകൊടുത്തത് റോബിൻസായിരുന്നു.

ഇപ്പോൾ അവൻ ഗിച്ചാരുവിന്റെ വലംകൈയായി മാറിയിരുന്നു.

ഫോൺവിളി ശബ്ദം കേട്ട് ബീന ഉറക്കത്തിൽ നിന്നു ഉണർന്നു. അയാളുടെ മുഖത്തേക്ക് നോക്കി സ്വരം താഴ്ത്തി ചോദിച്ചു:

''അവർ വരുമല്ലേ?''

റോബിൻസ് ജനലിലൂടെ രാത്രിയിലേക്ക് നോക്കി.

''അതെ...''

മുഖത്ത് ഒരു പുഞ്ചിരി വിരിഞ്ഞു.

''ഇനി നമ്മുടെ യാത്ര തുടങ്ങുകയാണ്.''

പിറ്റേന്ന് അതിരാവിലെ തന്നെ ''പുനർജനി'' ഉണർന്നിരുന്നു.

നേര്യമംഗലത്തിന്റെ മലഞ്ചെരുവുകളെ നേർത്ത മഞ്ഞ് പൊതിഞ്ഞിരുന്നു. രാത്രിമഴയുടെ ഈർപ്പം ഇപ്പോഴും ഇലകളിൽ തങ്ങിനിന്നു. കാപ്പിച്ചെടികളിൽ നിന്ന് മണ്ണിലേക്ക് ഇറ്റുവീഴുന്ന മഴത്തുള്ളികളുടെ ശബ്ദം ഒരു പ്രാർത്ഥനയുടെ സംഗീതം പോലെ തോന്നി.

നെടുമ്പാശേരിയിലേക്കുള്ള കാർ മുറ്റത്ത് തയ്യാറായി നിൽക്കുകയായിരുന്നു. ഡ്രൈവർ പഴയ പള്ളിക്കരക്കാരൻ തന്നെ.

ഡോ. ബീനയുടെ അമ്മ മോളി യാത്രയ്ക്കായി കുറച്ച് ഭക്ഷണസാധനങ്ങൾ ബാഗിൽ ഒതുക്കിവച്ചു. പിതാവ് ടോമിച്ചൻ വീടിന്റെ വരാന്തയിൽ നിന്ന് ആകാശത്തേക്ക് നോക്കി നിന്നു. ബിനോയിയും ഭാര്യയും കുട്ടികളും നിശ്ശബ്ദരായിരുന്നു. ആരും അധികം സംസാരിച്ചില്ല.

കാരണം ഇത് ഒരു വിദേശയാത്ര മാത്രമല്ലെന്ന് എല്ലാവർക്കും അറിയാമായിരുന്നു.

റോബിൻസ് പോകുന്നത് വെറുമൊരു ദ്വീപിലേക്കല്ല..!

ഒരു സ്വപ്നത്തിലേക്കാണ്.

കടലിനാൽ ലോകത്തിൽ നിന്ന് വേർപെട്ട ആ ദ്വീപിൽ, മനുഷ്യൻ പ്രകൃതിയോട് യുദ്ധം ചെയ്യാതെ, പ്രകൃതിയോടൊപ്പം ജീവിക്കാമെന്ന് തെളിയിച്ച ഒരു ചെറിയ സമൂഹം വളർന്നുവരികയായിരുന്നു. അധികാരമത്സരങ്ങളോ സമ്പത്തിന്റെ അഹങ്കാരമോ വർഗവൈരമോ ഇല്ലാത്ത ഒരു ജീവിതം..! മനുഷ്യന്റെ വില അയാളുടെ സമ്പത്തിലല്ല, ഹൃദയത്തിലാണെന്ന് വിശ്വസിക്കുന്ന ഒരു കൂട്ടം മനുഷ്യർ. ആ വിത്ത് പാകിയത് അലൂമയായിരുന്നു.

ഒരു വിദേശിയായിട്ടും അവൾ അവിടുത്തെ ജനങ്ങളുടെ ജീവിതത്തിൽ ലയിച്ചുപോയിരുന്നല്ലൊ..! പ്രാകൃതരായ ആദിവാസികളെ തിന്മയിൽ നിന്നും നന്മയിലേക്ക് നയിച്ച സ്ത്രീ.

അവൾ തുടങ്ങിയ ചെറിയ പ്രവർത്തനങ്ങൾ, പിന്നീട് ഒരു സമൂഹത്തിന്റെ പ്രത്യാശയായി വളർന്നു.

ആ ദ്വീപിൽ അബോധാവസ്ഥയിൽ എത്തിച്ചേർന്ന റോബിൻസ് ആദ്യം കണ്ടത് മനുഷ്യരുടെ നന്മയായിരുന്നു. പിന്നെ...സ്വന്തം ഉള്ളിലെ മനുഷ്യനെയും.

ആ ദിവസത്തിനുശേഷം അവന്റെ മനസ്സിൽ ഒരേയൊരു സ്വപ്നമേ ഉണ്ടായിരുന്നുള്ളൂ. യുദ്ധങ്ങളും പരസ്പര മത്സരങ്ങളും ഇല്ലാത്ത ഒരു ലോകം സാധ്യമാണോ...? അങ്ങനെയൊരു ലോകത്തിന്റെ ചെറിയ മാതൃക ആ ദ്വീപിൽ സൃഷ്ടിക്കാനാകുമോ...?

ടോമിച്ചൻ പതുക്കെ റോബിൻസിന്റെ അടുത്തേക്ക് വന്നു.

''മോനെ...''

റോബിൻസ് ആദരവോടെ അദ്ദേഹത്തിന്റെ മുന്നിൽ നിന്നു.

''നീ പോകുന്നത് നിന്റെ ജീവിതം തേടിയല്ല. കുറെ മനുഷ്യരുടെ ജീവിതം പണിയാനാണെന്ന് എനിക്ക് മനസ്സിലാകുന്നുണ്ട്.''

ഒരു നിമിഷം നിർത്തി അദ്ദേഹം തുടർന്നു.

''അതിനേക്കാൾ വലിയ സേവനം വേറെയില്ല.''

റോബിൻസ് കുനിഞ്ഞ് അദ്ദേഹത്തിന്റെ കൈകളിൽ സ്പർശിച്ചു.

''ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണം.''

''നിങ്ങൾക്കുവേണ്ടി മാത്രമല്ല മോനെ...'' ടോമിച്ചന്റെ ശബ്ദം പതറി.

''...നീ സ്വപ്നം കാണുന്ന ആ ലോകത്തിനുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കും.''

മോളി ബീനയെ ചേർത്തുപിടിച്ചു.

''മോളേ... ഈ യാത്ര നിങ്ങളെ എവിടെയെത്തിച്ചാലും, മനുഷ്യത്വം കൈവിടരുത്.'' ബീന പുഞ്ചിരിച്ചുകൊണ്ട് തല കുലുക്കി.

''അതാണല്ലോ ഞങ്ങൾ പോകുന്ന കാരണവും, അമ്മേ.''

ബിനോയി മുന്നോട്ട് വന്ന് റോബിൻസിന്റെ കൈ മുറുകെ പിടിച്ചു.

''... തിരികെ വരാൻ മറക്കരുത്.''

റോബിൻസ് ചെറുതായി ചിരിച്ചു.

''തിരികെ വരും.''

പിന്നെ ആ സ്കൂളിന്റെ നാമഫലകത്തിലേക്ക് നോക്കി.

''പുനർജനി''

ആ പേര് വായിച്ചപ്പോൾ അവന്റെ മനസ്സിൽ ഒരു ചിന്ത മിന്നി.

''ചില സ്ഥലങ്ങൾ മനുഷ്യരെ വീണ്ടും ജനിപ്പിക്കുകയാണ്.''

ഡ്രൈവർ കാർ സ്റ്റാർട്ട് ചെയ്തു. യാത്ര തുടങ്ങുന്നതിന് മുമ്പ് എല്ലാവരും ഒരുമിച്ച് നിന്നു.

ടോമിച്ചൻ ഒരു ചെറിയ പ്രാർത്ഥന ചൊല്ലി.

''കർത്താവേ, ഇവർ പോകുന്ന വഴിയിൽ ഭയമുണ്ടാകാം. അനിശ്ചിതത്വമുണ്ടാകാം. പക്ഷേ ഇവരുടെ ഹൃദയത്തിലെ സ്നേഹം ഒരിക്കലും വറ്റാതിരിക്കട്ടെ. ഇവർ എവിടെ ചെന്നാലും അവിടെ സമാധാനത്തിന്റെ വിത്തുകൾ വിതയ്ക്കാൻ ശക്തി നൽകണമേ.''

ആ പ്രാർത്ഥനയ്ക്ക് ശേഷം ആരും ഒന്നും പറഞ്ഞില്ല. റോബിൻസും ബീനയും കാറിൽ കയറി. കാർ പതിയെ നീങ്ങി. വീട്ടുമുറ്റത്ത് നിന്ന എല്ലാവരും കൈവീശുന്നുണ്ടായിരുന്നു. ആ കൈകളിൽ യാത്രയയപ്പിനേക്കാൾ കൂടുതൽ ഉണ്ടായിരുന്നത് പ്രതീക്ഷ..! പ്രാർത്ഥന..!

ഒരുനാൾ, മനുഷ്യൻ മനുഷ്യനെ ഭയക്കാതെ ജീവിക്കുന്ന ഒരു ലോകം പിറക്കുമെന്ന വിശ്വാസം.

ആ വിശ്വാസം നെഞ്ചിലേറ്റി, റോബിൻസും ബീനയും ആഫ്രിക്കയിലേക്കുള്ള യാത്ര ആരംഭിച്ചു. മനുഷ്യരാശിയുടെ ഭാവി സ്വപ്നത്തിലേക്കുള്ള യാത്ര കൂടിയായിരുന്നു അത്.

(തുടരും)

# ‘പിണറായി ഫ്രൈ’ പാർട്ടിക്ക് ‘ബൂസ്റ്റാ’യി മാറുമോ?

കേരളാ വിൻഡോ



ആന്റണി ചടയംമുറി

ഇടയ്ക്കിടയ്ക്ക് ഓടിയെത്തി ചറുപറാന്ന് കല്ലെറിയുന്ന കുസൃതിപ്പയ്യനെ പോലെ ഒരു മഴക്കാലം. വെയിൽ തെളിഞ്ഞു നിൽക്കുമ്പോഴും ചിലപ്പോൾ മഴയിൽ നനയുന്നുണ്ട് മലയാളി. യൂറോപ്പിൽ കാട്ടുതീയുടെ ചുവന്ന മേഘങ്ങളാണെങ്കിൽ, ഇവിടെ കേരളത്തിനു മുകളിൽ കുമ്പാര മേഘങ്ങളുടെ കുമ്മിയടിയാണ്.

കേരളത്തിലെ രാഷ്ട്രീയത്തിലും കാലാവസ്ഥയിലെഅപൂർവപ്രതിഭാസംദൃശ്യമാണ്. പിണറായിക്കു മുകളിൽ കേന്ദ്ര കമ്മിറ്റി തൊടുത്തുവിട്ട ആരോപണങ്ങളുടെ തീമഴ. പാർട്ടിയിൽ പണ്ട് ഒപ്പം നിന്നവർ പലരും പിണറായിയെ ഇപ്പോൾ പഞ്ഞിക്കിടുന്നു. എം.വി.ഗോവിന്ദനാകട്ടെ, ഇതെല്ലാം ഞങ്ങൾ കൂടിയിരുന്ന്എഴുതിയൊപ്പിച്ചഅഭിപ്രായങ്ങളല്ലേയെന്ന പുളുവടിച്ച് വളുവളാന്ന് വാർത്താസമ്മേളനത്തിൽ ഉളുപ്പില്ലാതെ ചിരിക്കുന്നു.

ഓണത്തിനുശേഷം മുണ്ട് മുറുക്കിയുടുക്കണമെന്ന പഴയ ‘ബനാന ചൊല്ല്’ ധനവകുപ്പ് മാറ്റിപ്പറഞ്ഞു കഴിഞ്ഞു. അനാവശ്യമായ ചെലവുകൾ ഒഴിവാക്കണമെന്ന് ധനവകുപ്പിന്റെ വക മുന്നറിയിപ്പുമുണ്ട്. ഇങ്ങനെയെല്ലാമാണെങ്കിലും പുതിയ സർക്കാർ ക്ഷേമപെൻഷനെല്ലാം കൃത്യമായി നൽകിക്കഴിഞ്ഞിട്ടുണ്ട്. ഓഗസ്റ്റ് 26നോണ് തിരുവോണം. സർക്കാർ ജീവനക്കാർക്ക് ശമ്പളവും ബോണസും നൽകണം. ഇതിനകം 10,000 കോടി രൂപ കേന്ദ്രത്തിൽ നിന്ന് കടമെടുത്തിട്ടുണ്ട്. പതിനാറാം ധനകാര്യ കമ്മീഷൻ കേരളത്തിനായി മറ്റൊരു കെണിയൊരുക്കിയിട്ടുണ്ട്. സെൻസസിനെആധാരമാക്കികേരളത്തിലെഗ്രാമങ്ങളെ പട്ടണങ്ങളായി പുനർനിർവചിച്ചിരിക്കുകയാണ് കേന്ദ്രം. ഇതുമൂലം നിലവിൽ കേരളത്തിലെ പല പഞ്ചായത്തുകൾക്കും ‘റൂറൽ’ എന്ന ലേബലിൽ പ്ലാൻ വിഹിതം ലഭിക്കില്ലെന്നതാണ് പുതിയ പ്രതിസന്ധി.

## എല്ലാവരും കൊതിക്കുന്നുണ്ട് പിണറായി ‘ഫ്രൈ’

സി.പി.എമ്മിൽചിലരെങ്കിലും‘പിണറായി ഫ്രൈ’ കൊതിക്കുന്നുണ്ട്. പാർട്ടിയിൽ പുതിയ ‘കർമ്മപദ്ധതി’ നടപ്പാക്കണമെങ്കിൽ പിണറായിക്ക് മണികെട്ടിയേ പറ്റൂ എന്ന് ചില നേതാക്കൾ ഒളിഞ്ഞും തെളിഞ്ഞും പറയുന്നു. ബന്ധംകൊണ്ട് ചിറ്റപ്പനായ ഇ.പി.സഖാവ് പോലും ചൊവ്വാഴ്ച പിണറായിയെ പാർട്ടി ഫോറങ്ങളിൽ വിമർശിച്ചതായി മാധ്യമങ്ങളോട് ഏറ്റുപറയുകയുണ്ടായി.

കിഫ്ബിയുടെ തലതൊട്ടപ്പൻ ഡോ. തോമസ് ഐസക്കാകട്ടെ പയ്യന്നൂരിലെ പാർട്ടിഫണ്ട് വിവാദത്തിൽ ചില നേതാക്കളുടെ ഇരട്ടത്താപ്പ് പൊളിച്ചടുക്കിയിട്ടുണ്ട്. കണ്ണൂർ ജില്ലാ സെക്രട്ടറി കെ.കെ. രാകേഷ് പാർട്ടിക്കാരുടെ കുടുംബസംഗമത്തിൽ ‘ഫണ്ട് കണക്ക്’ വിശദമാക്കാമെന്ന് പറഞ്ഞിരുന്നതും, സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ ‘രക്തസാക്ഷി ഫണ്ടി’ ന്റെ കണക്ക് പറയേണ്ട സമയത്ത് പറയുമെന്ന് മാധ്യമങ്ങൾക്കു മുമ്പിൽ വീമ്പടിച്ചതും ഐസക്ക് സഖാവ് പരോക്ഷമായി ഓർമ്മിപ്പിക്കുകയുണ്ടായി. ഒടുവിൽ സഖാവിന്റെ ചോദ്യം “എന്തിന് രക്തസാക്ഷി ഫണ്ടിന്റെ കാര്യം പുറത്തു പറയാതിരിക്കണം” എന്നായിരുന്നു.

കേന്ദ്രകമ്മിറ്റിയുടെ തെരഞ്ഞെടുപ്പ് അവലോകനറിപ്പോർട്ട്പാർട്ടിയുടെവെബ്സൈറ്റിൽ വന്നു കഴിഞ്ഞു. ഭരണ വിരുദ്ധ വികാരമുണ്ടായിരുന്നു. ഭൂരിപക്ഷ പ്രീണനം നടത്തി, പിണറായിയിൽ മാത്രം പ്രചരണം കേന്ദ്രീകരിച്ചത് വിനയായി,ജനക്ഷേമപദ്ധതികൾനടപ്പാക്കുന്നതിൽ വീഴ്ചയും കാലതാമസവുമുണ്ടായി, പാർട്ടിയുടെ മതേതര സ്വഭാവം കളഞ്ഞുകുളിച്ചു. പി.എം.ശ്രീയിൽ തെറ്റായ നിലപാടെടുത്തു, സംസ്ഥാന പാർട്ടി നേതൃത്വത്തിന് സർക്കാരിനെ നിയന്ത്രിക്കാനായില്ല തുടങ്ങിയ ആരോപണമിസൈലുകളെല്ലാം ചെന്നു തറയ്ക്കുന്നത് പിണറായി-ഗോവിന്ദൻ കൂട്ടുകെട്ടിനു നേരെയാണ്. ചൊവ്വാഴ്ചത്തെ (ജൂലൈ 28) വാർത്താ സമ്മേളനത്തിൽ എം.വി.ഗോവിന്ദന്റെ വോൾട്ടേജില്ലാത്ത ചിരി കേന്ദ്ര കമ്മിറ്റി റിപ്പോർട്ടിന്റെ മൂർച്ച കുറയ്ക്കാൻ പ്രയോജനപ്പെട്ടതുമില്ല.



## മുഖ്യമന്ത്രി സതീശന് ഒരു നെടുങ്കൻ സല്യൂട്ട്

ബുധനാഴ്ചത്തെ (ജൂലൈ 29) മന്ത്രിസഭാ തീരുമാനങ്ങൾ സംസ്ഥാന സർക്കാർ പ്രയോജനപ്പെടുത്താൻ പോകുന്ന ഡിജിറ്റൽ സാങ്കേതികവിദ്യകളെപ്പറ്റിയുള്ള സൂചനയായി മാറി. സർക്കാരിന്റെ എല്ലാ ആസ്തികളും കൃത്യമായി രേഖപ്പെടുത്താൻ ഒരു ഡിജിറ്റൽ ‘ഇൻഫ്രാസ്ട്രക്ച്ചർ’ സർക്കാർ, രൂപപ്പെടുത്തുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം നാം കൈവരിക്കാൻ പോകുന്ന വലിയ നേട്ടം തന്നെയാണ്.

മാത്രമല്ല, സർക്കാർ പദ്ധതികളുടെ പ്രൊജക്ട് രജിസ്റ്റർ, കാലഹരണപ്പെട്ട നിയമങ്ങളുടെ ഭേദഗതി, ഒരേ സ്വഭാവമുള്ള സ്ഥാപനങ്ങളെ സംയോജിപ്പിക്കൽ, പദ്ധതികൾ പൂർത്തിയായിട്ടും വെറുതെ ശമ്പളം നൽകേണ്ടിവരുന്ന അവസ്ഥ (ഉദാഹരണം: പെരിയാർവാലി കനാൽ പ്രൊജക്ട്) വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെടുന്ന പദ്ധതി നിരീക്ഷണ എംപവേർഡ് കമ്മിറ്റി എന്നിവയെല്ലാം മലയാളികൾക്ക്പുതുപ്രതിക്ഷനൽകുന്നുണ്ട്. 591 സ്ഥാപനങ്ങളിലെ സർക്കാർ ജീവനക്കാർക്കായി പ്രതിമാസം 19,000 കോടി രൂപ ശമ്പളമായി നൽകുമ്പോൾ ഇത്തരമൊരു നിരീക്ഷണം അനിവാര്യമാണ്.

മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനം ഒരു തരത്തിൽ ചില മാധ്യമ പ്രവർത്തകർക്കുള്ള സ്റ്റഡി ക്ലാസായി മാറി. ടി.ജി. മോഹൻദാസിന്റെ സ്ത്രീവിരുദ്ധ പരാമർശം പോലും, മുഖ്യമന്ത്രി ന്യായീകരിച്ചത്. ആ വന്ദ്യവയോധിക നേതാവിനെ തള്ളിപ്പറഞ്ഞ സംസ്ഥാന ബി.ജെ.പി.ക്ക് തിരിച്ചടിയായി. കുണ്ടറയിലെ പൊലീസ് അതിക്രമവും ഒരു വ്യാജവാർത്തയാണെന്ന് മുഖ്യമന്ത്രി തെളിവുകൾ നൽകി ചൂണ്ടിക്കാണിച്ചു. എം.ആർ. അജിത് കുമാറിനെതിരെ നടപടിയെടുക്കാൻ വൈകിയെന്ന മാധ്യമ പ്രചാരണത്തെയും മുഖ്യമന്ത്രി ഖണ്ഡിച്ചു.

ചൊവ്വാഴ്ചയാണ് ഏഷ്യാനെറ്റ് ന്യൂസിൽവിലക്കയറ്റത്തെക്കുറിച്ചുള്ളവാർത്ത വന്നത്. സർക്കാർ വിപണിയിൽ ഇടപെടുന്നില്ലെന്ന ചില പാർട്ടി പത്രങ്ങളുടെ ആരോപണം രണ്ട് മാസത്തിനുള്ളിൽ സപ്ലൈകോയ്ക്ക് 448 കോടി രൂപ അനുവദിച്ച ധനവകുപ്പിന്റെ ഉത്തരവ് ഉദ്ധരിച്ചുകൊണ്ടാണ് മുഖ്യമന്ത്രി നേരിട്ടത്. 16 ഇനങ്ങളടങ്ങിയ ഓണക്കിറ്റ് വിതരണത്തിനായി സർക്കാർ 854 കോടി രൂപ അനുവദിച്ച കാര്യവും മുഖ്യമന്ത്രി വാർത്താലേഖകരെ അനുസ്മരിപ്പിച്ചു. ലേബർ കോഡിന്റെ പേരിലും തൊഴിലാളിപ്പാർട്ടിയുടെ പത്രത്തിന്റെ ലേഖകൻ ചോദ്യമുയർത്തിയത് വിചിത്രമായി. ലേബർ കോഡ് കേന്ദ്രം നടപ്പാക്കിയതിനോടൊപ്പം കേരളത്തിലെ മൂന്ന് ലേബർ കോടതികളെ വന്ധ്യംകരിച്ചത് ഇടതുസർക്കാരാണ്.

ഈ കോടതികളിലെ 300ഓളം കേസുകളെ സംബന്ധിച്ചും അന്നത്തെ ഇടതുസർക്കാർ മൗനം പാലിക്കുകയായിരുന്നു. നിലവിൽ സംസ്ഥാനത്ത് ഒരു ലേബർ നിയമവും പ്രാബല്യത്തിലില്ലെന്ന് മുഖ്യമന്ത്രി വിശദീകരിച്ചു. കേന്ദ്ര നിയമങ്ങളിലെ തൊഴിലാളി വിരുദ്ധ നിർദ്ദേശങ്ങളെക്കുറിച്ച് ട്രേഡ് യൂണിയനുകളുമായി മുഖ്യമന്ത്രി ചർച്ച നടത്തുന്നുമുണ്ട്. വഖഫ് ബോർഡിന്റെ പ്രശ്നത്തിലും ഇടതു സർക്കാരിന്റെ ഒളിച്ചുകളി മുഖ്യമന്ത്രി കോടതിവിധികളുടെ പശ്ചാത്തലത്തിൽ വിവരിച്ചതും പാർട്ടിയുടെ ആസ്ഥാന ലേഖകർക്ക് തലവേദനയായി.

## വില്ലൻ അജിത്തും ഹീറോ അജിത്തും

പൊലീസിൽ രണ്ട് സംഘടനകൾ മതിയെന്ന ഉമ്മൻചാണ്ടി സർക്കാരിന്റെ നിലപാടിന്റെ വക്താവായിരുന്നു അന്നത്തെ പൊലീസ് സംഘടനയുടെ തലപ്പത്തുണ്ടായിരുന്ന ജി.ആർ. അജിത്ത്. ഇടതു സർക്കാർ ഈ അജിത്തിനെ തേരാപാരാ ട്രാൻസ്ഫർ നൽകിയും, സോളാർ കേസിൽ പെടുത്തിയും നിരന്തരം ദ്രോഹിച്ചത് ഇപ്പോൾ സസ്പെൻഷനിൽ കഴിയുന്ന എം.ആർ.അജിത് കുമാറിന്റെ നേതൃത്വത്തിലാണെന്ന ആരോപണമുണ്ട്. ജി.ആർ. അജിത്ത് പ്രസിഡന്റായി ഒരു പൊലീസ് സഹകരണ സൊസൈറ്റി തലസ്ഥാനത്തുണ്ട്. അജിത്ത് അധികാരമേൽക്കുമ്പോൾ 40 കോടിയായിരുന്നു സൊസൈറ്റിയുടെ ആസ്തി. ഇപ്പോൾ അത് 400 കോടി രൂപയാണ്. ഈ സൊസൈറ്റി പാർട്ടിയുടെ വരുതിയിലാക്കാൻ ഇടതുഭരണം പല അടവുകളും പയറ്റിയെങ്കിലും നടന്നില്ല. സ്കൂൾ വർഷാരംഭത്തിൽ സൊസൈറ്റിയുടെ ‘സ്കൂൾ ചന്ത’ യിലെ വിലക്കുറവ് അന്നും ഇന്നും തലസ്ഥാനത്തുള്ള സാധാരണ ജനങ്ങൾക്ക് ആശ്വാസമാണ്. എല്ലാ സാധനങ്ങളും വൻ വിലക്കുറവിൽ നൽകുന്ന സൂപ്പർമാർക്കറ്റും, മരുന്നുകൾക്ക് ന്യായവില മാത്രം ഈടാക്കുന്ന മെഡിക്കൽ സ്റ്റോറുമെല്ലാം ലഭ്യമാകുന്നത് പൊതുജനത്തിന് വലിയ ആശ്വാസമാണ്.

പണ്ട് സി.പി.എം. നിയന്ത്രിച്ചിരുന്ന പൊലീസ് സംഘടനകൾ രണ്ടായി ചുരുങ്ങിയതോടെ യു.ഡി.എഫ്. ഭരണത്തിൽ പൊലീസ് കുറേക്കൂടി സ്വതന്ത്രമാകാൻ പോകുകയാണ്. എങ്കിലും ചുവപ്പും കാവിയുമെല്ലാമുള്ളവർ ഈ കാക്കിപ്പടയിലുണ്ടെന്ന കാര്യം മന്ത്രി രമേശ് ചെന്നിത്തല മറക്കരുത്. പൊലീസ് മേധാവികളെ പോലും ‘ചെവിക്ക് പിടിച്ചിരുന്ന’ യൂണിയൻ നേതാക്കളുടെ കാലം കഴിഞ്ഞല്ലോയെന്നാണ് ജനം ഇപ്പോൾ ആശ്വസിക്കുന്നത്.

## എല്ലാം കൂട്ടണം, കൂട്ടണം എന്നു നിലവിളിക്കുമ്പോൾ

പഞ്ചായത്തുകൾക്കുള്ള പ്ലാൻ ഫണ്ട്, പട്ടികജാതി/വർഗക്കാർക്കുള്ള ഫണ്ട് വിഹിതം, ആശമാരുടെ ശമ്പളം അങ്ങനെ ഉടനടി എല്ലാം വർദ്ധിപ്പിക്കണമെന്നു പുതിയ പ്രതിപക്ഷ നേതാവും ഇടതു തൊഴിലാളി യൂണിയനുകളും തൊള്ള തുറക്കുമ്പോൾ നാം ചിരിക്കണോ കരയണോ?

ആശമാർക്ക് 100 രൂപയെങ്കിലും കൂട്ടിയാൽ ഞങ്ങൾ സമരം നിർത്താമെന്ന് ഇടതു സർക്കാരിനെ അറിയിച്ചിട്ടും, അവരെ പരിഹസിച്ച യൂണിയൻ നേതാക്കൾ ഇപ്പോൾ പറയുന്നത് കേട്ടോ. ആശമാർക്ക് 26,000 രൂപ പ്രതിമാസ ശമ്പളം നൽകണമെന്നാണ് സി.ഐ.ടി.യു.വിന്റെ പുതിയ ഡിമാൻഡ്.

ഇനി പഞ്ചായത്തുകൾക്കുള്ള ഫണ്ട് വിഹിതത്തിന്റെ കാര്യം. ഇടതു സർക്കാരിന്റെ കാലത്ത് കൊടുക്കാതിരുന്ന തദ്ദേശ സ്ഥാപനങ്ങളുടെ ആദ്യ ഗഡു ഈ സർക്കാർ കൊടുക്കുമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കിക്കഴിഞ്ഞു. പ്ലാൻ ഫണ്ട് പാസാക്കി, പിറ്റേന്ന് ട്രഷറി പൂട്ടിയ വിദ്വാൻമാരാണ് ഇപ്പോൾ പഞ്ചായത്തുകൾക്കുള്ള ഫണ്ട് വിഹിതം വൈകുന്നതിനെക്കുറിച്ച് നിലവിളിക്കുന്നത്!

## അക്ഷരങ്ങൾക്കു പകരം രാസലഹരി

കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലുള്ള ബി.ആർ.സി.യിലെ മൂന്ന് അധ്യാപികമാരെ മയക്കുമരുന്നു കേസുകളിൽ അറസ്റ്റ് ചെയ്ത വാർത്ത നമ്മെ ഞെട്ടിക്കുന്നു. കേരളത്തിലെ ‘അണ്ടർ വേൾഡി’ ന് പാലും തേനും നൽകി വളർത്തിയ ആഭ്യന്തര വകുപ്പിനെപ്പറ്റി എന്തേ മാധ്യമങ്ങൾ ഇപ്പോൾ മിണ്ടുന്നില്ല? പിരിച്ചുവിട്ട അധ്യാപികമാരായ കാവ്യയും കീർത്തനയും വിവാഹമോചിതരാണെന്നത് കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തിലെ അക്ഷരത്തെറ്റുകളായി തന്നെ കാണണം. കേരളത്തിൽ ഇന്ന് (ബുധൻ) പ്രഭാതത്തിലെ ഏഷ്യാനെറ്റ് വാർത്തകളെല്ലാം തന്നെ ക്രൈം സ്വഭാവമുള്ളവയായിരുന്നു. കാക്കനാട്ട് ആയോധന കലയിൽ മിടുക്കനായ ഗുണ്ടയുടെ നേതൃത്വത്തിൽ നടന്ന ആക്രമണം, ബിവറേജസ് കോർപ്പറേഷന്റെ സ്റ്റോറിനു മുമ്പിലെ ക്യൂവിൽ നിന്നിരുന്നവർ ഒരു മധ്യവയസ്ക്കനെ ചവിട്ടിക്കൂട്ടിയ സംഭവം തുടങ്ങി എല്ലാ വാർത്തകളും പൊലീസിന്റെ ക്രമസമാധാനം ‘അക്രമസമാധാന’ മായി വളർന്നതിനുള്ള ഉദാഹരണമല്ലേ?

നിരപരാധികൾ ഇങ്ങനെ പരുക്കേറ്റ് മൃതപ്രായരായികിടക്കുമ്പോൾ,പരാതി കിട്ടാത്തതുകൊണ്ട് കേസെടുത്തില്ലെന്നു പറയുന്ന പഴയ ‘പിണറായി പൊലീസി’ ന്റെ പ്രേതരൂപങ്ങൾ ഇപ്പോഴും പൊലീസ് സ്റ്റേഷനുകൾ ഭരിക്കുന്നുണ്ടെന്നല്ലേ ജനം കരുതേണ്ടത്?





നിരീക്ഷണം വാചകം

# ആധുനിക ഇന്ത്യയുടെ വഴികാട്ടിയെ ഒടുവിൽ കുറ്റവിമക്തനാക്കിയത്രെ..!

**ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ഉദാരവൽക്കരണത്തിന്റെ ഉപജ്ഞാതാവ്. രാജ്യാന്തര നാണ്യനിധിയുടെ ഇന്ത്യയിലെ ഡയറക്ടർ, ആസൂത്രണ കമ്മിഷൻ ഉപാധ്യക്ഷൻ, ധനമന്ത്രി രാജ്യസഭയിൽ പ്രതിപക്ഷ നേതാവ് തുടങ്ങിയ സ്ഥാനങ്ങൾ മഹനീയമായി കൈകാര്യം ചെയ്ത ഡോ. മൻമോഹൻ സിങ്ങ്. ലോകമെങ്ങും ബഹുമാനത്തോടെ നോക്കുന്ന ഒരു മഹത് വ്യക്തിയെ തേജോവധം ചെയ്യാൻ ഈരാജ്യത്തെ അല്പന്മാർക്ക് കഴിയുകയില്ലെന്ന് ഇനിയെങ്കിലും മനസിലാക്കിയാൽ നന്ന്.**

## ഡൽഹി ഡെർബാർ


രാജ്യാന്തരതലത്തിൽ ശ്രദ്ധേയനായിരുന്ന സാമ്പത്തിക ശാസ്ത്രജ്ഞനായിരുന്നു മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്. ഇന്ത്യയെ ആധുനിക യുഗത്തിലേക്കു നയിച്ചവരിൽ പ്രധാനിയുമാണ്. അദ്ദേഹത്തെ ബി.ജെ.പി സർക്കാർ എങ്ങിനെയൊക്കെ താറടിക്കാമോ ആ വഴികള എല്ലാം ഉപയോഗപ്പെടുത്തിയിരുന്നു. അതിന്റെ അവസാനത്തെ ഉദാഹരണമാണ് അദ്ദേഹത്തിനെതിരെ പ്രയോഗിച്ച കൽക്കരി കുംഭകൊണക്കേസ്. ഇപ്പോഴിതാ സിങ്ങിന് സുപ്രീംകോടതി ക്ലീൻ ചിറ്റ് നൽകിയിരിക്കുന്നു.

ആ കേസിൽ മൻമോഹൻ സിങ്ങിന് സമൻസ് അയച്ച വിചാരണക്കോടതിയുടെ മുൻ ഉത്തരവ് റദ്ദാക്കിയ സുപ്രീം കോടതി, അദ്ദേഹത്തിനെതിരെയുള്ള ക്രിമിനൽ നടപടികളെല്ലാം ഇപ്പോൾ അവസാനിപ്പിച്ചിരിക്കുകയാണ്.

സി.ബി.ഐ സമർപ്പിച്ച ക്ലോഷർ റിപ്പോർട്ടുകൾ അംഗീകരിച്ചുകൊണ്ടാണ് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ മൂന്നംഗ ബെഞ്ചിന്റെ നിർണായകമായ ഈ വിധി. മൻമോഹൻ സിങ്ങിനെതിരെ തെളിവുകളില്ലെന്ന് ചൂണ്ടിക്കാട്ടി 2014 ഓഗസ്റ്റിലും ഒക്ടോബറിലും സി.ബി.ഐ വിചാരണക്കോടതിയിൽ ക്ലോഷർ റിപ്പോർട്ടുകൾ സമർപ്പിച്ചിരുന്നു. എന്നാൽ, സ്പെഷ്യൽ ജഡ്ജി ഈ റിപ്പോർട്ടുകൾ അപ്പാടെ തള്ളുകയും കേസ് രജിസ്റ്റർ ചെയ്ത് 2015 മാർച്ചിൽ വിചാരണ നേരിടാൻ മൻമോഹൻ സിങ്ങിന് സമൻസ് അയക്കുകയുമായിരുന്നു.

സി.ബി.ഐ കോടതിയുടെ 2015 മാർച്ചിലെ ഉത്തരവ് റദ്ദാക്കിയ സുപ്രീം കോടതി, കേസ് നടപടികൾ ഔദ്യോഗികമായി അവസാനിപ്പിച്ചു. 2024 ഡിസംബർ 26ന് മൻമോഹൻ സിങ് അന്തരിച്ചതോടെ അപ്പീൽ സാങ്കേതികമായി അവസാനിപ്പിക്കുക എന്നതാണ് സാമാന്യ മര്യാദ. എന്നാൽ ആ മര്യാദ കാണിക്കാൻ പോലും തയ്യാറായില്ല. വിചാരണക്കോടതി അദ്ദേഹത്തിനെതിരെ നടത്തിയ പരാമർശങ്ങൾ നീക്കം ചെയ്യണമെന്ന മുതിർന്ന അഭിഭാഷകരായ കപിൽ സിബൽ, എ.എം. സിംഗ്വി എന്നിവരുടെ വാദം അംഗീകരിച്ചാണ് സുപ്രീംകോടതി ഇപ്പോൾ ഈ ഉത്തരവ് പുറപ്പെടുവിച്ചത്.

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ഉദാരവൽക്കരണത്തിന്റെ ഉപജ്ഞാതാവ്. രാജ്യാന്തര നാണ്യനിധിയുടെ ഇന്ത്യയിലെ ഡയറക്ടർ, ആസൂത്രണ കമ്മിഷൻ ഉപാധ്യക്ഷൻ, ധനമന്ത്രി രാജ്യസഭയിൽ പ്രതിപക്ഷ നേതാവ് തുടങ്ങിയ സ്ഥാനങ്ങൾ മഹനീയമായി കൈകാര്യം ചെയ്ത ലോകമെങ്ങും ബഹുമാനത്തോടെ നോക്കുന്ന ഒരു മഹത് വ്യക്തിയെ തേജോവധം ചെയ്യാൻ ഈരാജ്യത്തെ അല്പന്മാർക്ക് കഴിയുകയില്ലെന്ന് ഇനിയെങ്കിലും ഇവർ മനസിലാക്കിയാൽ നന്ന്.



ഇന്ന് അതിവേഗം ഡിജിറ്റൽ രംഗത്ത് കുതിക്കുന്നു നമ്മുടെ രാജ്യം. അതിന് വഴിമരുന്നിട്ട തന്ത്രജ്ഞൻ മൻമോഹൻ സിങ്ങു തന്നെ ആയിരുന്നു. കോൺഗ്രസിന്റെ ഏറ്റവും സൗമ്യമുഖമായിരുന്ന മൻമോഹൻ സിംഗ്. 1991ലെ നരസിംഹ റാവു സർക്കാരിൽ ധനകാര്യ മന്ത്രിയായാണ് മൻമോഹൻസിങ്ങിന്റെ രാഷ്ട്രീയ അരങ്ങേറ്റം. ഉദ്യോഗസ്ഥനായിരുന്ന അദ്ദേഹം രാഷ്ട്രം എങ്ങനെ മുന്നോട്ടുപോകണം എന്ന കൃത്യമായ ധാരണയുള്ള വ്യക്തിയായിരുന്നു അദ്ദേഹം.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ(ആർബിഐ)യുടെ ഗവർണറായും പ്ലാനിങ് കമ്മിഷൻ ഡെപ്യൂട്ടി ചെയർമാനായും ജനീവ ആസ്ഥാനമായുള്ള സ്വതന്ത്ര സാമ്പത്തികനയ വിദഗ്ധരുടെ കൂട്ടായ്മയായ സൗത്ത് കമ്മിഷന്റെ സെക്രട്ടറി ജനറലായും മികവ് തെളിയിച്ചതിന് പിന്നാലെയായിരുന്നു അദ്ദേഹം റാവു മന്ത്രിസഭയിൽ അംഗമായത്.

മന്ത്രിസഭയിലേക്കുള്ള നരസിംഹ റാവുവിന്റെ ക്ഷണത്തെ പിന്നീട് രസകരമായ രീതിയിൽ മൻമോഹൻ തന്നെ വിവരിച്ചിട്ടുമുണ്ട്. 'റാവു മന്ത്രിസഭ രൂപീകരണ ചർച്ചകളിലേക്ക് കടന്ന ദിവസം പ്രിൻസിപ്പൽ സെക്രട്ടറിയെ എന്റെ അടുക്കലേക്ക് അയച്ചു. പ്രധാനമന്ത്രിക്ക് എന്നെ ധനമന്ത്രിയാക്കാൻ താല്പര്യമുണ്ടെന്നായിരുന്നു ലഭിച്ച സന്ദേശം. ഞാൻ അത് കാര്യമാക്കിയില്ല. എന്നാൽ പിറ്റേന്ന് രാവിലെ റാവുവിന്റെ നേരിട്ടുള്ള ഇടപെടലുണ്ടായി. സത്യപ്രതിജ്ഞയ്ക്ക് തയാറായി രാഷ്ട്രപതി ഭവനിലേക്ക് എത്താനായിരുന്നു നിർദേശം. ഇതായിരുന്നു എന്റെ രാഷ്ട്രീയ ജീവിതത്തിന്റെ തുടക്കം,' ബ്രിട്ടീഷ് മാധ്യമ പ്രവർത്തകനായ മാർക്ക് ടുള്ളിയോട് മൻമോഹൻ സിങ് പറഞ്ഞു.

ലോക്സഭ തിരഞ്ഞെടുപ്പ് ചരിത്രത്തിൽ ഒരു തവണ മാത്രമാണ് മൻമോഹൻ സിങ് മത്സരിച്ചിട്ടുള്ളത്. 1999ൽ സൗത്ത് ഡൽഹി മണ്ഡലത്തിൽനിന്ന് മത്സരിച്ചെങ്കിലും പരാജയപ്പെടുകയായിരുന്നു. അന്ന് ബി.ജെപി.യുടെ പ്രൊഫ. വിജയ് കുമാർ മൽഹോത്രയോടായിരുന്നു മൻമോഹൻ സിങ്ങിന്റെ തോൽവി. 1991ൽ ധനമന്ത്രിയായി നാല് മാസത്തിനുശേഷമാണ് കോൺഗ്രസ് മൻമോഹൻ സിങ്ങിനെ രാജ്യസഭയിലേക്ക് നോമിനേറ്റ് ചെയ്തത്. അഞ്ച് തവണയാണ് അസമിനെ പ്രതിനിധീകരിച്ച് മൻമോഹൻ സിങ് രാജ്യസഭയിലെത്തിയത്. 2019ൽ രാജസ്ഥാനിൽനിന്നാണ് മൻമോഹൻ പാർലമെന്റിലെത്തിയത്.

ആരോഗ്യസ്ഥിതി മോശമായ അവസാന കാലങ്ങളിൽ വീൽചെയറിലായിരുന്നു അദ്ദേഹം പാർലമെന്റിലെത്തിയത്. അന്ന് മാധ്യമങ്ങളിൽ നിറഞ്ഞിരുന്നു അദ്ദേഹത്തിന്റെ ആ ചിത്രം. 91ൽ ധനകാര്യ മന്ത്രിയായിരിക്കെയാണ് ഇന്ത്യയിലെ സാമ്പത്തിക ഉദാരവത്കരണത്തിന്റെ ശില്പിയെന്ന തലക്കെട്ട് മൻമോഹൻ സിങ്ങിന് ലഭിച്ചത്. രാജ്യത്തിന്റെ സാമ്പത്തിക വളർച്ച മന്ദഗതിയിലാക്കുകയും അഴിമതിക്ക് വഴിയൊരുക്കുകയും ചെയ്ത ലൈസൻസ് രാജ് റദ്ദാക്കിയതായിരുന്നു സുപ്രധാന നടപടികളിലൊന്ന്. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഉദാരമാക്കി. പിന്നീട് പ്രധാനമന്ത്രി സ്ഥാനത്ത് എത്തിയപ്പോഴും വളർച്ചയെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള നടപടികളായിരുന്നു മൻമോഹൻ സിങ്ങിന്റെ ഭാഗത്തുനിന്നുണ്ടായത്. ലോകത്തിൽ ഏറ്റവും വേഗത്തിൽ വളർച്ച കൈവരിക്കുന്ന രണ്ടാമത്തെ സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ മാറ്റിയത് ഡോ. മൻമോഹൻ സിങ്ങായിരുന്നു. ഇനിയെങ്കിലും അദ്ദേഹത്തോട് ചെയ്ത അനീതി തിരിച്ചറിഞ്ഞ് അതിന് ഉത്തരവാദികളായവർ മാപ്പുപറയാൻ തയ്യാറാവുകയാണ് വേണ്ടത്.

*എമ എൽസ എൽവിൻ*



# 'അമ്മ വാട്സ്ആപ്പിൽ ബ്ലോക്ക് ചെയ്തു, 6 മാസം സംസാരിച്ചില്ല'; സിനിമാ സ്വപ്നത്തിന് നേരിട്ട പോരാട്ടം തുറന്ന് പറഞ്ഞ് ഭാഗ്യശ്രീ

ചെന്നൈ: ഇന്ന് തെന്നിന്ത്യൻ സിനിമയിലെ ശ്രദ്ധേയ സാന്നിധ്യമായ ഭാഗ്യശ്രീയ്ക്ക് സിനിമയിലേക്കുള്ള യാത്ര അത്ര എളുപ്പമായിരുന്നില്ല. അഭിനയത്തെ കരിയറാക്കാനുള്ള തീരുമാനത്തെ വീട്ടുകാർ ശക്തമായി എതിർത്തിരുന്നുവെന്ന് തുറന്നു പറഞ്ഞു രംഗത്ത് എത്തിയിരിക്കുകയാണ് താരം . ഓണസ്റ്റ് ടൗൺ ഹാളിൽ വിദ്യാർഥികളുമായി നടത്തിയ സംവാദത്തിനിടെയാണ് ഭാഗ്യശ്രീ മനസ് തുറന്നത്. സിനിമയിൽ അഭിനയിക്കണമെന്ന ആഗ്രഹം വീട്ടിൽ അറിയിച്ചപ്പോൾ എല്ലാവരിൽ നിന്നും 'ഇല്ല' എന്ന മറുപടിയാണ് ലഭിച്ചതെന്ന് താരം പറഞ്ഞു.'ഞാൻ ആദ്യം അമ്മയെ വിളിച്ചു. അമ്മ 'നോ' പറഞ്ഞു. പിന്നെ അച്ഛനെ വിളിച്ചപ്പോൾ, അമ്മ പറയുന്നതുതന്നെയാണ് തന്റെ തീരുമാനമെന്നും പറഞ്ഞു. സഹോദരിയെങ്കിലും പിന്തുണയ്ക്കുമെന്നാണ് കരുതിയത്. പക്ഷേ അവളും എല്ലാവരും 'നോ' പറയുകയാണെന്ന് പറഞ്ഞു. വീട്ടിൽ ഒരാൾ പോലും എന്റെ തീരുമാനത്തെ പിന്തുണച്ചില്ല,' ഭാഗ്യശ്രീ പറഞ്ഞു.എന്നാൽ മാതാപിതാക്കളുടെ എതിർപ്പിന് പിന്നിൽ ആശങ്കയാണുണ്ടായിരുന്നതെന്നും സിനിമാ ലോകം മകൾക്ക് സുരക്ഷിതമാകുമോയെന്ന ഭയമാണ് അവരെ അങ്ങനെ പ്രതികരിക്കാൻ പ്രേരിപ്പിച്ചതെന്നും താരം പറഞ്ഞു.'രക്ഷിതാവാകുമ്പോഴാണ് അത് മനസ്സിലാകുക. വലിയ ലോകത്തേക്ക് പോകുന്ന മകളെക്കുറിച്ചുള്ള ആശങ്ക സ്വാഭാവികമാണ്. ചെയ്യണമെന്ന് തോന്നുന്ന കാര്യങ്ങൾ ധൈര്യമായി ചെയ്യണം,' താരം പറഞ്ഞു.സിനിമയ്ക്കായി ഓഡിഷനുകളിൽ പങ്കെടുക്കാൻ തുടങ്ങിയ സമയത്ത് അമ്മ തന്നെ വാട്സ്ആപ്പിൽ ബ്ലോക്ക് ചെയ്തിരുന്നുവെന്നും ആറുമാസത്തോളം തന്നോട് സംസാരിച്ചില്ലെന്നും ഭാഗ്യശ്രീ വെളിപ്പെടുത്തി.'ഇന്ന് അത് ചിരിച്ചുകൊണ്ട് പറയാൻ കഴിയും. പക്ഷേ അന്ന് എനിക്ക് അത് വലിയ വേദനയായിരുന്നു. എന്നിരുന്നാലും ഒരുദിവസം അമ്മ എന്നെക്കുറിച്ച് അഭിമാനിക്കുമെന്ന് ഞാൻ വിശ്വസിച്ചിരുന്നു,' താരം പറഞ്ഞു.അച്ഛനും അമ്മയും മകളെക്കുറിച്ച് അഭിമാനത്തോടെ സംസാരിക്കുന്ന ദിവസം കാണണമെന്ന ആഗ്രഹമാണ് തന്റെ ഏറ്റവും വലിയ പ്രചോദനമായിരുന്നുവെന്നും ഭാഗ്യശ്രീ കൂട്ടിച്ചേർത്തു.



## അനുവാദമില്ലാതെ കാരവാനിൽ കയറി ഷർട്ട് ഊരി'; ദുരനുഭവം തുറന്ന് പറഞ്ഞ് കാജൽ അഗർവാൾ



ചെന്നൈ: ആരാധകരുടെ സ്നേഹം സന്തോഷം നൽകുന്നതാണെങ്കിലും എന്നാൽ അതിരുകടന്ന പെരുമാറ്റം ഒരിക്കലും അംഗീകരിക്കാനാവില്ലെന്ന് വ്യക്തമാക്കി നടി കാജൽ അഗർവാൾ. അടുത്തിടെ ഒരു സിനിമയുടെ ചിത്രീകരണത്തിനിടെ ഒരാൾ അനുവാദമില്ലാതെ കാരവാനിൽ കയറി തന്റെ പേരിലുള്ള ടാറ്റൂ കാണിച്ച സംഭവമാണ് താരം വെളിപ്പെടുത്തിയത്. സിനിമയിലെ സഹസംവിധായകനായി പ്രവർത്തിച്ചിരുന്ന ഒരാൾ അനുവാദമില്ലാതെ കാരവാനിലേക്ക് കടന്നുവരികയും ഉടൻ തന്നെ ഷർട്ട് ഊരി നെഞ്ചിൽ പതിപ്പിച്ചിരുന്ന തന്റെ പേരുള്ള ടാറ്റൂ കാണിക്കുകയുമായിരുന്നു.ഈ സംഭവം തന്നെ ഏറെ ഞെട്ടിച്ചുവെന്നും ആ നിമിഷം കൈയും കാലും വിറച്ചുപോയെന്നും കാജൽ പറഞ്ഞു. തന്റെ പേരിൽ ടാറ്റൂ ചെയ്തതിൽ സന്തോഷമുണ്ടായിരുന്നെങ്കിലും, ഒരു സ്ത്രീ ഒറ്റയ്ക്കിരിക്കുമ്പോൾ അനുവാദമില്ലാതെ സ്വകാര്യ ഇടത്തേക്ക് കടന്നുവന്നത് തീർത്തും അനുചിതമായ പെരുമാറ്റമാണെന്ന് താരം വ്യക്തമാക്കി.



## ഡേറ്റിംഗിന് ധൈര്യമില്ലാതെ കീത്ത് അർബൻ; ജെന്നിഫറുമായുള്ള പ്രണയ അഭ്യൂഹങ്ങളിൽ പ്രതികരണവുമായി സുഹൃത്തുക്കൾ!

പോപ്പ് ഗായിക ജെന്നിഫർ ലോപ്പസും സംഗീത താരം കീത്ത് അർബനും തമ്മിൽ പ്രണയത്തിലാണെന്ന വാർത്തകൾ ഹോളിവുഡിൽ വീണ്ടും സജീവമാകുന്നു. പ്രശസ്ത നടിയും മുൻഭാര്യയുമായ നിക്കോൾ കിഡ്മാനുമായുള്ള 19 വർഷത്തെ ദാമ്പത്യ ബന്ധം വേർപിരി ഞ്ഞതിന് ശേഷം കീത്ത് അർബനും, ബെൻ ആഫ്ലെക്കുമായുള്ള വേർപിരിയലിന് ശേഷം ജെന്നിഫർ ലോപ്പസും കൂടുതൽ അടുപ്പത്തിലായെന്നാണ് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്.2014-ൽ 'അമേരിക്കൻ ഐഡൽ' എന്ന റിയാലിറ്റി ഷോയിൽ വിധികർത്താക്കളായി ഒന്നിച്ചപ്പോഴാണ് ഇരുവരും സുഹൃത്തുക്കളാകുന്നത്. വേർപിരിയലിന്റെ മാനസിക വിഷമതകളിലൂടെ കടന്നുപോയ സമയത്ത് പരസ്പരം ആശ്വാസമാകാൻ ഇരുവർക്കും സാധിച്ചു. എന്നാൽ സൗഹൃദത്തിനപ്പുറം പ്രണയത്തിലേക്ക് കടക്കാൻ കീത്ത് അർബന് ഭയമാണെന്നും അദ്ദേഹത്തിന് ധൈര്യമില്ലെന്നുമാണ് ഇരുവരുടെയും അടുത്ത സുഹൃത്തുക്കൾ പറയുന്നത്.



# 'പ്രാക്ടിക്കൽ മാജിക് 2'ലേക്ക് ക്ഷണം ലഭിച്ചില്ല; കാരണം വെളിപ്പെടുത്തി ഇവാഞ്ചലിൻ

1998ൽ പുറത്തിറങ്ങിയ പ്രശസ്ത ഹോളിവുഡ് ചിത്രം 'പ്രാക്ടിക്കൽ മാജിക്' എന്ന സിനിമയുടെ രണ്ടാം ഭാഗത്തിൽ താൻ അഭിനയിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തി നടി ഇവാഞ്ചലിൻ റേച്ചൽ വുഡ് .ആലീസ് ഹോഫ്മാൻ എഴുതിയ 'ദി ബുക്ക് ഓഫ് മാജിക്' എന്ന പുസ്തകത്തെ ആസ്പദമാക്കിയാണ് രണ്ടാം ഭാഗം ഒരുക്കുന്നതെങ്കിലും സിനിമയുടെ കഥാഗതിയിൽ വരുത്തിയ മാറ്റങ്ങളാകാം തന്നെ ചിത്രത്തിലേക്ക് ക്ഷണിക്കാതിരിക്കാൻ കാരണമെന്ന് എന്റർടൈൻമെന്റ് ടുണൈറ്റിന് നൽകിയ അഭിമുഖത്തിൽ താരം വ്യക്തമാക്കി.ആദ്യ ഭാഗത്തിൽ സാൻഡ്ര ബുളോക്കിന്റെ കഥാപാത്രത്തിന്റെ മകളായാണ് റേച്ചൽ വുഡ് അഭിനയിച്ചിരുന്നത്. ചിത്രത്തിന്റെ രണ്ടാം ഭാഗത്തിൽ അഭിനയിക്കാൻ താൻ താല്പര്യം പ്രകടിപ്പിച്ചിരുന്നുവെങ്കിലും ഈ കഥാപാത്രത്തിനായി പുതിയ നടിയെ അണിയറക്കാർ തെരഞ്ഞെടുക്കുകയായിരുന്നു. ആരാധകർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന 'പ്രാക്ടിക്കൽ മാജിക് 2' സെപ്റ്റംബർ 11-ന് തിയേറ്ററുകളിൽ റിലീസ് ചെയ്യും.

## 'എത്രകാലം വേണമെങ്കിലും സ്പൈഡർമാനാകാൻ തയ്യാർ'; പഴയ നിലപാട് തിരുത്തി ടോം ഹോളണ്ട്



ആഗോളതലത്തിൽ സിനിമാ പ്രേമികളുടെ പ്രിയപ്പെട്ട സൂപ്പർഹീറോയായ 'സ്പൈഡർമാനായി' 2016 മുതൽ വേഷമിടുന്ന നടൻ ടോം ഹോളണ്ട് തന്റെ കഥാപാത്രത്തെക്കുറിച്ചുള്ള മനസ്സ് തുറക്കുന്നു. പുതിയ ചിത്രമായ 'സ്പൈഡർമാൻ: ബ്രാൻഡ് ന്യൂ ഡേ'യുടെ ലോസ് ആഞ്ചലസ് പ്രീമിയർ ചടങ്ങിലാണ് സ്പൈഡർമാനായി ഇനിയും തുടരാൻ താൻ ആഗ്രഹിക്കുന്നുവെന്ന് താരം വ്യക്തമാക്കിയത്.'മാർവലും സോണിയുമായി 10 വർഷമായി ഞങ്ങൾ ഒന്നിച്ച് പ്രവർത്തിക്കുന്നു. ഞങ്ങൾ നല്ല സുഹൃത്തുക്കളാണ്, പീറ്റർ പാർക്കർ എന്ന കഥാപാത്രത്തോടുള്ള സ്നേഹമാണ് ഞങ്ങളെ നയിക്കുന്നത്. പ്രേക്ഷകർ ആഗ്രഹിക്കുന്നിടത്തോളം കാലം ഈ വേഷം ചെയ്യാൻ ഞാൻ തയ്യാറാണ്' എന്ന് പ്രീമിയർ ചടങ്ങിൽ ഹോളിവുഡ് റിപ്പോർട്ടറിന് നൽകിയ അഭിമുഖത്തിൽ ടോം ഹോളണ്ട് പറഞ്ഞു.

# ഒപിടി തൊഴിൽ അവസരങ്ങൾ ചുരുങ്ങുമ്പോൾ ഇന്ത്യൻ ബിരുദധാരികളും കുടിയേറ്റക്കാരും നേരിടുന്ന വലിയ വെല്ലുവിളികൾ



2026 ജൂലൈ മാസത്തിൽ അമേരിക്കൻ ആഭ്യന്തര സുരക്ഷാ വകുപ്പും ഇമിഗ്രേഷൻ വിഭാഗവും പുറപ്പെടുവിച്ച് വരാനിരിക്കുന്ന സെപ്തംബറിൽ പ്രാബല്യത്തിൽ വരുത്താൻ പോകുന്ന കടുത്ത വിദ്യാർത്ഥി വിസ ഭേദഗതികൾ ആഗോള വിദ്യാഭ്യാസ വിപണിയിൽ വൻ പ്രകമ്പനമാണ് സൃഷ്ടിക്കുന്നത്. വിദേശ വിദ്യാർത്ഥികൾക്ക് അവരുടെ പഠന കോഴ്സ് പൂർത്തിയാകുന്നത് വരെ രാജ്യത്ത് തുടരാൻ അനുവാദം നൽകിയിരുന്ന പാരമ്പര്യമായി നിലനിന്ന 'ഡ്യൂറേഷൻ ഓഫ് സ്റ്റാറ്റസ്' നയം പൂർണ്ണമായി നിർത്തലാക്കിക്കൊണ്ടാണ് ട്രംപ് ഭരണകൂടം പുതിയ നിയമം പ്രഖ്യാപിച്ചിരിക്കുന്നത്.

ഇനിമുതൽ എഫ്-1, ജെ-1 വിസകളിൽ എത്തുന്ന ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾക്ക് പരമാവധി നാല് വർഷം മാത്രമേ അമേരിക്കൻ മണ്ണിൽ താമസിക്കാൻ അനുവാദമുണ്ടാകൂ. നാല് വർഷത്തിന് ശേഷമുള്ള പഠനങ്ങൾക്കോ തൊഴിൽ പരിശീലനങ്ങൾക്കോ ഗവൺമെന്റ് ഇമിഗ്രേഷൻ ഏജൻസികൾക്ക് മുൻപിൽ പ്രത്യേക അപേക്ഷ നൽകി അനുമതി വാങ്ങണമെന്ന വ്യവസ്ഥ വിദേശ വിദ്യാർത്ഥികളെ കടുത്ത അനിശ്ചിതത്വത്തിലാക്കുന്നു.

യുഎസ് എക്കണോമിയിൽ ഇതിലൂടെ സംഭവിക്കാൻ പോകുന്ന 400 ബില്യൺ ഡോളറിന്റെ പീപ്പിൾസ് ലൊസ്, പിറ്റേഴ്സൺ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർനാഷണൽ ഇക്കണോമിക്സ് നടത്തിയ ശാസ്ത്രീയ പഠനത്തിലെ കണ്ടെത്തലുകൾ, സ്റ്റെം മേഖലയിലെ അടിയന്തിര തടസ്സങ്ങൾ എന്നിവ താഴെ സമഗ്രമായി പരിശോധിച്ച് അവലോകനം ചെയ്യുന്നു.

### നാല് വർഷത്തെ അഡ്മിഷൻ പരിധിയും പുതിയ വിസാ കടമ്പകളും

അരനൂറ്റാണ്ടുകാലമായി തുടർന്നു പോന്നിരുന്ന ലളിതമായ കുടിയേറ്റ നയങ്ങളെ പൂർണ്ണമായി റദ്ദാക്കിക്കൊണ്ടാണ് യുഎസ് ഭരണകൂടം തങ്ങളുടെ പുതിയ വിസ ചട്ടങ്ങൾ കൊണ്ടുവന്നിരിക്കുന്നത്. വിദ്യാർത്ഥികളുടെ സ്വതന്ത്രമായ പഠന സ്വാതന്ത്ര്യത്തിന് മേൽ ഇത് നിർണ്ണായകമായ തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

**1. ഡ്യൂറേഷൻ ഓഫ് സ്റ്റാറ്റസ് നയത്തിന്റെ അന്ത്യം**

മുൻകാലങ്ങളിൽ അമേരിക്കൻ യൂണിവേഴ്സിറ്റികളിൽ പ്രവേശനം ലഭിക്കുന്ന വിദേശ വിദ്യാർത്ഥികൾക്ക് തങ്ങളുടെ കോഴ്സ് നീണ്ടുപോയാലും പഠനം പൂർത്തിയാകുന്നത് വരെയും അതിനു ശേഷമുള്ള ഇന്റേൺഷിപ്പ് കാലയളവ് വരെയും നിയമപരമായി യുഎസിൽ തുടരാൻ സാധിച്ചിരുന്നു. എന്നാൽ പുതിയ ഭേദഗതിയോടെ, വിസ കാലയളവ് കൃത്യമായി നാല് വർഷമായി പരിമിതപ്പെടുത്തി. നാല് വർഷത്തിനുള്ളിൽ ബിരുദം പൂർത്തിയാക്കാൻ കഴിയാത്തവരോ, തുടർ പഠനങ്ങൾ ആഗ്രഹിക്കുന്നവരോ ഡിപ്പാർട്ട്മെന്റ് ഓഫ് ഹോംലാൻഡ് സെക്യൂരിറ്റിക്ക് അപേക്ഷ നൽകി പേപ്പർവർക്കുകൾ പൂർത്തിയാക്കി കാത്തിരിക്കേണ്ടി വരും.

**2. വിദ്യാർത്ഥികൾ നേരിടുന്ന കടുത്ത പേപ്പർവർക്കുകളും കാലതാമസങ്ങളും**

നാല് വർഷത്തെ സമയപരിധി കഴിയുമ്പോൾ വീണ്ടും അപേക്ഷ നൽകി ഫെഡറൽ അനുമതി നേടുന്നത് ഇതിനകം ജോലിഭാരത്താൽ അമരുന്ന യുഎസ് ഇമിഗ്രേഷൻ ഏജൻസികളുടെ കാര്യക്ഷമതയെ കടുത്ത രീതിയിൽ ബാധിക്കും. സമയത്തിന് അനുമതി ലഭിക്കാതെ വരുന്നത് മൂലം പതിനായിരക്കണക്കിന് വിദ്യാർത്ഥികളുടെ പഠനം പകുതിവഴിയിൽ മുടങ്ങാനോ അല്ലെങ്കിൽ നിർബന്ധിതമായി സ്വന്തം രാജ്യങ്ങളിലേക്ക് മടങ്ങാനോ ഉള്ള അവസ്ഥകൾ സംജാതമാകും. സങ്കീർണ്ണമായ ഈ പ്രക്രിയ വിദേശ വിദ്യാർത്ഥികളെ അമേരിക്കൻ യൂണിവേഴ്സിറ്റികൾ തിരഞ്ഞെടുക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കും.

**3. കോഴ്സ് മാറ്റങ്ങൾക്കും മേജറുകൾക്കും മേലുള്ള നിരോധനങ്ങൾ**

പുതിയ വ്യവസ്ഥകൾ അനുസരിച്ച് പ്രവേശനാനുമതി ലഭിച്ച വിദ്യാർത്ഥികൾക്ക് ആദ്യ അക്കാദമിക് വർഷത്തിൽ തങ്ങളുടെ വിഷയം മാറ്റാനോ മറ്റൊരു കോളേജിലേക്ക് ക്രെഡിറ്റ് ട്രാൻസ്ഫർ ചെയ്യാനോ സാധിക്കില്ല. പ്രത്യേക ഫെഡറൽ ഇളവുകൾ ലഭ്യമായാൽ മാത്രമേ അത്തരം മാറ്റങ്ങൾ സാധ്യമാകൂ എന്ന് നിയമം വ്യക്തമാക്കുന്നു. യൂണിവേഴ്സിറ്റികളുടെ അക്കാദമിക് സ്വയംഭരണത്തിന് മേലുള്ള ഭരണകൂടത്തിന്റെ കടന്നുകയറ്റമാണ് ഇതെന്നും പ്രൊഫസർമാരല്ല മറിച്ച് ഇമിഗ്രേഷൻ ഉദ്യോഗസ്ഥരാണ് അക്കാദമിക് ഭാവിയെക്കുറിച്ച് തീരുമാനങ്ങൾ എടുക്കുന്നത് എന്നും എൻഎഎഫ്എസ്എ പോലെയുള്ള വിദ്യാഭ്യാസ കൂട്ടായ്മകൾ കുറ്റപ്പെടുത്തുന്നു.

**4. സുരക്ഷാ വാദങ്ങളും വസ്തുതാപരമായ യാഥാർത്ഥ്യങ്ങളും**

വിദ്യാർത്ഥി വിസ ദുരുപയോഗം ചെയ്യുന്നത് തടയാനും രാജ്യസുരക്ഷ ഉറപ്പാക്കാനുമാണ് ഈ നടപടിയെന്നാണ് ഭരണകൂടം ഔദ്യോഗികമായി ആവർത്തിക്കുന്നത്. മുൻ കാലങ്ങളിൽ എന്റർ ചെയ്ത ചില അപേക്ഷകർ ദശകങ്ങളോളം നിയമവിരുദ്ധമായി യുഎസിൽ തുടരുന്നുണ്ടെന്നാണ് ഡിഎച്ച്എസ് ചൂണ്ടിക്കാണിക്കുന്നത്. എന്നാൽ പിഐഐഇ റിപ്പോർട്ട് അനുസരിച്ച് ഇത്തരം വ്യാജ കേസുകൾ കോടിക്കണക്കിന് വരുന്ന വിദേശ വിദ്യാർത്ഥികളിൽ തികച്ചും ചെറിയൊരു ശതമാനം മാത്രമാണ്. നിലവിലുള്ള ട്രാക്കിംഗ് സിസ്റ്റം വഴി ഇവരെ കണ്ടെത്താൻ കഴിയുമെന്നിരിക്കെ ആഗോളതലത്തിൽ പ്രതിഭാശാലികളെ തടയാനാണ് ഭരണകൂടം ശ്രമിക്കുന്നത്.

### 400 ബില്യൺ ഡോളറിന്റെ സാമ്പത്തിക തകർച്ചയും പിഐഐഇ വിലയിരുത്തലുകളും

പിറ്റേഴ്സൺ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർനാഷണൽ ഇക്കണോമിക്സ് നടത്തിയ പഠനം വ്യക്തമാക്കുന്നത് വിദേശ വിദ്യാർത്ഥികളുടെ വരവ് തടസ്സപ്പെടുന്നത് അമേരിക്കൻ ജിഡിപിയെയും സേവന കയറ്റുമതിയെയും കടുത്ത രീതിയിൽ തകർക്കുമെന്നാണ്.

**1. വാർഷിക വരുമാനത്തിലെ ഭീമമായ ഇടിവ്**

അന്താരാഷ്ട്ര വിദ്യാർത്ഥികൾക്ക് നൽകുന്ന ഉപരിപഠനം എന്നത് അമേരിക്കയുടെ ആകെ സേവന കയറ്റുമതിയുടെ അഞ്ച് ശതമാനത്തോളം വരുന്ന ഒരു പ്രധാന സാമ്പത്തിക മേഖലയാണ്. പഠനച്ചെലവുകൾ, കോഴ്സ് ഫീസുകൾ, താമസച്ചെലവുകൾ എന്നിവ വഴി മാത്രം കോടിക്കണക്കിന് ഡോളറാണ് രാജ്യത്തേക്ക് എത്തുമായിരുന്നത്. അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികളുടെ നിരക്കിൽ ഒരു ദീർഘകാല മൂന്നിലൊന്ന് ഇടിവുണ്ടായാൽ പ്രതിവർഷം 200 ബില്യൺ മുതൽ 400 ബില്യൺ ഡോളർ വരെ ഉൽപ്പാദന വിപണിയിൽ നിന്നും നഷ്ടപ്പെടുമെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു.

**2. സൗത്ത് കരോളിന സംസ്ഥാനത്തിന്റെ ആകെ വരുമാനത്തിന് തുല്യമായ നഷ്ടം**

ഈ സാമ്പത്തിക നഷ്ടത്തിന്റെ വ്യാപ്തി വ്യക്തമാക്കാൻ പ്രമുഖ ഗവേഷകനായ മൈക്കിൾ എ. ക്ലെമൻസ് നൽകുന്ന ഒരു വിശകലനമുണ്ട്. 400 ബില്യൺ ഡോളറിന്റെ നഷ്ടം എന്നത് അമേരിക്കൻ ഐക്യനാടുകളിലെ സൗത്ത് കരോളിന അല്ലെങ്കിൽ യൂട്ടാ പോലെയുള്ള ഒരു സംസ്ഥാനത്തിന്റെ ആകെ ആഭ്യന്തര ഉൽപ്പാദനം പൂർണ്ണമായി ഇല്ലാതാകുന്നതിന് തുല്യമാണ്. യുഎസ് ജിഡിപിയുടെ ഏകദേശം 0.7 മുതൽ 1.3 ശതമാനം വരെ നഷ്ടപ്പെടുന്നത് അമേരിക്കക്കാരുടെ ജീവിത നിലവാരത്തെ ദോഷകരമായി ബാധിക്കും.

**3. സ്റ്റെം മേഖലയിലെ അത്യാധുനിക പ്രതിഭകളുടെ ക്ഷാമം**

ശാസ്ത്രം, സാങ്കേതികവിദ്യ, എഞ്ചിനീയറിംഗ്, ഗണിതം തുടങ്ങിയ സ്റ്റെം മേഖലകളെയാണ് ഈ നയ വ്യതിയാനം ഏറ്റവും കൂടുതൽ തളർത്തുന്നത്. യുഎസിൽ എത്തുന്ന വിദേശ സ്റ്റെം ബിരുദധാരികൾ തദ്ദേശീയരായ വിദ്യാർത്ഥികളേക്കാൾ നാലിരട്ടി വേഗത്തിലാണ് പുതിയ പേറ്റന്റുകളും കണ്ടെത്തലുകളും സ്വന്തമാക്കുന്നത്. ഇവരുടെ കടന്നുവരവ് നിലയ്ക്കുന്നതോടെ ശാസ്ത്രീയ ഗവേഷണങ്ങളിലും വികസന പദ്ധതികളിലും പ്രമുഖ സ്ഥാനത്തുണ്ടായിരുന്ന അമേരിക്കൻ സ്ഥാപനങ്ങൾ പിന്നാക്കം പോകും.

**4. സ്റ്റാർട്ടപ്പുകളുടെയും ഉൽപ്പാദന ക്ഷമതയുടെയും തകർച്ച**

അമേരിക്കയിലെ വൻകിട ടെക് കമ്പനികളും അതിവേഗം വളരുന്ന പ്രാരംഭ സംരംഭങ്ങളും ആരംഭിക്കുന്നതിൽ വിദേശ ബിരുദധാരികളുടെ പങ്ക് നിർണ്ണായകമാണ്. യുഎസ് സർവ്വകലാശാലകളിൽ പഠിച്ചിറങ്ങുന്ന വിദേശികൾ സാധാരണ വിദ്യാർത്ഥികളേക്കാൾ ആറിരട്ടി വേഗത്തിലാണ് പുതിയ ബിസിനസ്സ് സ്ഥാപനങ്ങൾ തുറക്കുന്നത്. പുതിയ ടെക് സംരംഭങ്ങളും ഉൽപ്പന്ന നിർമ്മാണങ്ങളും നടക്കാതെ പോകുന്നതോടെ വരും കാലങ്ങളിൽ പുതിയ വ്യവസായ ശൃംഖലകൾ പോലും അമേരിക്കയിൽ ഉൽഭവിക്കാത്ത അവസ്ഥ സംജാതമാകും.

### ഒപിടി ഇന്റേൺഷിപ്പ് ഭീഷണികളും സിലിക്കൺ വാലിയുടെ ആശങ്കകളും

ഓപ്ഷണൽ പ്രാക്ടിക്കൽ ട്രെയിനിംഗ് സംവിധാനങ്ങൾ ഇല്ലാതാക്കാനും വിദേശികൾക്ക് ജോലി നൽകുന്നത് കുറയ്ക്കാനുമാണ് ഈ നിയമങ്ങൾ ലക്ഷ്യമിടുന്നത്.

**1. ഒപിടി പ്രോഗ്രാമുകളുടെ ഭാവിയും വിസ നിയന്ത്രണങ്ങളും**

ബിരുദ പഠനം പൂർത്തിയാക്കിയ ശേഷം അമേരിക്കൻ കമ്പനികളിൽ താൽക്കാലികമായി ജോലി ചെയ്യാൻ വിദ്യാർത്ഥികൾക്ക് അനുവാദം നൽകുന്ന ഒപിടി സംവിധാനത്തിൽ കടുത്ത നിയന്ത്രണങ്ങൾ കൊണ്ടുവരാൻ പുതിയ ചട്ടങ്ങൾ വഴിയൊരുക്കുന്നു. പോസ്റ്റ് ഗ്രാജുവേഷൻ വർക്ക് അനുമതികൾ ഓരോ വിദ്യാർത്ഥിക്കും നൽകണോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള പരമാധികാരം ഇമിഗ്രേഷൻ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാകുന്നു. വിദ്യാർത്ഥികൾക്ക് ജോലി ചെയ്യാവുന്ന സമയപരിധി ചുരുക്കുന്നത് വഴി മികച്ച പ്രതിഭകൾ യുഎസ് വിപണിയിൽ തുടരുന്നത് ഇല്ലാതാക്കാനാണ് ശ്രമിക്കുന്നത്.

**2. ഐടി വ്യവസായത്തിനും ബിസിനസ്സുകൾക്കും ഏൽക്കുന്ന തിരിച്ചടികൾ**

സിലിക്കൺ വാലിയിലെ വൻകിട സോഫ്റ്റ്‌വെയർ കമ്പനികൾ തങ്ങളുടെ പ്രധാന സാങ്കേതിക തസ്തികകളിലേക്ക് പ്രാഥമികമായി തെരഞ്ഞെടുക്കുന്നത് അമേരിക്കൻ സർവ്വകലാശാലകളിൽ നിന്നും ഇറങ്ങുന്ന കഴിവുള്ള വിദേശ വിദ്യാർത്ഥികളെയാണ്. നാല് വർഷത്തെ പരിധിയും ഒപിടി തടസ്സങ്ങളും കാരണം ഇത്തരം പ്രൊഫഷണലുകൾ വിപണിയിൽ കിട്ടാതാകുന്നത് ഗ്ലോബൽ ടെക് കമ്പനികളുടെ ഉൽപ്പാദനക്ഷമതയെ ബാധിക്കും. കഴിവുള്ള ജീവനക്കാരെ കിട്ടാതെ വരുന്നത് പല വിദേശ സ്ഥാപനങ്ങളെയും തങ്ങളുടെ ഗവേഷണ കേന്ദ്രങ്ങൾ യുകെ, കാനഡ അല്ലെങ്കിൽ യൂറോപ്പ് എന്നിവിടങ്ങളിലേക്ക് മാറ്റാൻ പ്രേരിപ്പിക്കും.

**3. യുകെ, കാനഡ, ഓസ്ട്രേലിയ വിപണികളുടെ പുതിയ കുതിപ്പ്**

അമേരിക്ക തങ്ങളുടെ വാതിലുകൾ കൊട്ടിയടയ്ക്കുമ്പോൾ, യൂറോപ്യൻ രാജ്യങ്ങളും മറ്റ് വികസിത രാഷ്ട്രങ്ങളും ഈ അവസരം മുതലെടുക്കാൻ തയ്യാറായി രംഗത്തെത്തിയിട്ടുണ്ട്. പഠനശേഷം എളുപ്പത്തിൽ ജോലി അനുമതിയും സ്ഥിരതാമസ സാധ്യതകളും നൽകുന്ന ജർമ്മനി, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലേക്ക് പുതിയ ബാച്ച് വിദ്യാർത്ഥികൾ തിരിയാൻ തുടങ്ങും. ഇത് ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട എജ്യുക്കേഷൻ ഹബ്ബ് എന്ന അമേരിക്കൻ പദവിക്ക് വൻ തകർച്ച സൃഷ്ടിക്കും.

**4. എച്ച്വൺബി വിസ അപേക്ഷകരിലുണ്ടാകുന്ന ശൂന്യത**

അമേരിക്കയിലെ വിദഗ്ദ്ധ തൊഴിൽ വിസയായ എച്ച്വൺബിയുടെ സിംഹഭാഗവും നേടിയിരുന്നത് യുഎസ് ബിരുദങ്ങളും ഒപിടി പരിചയവുമുള്ള വിദേശികളായിരുന്നു. പുതിയ നിയമ ഭേദഗതികൾ വരുന്നതോടെ അമേരിക്കൻ സ്ഥാപനങ്ങൾക്ക് തദ്ദേശീയമായി എച്ച്വൺബി കാൻഡിഡേറ്റുകളെ കണ്ടെത്തുക അസാധ്യമാകും. ഇത് കോർപ്പറേറ്റ് കമ്പനികളുടെ ആഗോള വിപണി മത്സര ശേഷിയെ ഇല്ലാതാക്കുമെന്ന് ഐടി അസോസിയേഷനുകൾ വെളിപ്പെടുത്തുന്നു.

### ഇന്ത്യൻ വിദ്യാർത്ഥികൾക്ക് മുന്നിലെ തടസ്സങ്ങളും ഭാവി നയതന്ത്ര മാർഗ്ഗങ്ങളും

അമേരിക്കൻ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന ഭാരതീയരുടെ എണ്ണത്തിൽ മുൻവർഷങ്ങളിൽ വൻ വർദ്ധനവ് രേഖപ്പെടുത്തിയിരുന്ന സാഹചര്യത്തിലാണ് പുതിയ പ്രഹരം എത്തുന്നത്.

**1. വായ്പകൾ എടുത്ത ഇന്ത്യൻ കുടുംബങ്ങളുടെ ആശങ്കകൾ**

നാട്ടിലെ വസ്തുവകകൾ പണയം വെച്ചും ബാങ്കുകളിൽ നിന്നും കോടിക്കണക്കിന് രൂപ വിദ്യാഭ്യാസ വായ്പകൾ എടുത്തുമാണ് ഭൂരിഭാഗം ഇന്ത്യൻ കുടുംബങ്ങളും തങ്ങളുടെ മക്കളെ അമേരിക്കൻ പഠനത്തിനായി അയക്കുന്നത്. പഠനത്തിന് ശേഷം ഒപിടി വഴി അമേരിക്കയിൽ ജോലി ചെയ്ത് ഈ ഭീമമായ വായ്പകൾ തിരിച്ചടയ്ക്കാം എന്ന പ്രതീക്ഷയ്ക്കാണ് പുതിയ നാല് വർഷ വിസ പരിധി തടസ്സം സൃഷ്ടിക്കുന്നത്. നാല് വർഷം കൊണ്ട് പഠനം പൂർത്തിയാക്കി ജോലി ലഭിച്ചില്ലെങ്കിൽ അടിയന്തിരമായി രാജ്യം വിടേണ്ടി വരുന്നത് ഇന്ത്യൻ കുടുംബങ്ങളെ കടുത്ത കടക്കെണിയിലേക്ക് തള്ളിവിടും.

**2. കോൺഗ്രഷണൽ റിവ്യൂ ആക്റ്റും കോടതി ഹർജികളും**

സാമ്പത്തിക തകർച്ച ഉണ്ടാക്കുന്ന ഈ വിചിത്രമായ നയത്തിനെതിരെ യുഎസ് കോൺഗ്രസിന് ഇടപെടാൻ സാധിക്കുമെന്ന് പിഐഐഇ റിപ്പോർട്ട് നിർദ്ദേശിക്കുന്നുണ്ട്. കോൺഗ്രഷണൽ റിവ്യൂ ആക്ട് പ്രകാരം ഭരണകൂടത്തിന്റെ ഈ ഏകപക്ഷീയ തീരുമാനങ്ങൾ റദ്ദാക്കാൻ ജനപ്രതിനിധികൾക്ക് അധികാരമുണ്ട്. കൂടാതെ, വിദേശ വിദ്യാർത്ഥികളുടെ ഭീമമായ സാമ്പത്തിക സംഭാവനകൾ കണക്കിലെടുക്കാതെ ധൃതിപിടിച്ച് കൊണ്ടുവന്ന നിയമത്തിനെതിരെ പ്രമുഖ അമേരിക്കൻ യൂണിവേഴ്സിറ്റികൾ ഫെഡറൽ കോടതികളിൽ അടിയന്തിര ഹർജികൾ നൽകാൻ തയാറെടുക്കുകയാണ്.

**3. വിദ്യാർത്ഥികൾ സ്വീകരിക്കേണ്ട പുതിയ തന്ത്രങ്ങൾ**

അമേരിക്കയിലേക്ക് ഉപരിപഠനത്തിന് തയ്യാറെടുക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികൾ കോഴ്സുകൾ തിരഞ്ഞെടുക്കുമ്പോൾ അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്. കൃത്യമായി നാല് വർഷത്തിനുള്ളിൽ തീർക്കാൻ കഴിയുന്ന അക്കാദമിക് പ്രോഗ്രാമുകളും, ഫെഡറൽ ഏജൻസികളുടെ അംഗീകാരമുള്ള പ്രധാന സ്റ്റെം കോഴ്സുകളും മാത്രം തിരഞ്ഞെടുക്കാൻ ശ്രദ്ധിക്കണം.

യൂണിവേഴ്സിറ്റികൾ നൽകുന്ന കൃത്യമായ അക്കാദമിക് പോയിന്റുകൾ പാലിക്കുകയും, വിസ വിപുലീകരണത്തിനായുള്ള രേഖകൾ മുൻകൂട്ടി തയാറാക്കി വെക്കുകയും ചെയ്യുന്നത് അനാവശ്യ തിരിച്ചടികൾ ഒഴിവാക്കാൻ സഹായിക്കും.

**4. ബദൽ വിദേശ സർവ്വകലാശാലകളിലേക്കുള്ള ചുവടുമാറ്റം**

വരാനിരിക്കുന്ന സെപ്തംബറിലെ ഇമിഗ്രേഷൻ തീരുമാനങ്ങൾ നിരീക്ഷിച്ച് മാത്രം അന്തിമ കോളേജ് തിരഞ്ഞെടുപ്പുകൾ നടത്താനാണ് വിദ്യാഭ്യാസ വിദഗ്ദ്ധർ നിർദ്ദേശിക്കുന്നത്. അമേരിക്കൻ വിസ ലഭ്യതകൾ കഠിനമാകുന്ന പക്ഷം, യൂറോപ്യൻ രാജ്യങ്ങളിലെ അത്യാധുനിക സർവ്വകലാശാലകളിലേക്കോ ഏഷ്യൻ സാങ്കേതിക കേന്ദ്രങ്ങളിലേക്കോ പ്രവേശനങ്ങൾ മാറ്റുന്നതാണ് സാമ്പത്തികമായി സുരക്ഷിതം. ആഗോള വിപണിയിലെ തടസ്സങ്ങൾ തിരിച്ചറിഞ്ഞ് സുരക്ഷിതമായ പുതിയ ദിശകൾ തിരഞ്ഞെടുക്കാൻ വിദ്യാർത്ഥികളും രക്ഷിതാക്കളും തയ്യാറാകണം.

ട്രംപ് ഭരണകൂടം സ്വീകരിക്കുന്ന ഇമിഗ്രേഷൻ നിയന്ത്രണങ്ങൾ കേവലം ഒരു വിസ നിബന്ധനയിൽ ഒതുങ്ങുന്നതല്ല, മറിച്ച് അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെയും സാങ്കേതിക വിപ്ലവങ്ങളുടെയും അടിത്തറ ഉലയ്ക്കാൻ പോകുന്ന ഒന്നാണ്. 400 ബില്യൺ ഡോളറിന്റെ സാമ്പത്തിക ബാധ്യത വരുത്തിവെക്കുന്ന ഈ വിദ്യാർത്ഥി വിസ പരിധികൾ അമേരിക്കൻ കോൺഗ്രസും വിപണിയും എങ്ങനെ തരണം ചെയ്യും എന്നത് വരും നാളുകളിൽ കണ്ടറിയേണ്ടി വരും.

# റിയാദിന്റെ നയതന്ത്ര മലക്കം മറിച്ചിലും പശ്ചിമേഷ്യൻ പ്രതിസന്ധികളും! പതറി നിൽക്കുന്ന അന്താരാഷ്ട്ര സമൂഹം!

ഏറ്റവും പുതിയ അന്താരാഷ്ട്ര പ്രതിരോധ റിപ്പോർട്ടുകൾ പ്രകാരം, പശ്ചിമേഷ്യയിലെ അമേരിക്കൻഇറാൻ സൈനിക സംഘർഷം കൂടുതൽ ഭയാനകവും സങ്കീർണ്ണവുമായ പുതിയൊരു ഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. അമേരിക്കൻ വ്യോമസേന താൽക്കാലികമായി ബോംബിംഗ് നിർത്തിവെച്ചതിന് പിന്നാലെ സമാധാന പ്രതീക്ഷകൾ ഉയർന്നുവെങ്കിലും, ടെഹ്‌റാൻ വീണ്ടും പ്രത്യാക്രമണങ്ങൾ പുനരാരംഭിച്ചതോടെ യുദ്ധം നിയന്ത്രണാതീതമായി. ഇതിന് മറുപടിയായി ഇത്രയും കാലം പശ്ചിമേഷ്യൻ പോരാട്ടങ്ങളിൽ നേരിട്ട് പങ്കെടുക്കാതെ മാറിനിന്നിരുന്ന സൗദി അറേബ്യ, ഇതാദ്യമായി അമേരിക്കൻ സേനയ്ക്കൊപ്പം ചേർന്ന് ഇറാഖിലെ ഇറാൻ അനുകൂല പ്രോക്സി താവളങ്ങൾക്ക് നേരെ കടുത്ത സംയുക്ത വ്യോമാക്രമണങ്ങൾ നടത്തിയിരിക്കുന്നു.

ഇറാഖിലെ ബർത്തല്ല, മൊസൂൾ, ദിയാല മേഖലകളിൽ പ്രവർത്തിച്ചിരുന്ന പോപ്പുലർ മൊബിലൈസേഷൻ ഫോഴ്സ് താവളങ്ങൾക്ക് നേരെ ഉണ്ടായ ഈ ബോംബാക്രമണത്തിൽ ഇരുപതിലധികം സൈനികരും നിരവധി ഇറാനിയൻ സൈനിക ഉപദേശകരും കൊല്ലപ്പെട്ടതായി സ്ഥിരീകരിച്ചിട്ടുണ്ട്. റിയാദിന്റെ ഈ അടിയന്തിര സൈനിക നീക്കവും ഇറാന്റെ തുടർച്ചയായ മിസൈൽ അക്രമണങ്ങളും പശ്ചിമേഷ്യൻ ഭൗമരാഷ്ട്രീയത്തെയും ആഗോള സാമ്പത്തിക വിപണിയെയും എപ്രകാരമാണ് തകിടം മറിക്കുന്നത് എന്നതിന്റെ സമഗ്രമായ അവലോകനം താഴെ നൽകുന്നു:

## അമേരിക്കൻ വെടിനിർത്തലിന് ശേഷവും പോരാട്ടം പുനരാരംഭിക്കാൻ ഇറാന്റെ തന്ത്രപരമായ തീരുമാനങ്ങൾ

### 1. വെടിനിർത്തൽ പാളിയ പശ്ചാത്തലവും ഇറാന്റെ പരോക്ഷ തിരിച്ചടികളും

വാഷിംഗ്ടൺ പതിമൂന്ന് രാത്രികൾ നീണ്ട ബോംബിംഗ് താൽക്കാലികമായി നിർത്തിവെച്ചതിന് തൊട്ടുപിന്നാലെ പശ്ചിമേഷ്യൻ യുദ്ധക്കളത്തിൽ വീണ്ടും വൻ ആക്രമണങ്ങൾ അഴിച്ചുവിടാനാണ് ഇറാൻ തീരുമാനിച്ചത്. അമേരിക്കൻ വ്യോമസേന പിന്മാറിയത് അവരുടെ ആയുധ ശേഖരത്തിലെ ക്ഷാമം മൂലമാണെന്ന് വിലയിരുത്തിയ ടെഹ്‌റാൻ ഈ അവസരം തങ്ങൾക്ക് അനുകൂലമായി തിരിക്കാൻ ശ്രമിക്കുകയായിരുന്നു. തങ്ങളുടെ ഭാഗത്തുനിന്നുള്ള പോരാട്ടം നിലച്ചിട്ടില്ലെന്ന് കാണിക്കാനും ഒമാന്റെ മധ്യസ്ഥ നീക്കങ്ങളെ തള്ളിക്കളയാനുമാണ് ഇസ്ലാമിക് റിപ്പബ്ലിക് പുതിയ നീക്കത്തിലൂടെ ലക്ഷ്യമിട്ടത്. പോരാട്ടം പുനരാരംഭിക്കുന്നത് വഴി അമേരിക്കൻ ഭരണകൂടത്തിന് മേൽ കൂടുതൽ രാഷ്ട്രീയ സമ്മർദ്ദം ചെലുത്താമെന്ന് ടെഹ്‌റാൻ കണക്കുകൂട്ടി.

### 2. ഹോർമുസ് കടലിടുക്കിലെ അധിനിവേശവും നയതന്ത്ര നിഷ്ഫലതയും

ആഗോള ഊർജ്ജ വിപണിയുടെ സുപ്രധാന സമുദ്ര പാതയായ ഹോർമുസ് കടലിടുക്കിൽ തങ്ങളുടെ പൂർണ്ണ ആധിപത്യം സ്ഥാപിക്കാനുള്ള ശ്രമങ്ങൾ ഇറാൻ വീണ്ടും ശക്തമാക്കിയിട്ടുണ്ട്. കടലിടുക്കിലൂടെ സഞ്ചരിക്കാൻ ശ്രമിച്ച നിരവധി വാണിജ്യ കപ്പലുകളെ തടഞ്ഞുനിർത്തിയ ഇറാനിയൻ സൈന്യം മേഖലയിൽ സമാന്തര നാവിക നിയന്ത്രണങ്ങളാണ് പ്രഖ്യാപിച്ചത്. ഈ സമുദ്രപാതയിൽ മറ്റ് വിദേശരാജ്യങ്ങളുടെ സഹായത്തോടെ സംയുക്ത സുരക്ഷാ പരിശോധനകൾ നടത്താമെന്ന അന്താരാഷ്ട്ര നിർദ്ദേശങ്ങളെ ടെഹ്‌റാൻ പൂർണ്ണമായി നിഷേധിക്കുകയും ചെയ്തു. കടലിടുക്കിലെ ഈ കടുത്ത നിലപാടുകൾ വാഷിംഗ്ടണുമായുള്ള നയതന്ത്ര ചർച്ചകളുടെ എല്ലാ സാധ്യതകളും അടച്ചുപൂട്ടുന്നതിന് കാരണമായി.

### 3. ജോർദാനിലെ സൈനിക താവളങ്ങൾക്ക് നേരെ നടന്ന അതിവേഗ മിസൈൽ പ്രഹരങ്ങൾ



ജോർദാനിലെ അൽഅസ്രഖ് അമേരിക്കൻ സൈനിക താവളത്തിന് നേരെ ഇറാൻ നടത്തിയ മിസൈൽ ആക്രമണങ്ങൾ പശ്ചിമേഷ്യയിലെ യുദ്ധ സാഹചര്യം കൂടുതൽ വഷളാക്കുകയുണ്ടായി. ഡ്രോണുകളും ബാലിസ്റ്റിക് മിസൈലുകളും ഉപയോഗിച്ച് നടത്തിയ ഈ മിന്നൽ പ്രഹരത്തിൽ നിരവധി അമേരിക്കൻ സൈനികർക്ക് ജീവൻ നഷ്ടപ്പെടുകയും താവളത്തിന്റെ പ്രവർത്തനം തടസ്സപ്പെടുകയും ചെയ്തു. തങ്ങളുടെ അതിർത്തികൾക്ക് വെളിയിലുള്ള അമേരിക്കൻ കേന്ദ്രങ്ങളെ കൃത്യമായി ലക്ഷ്യം വെക്കാൻ സാധിക്കുമെന്ന് ഈ ആക്രമണത്തിലൂടെ ടെഹ്‌റാൻ തെളിയിച്ചു. ബഹ്‌റൈൻ, കുവൈറ്റ് തുടങ്ങിയ മറ്റ് ഗൾഫ് രാഷ്ട്രങ്ങളിലെ യുഎസ് താവളങ്ങൾക്ക് നേരെയും സമാന്തരമായി ആക്രമണ ഭീഷണികൾ ഉയർന്നു.

### 4. വാഷിംഗ്ടണിന് മേൽ കടുത്ത നയതന്ത്ര സമ്മർദ്ദം ചെലുത്താനുള്ള ഇസ്ലാമിക് ഭരണകൂടത്തിന്റെ ലക്ഷ്യങ്ങൾ

അമേരിക്കയിലെ വരാനിരിക്കുന്ന നിർണ്ണായകമായ തിരഞ്ഞെടുപ്പുകൾ മുൻനിർത്തി ഡൊണാൾഡ് ട്രംപിന്റെ രാഷ്ട്രീയ നിലനിൽപ്പിനെ വെല്ലുവിളിക്കുക എന്നത് ഇറാന്റെ പ്രധാന തന്ത്രങ്ങളിലൊന്നാണ്. യുദ്ധം നീണ്ടുപോകുന്നത് അമേരിക്കൻ ജനതയ്ക്കിടയിലും കോൺഗ്രസിലും കടുത്ത എതിർപ്പുകൾ ഉണ്ടാക്കുമെന്ന കണക്കുകൂട്ടലിലാണ് ഇസ്ലാമിക് ഭരണകൂടം മുന്നോട്ടുപോയത്. കേവലം ഏതാനും ആഴ്ചകൾ കൊണ്ട് യുദ്ധം അവസാനിപ്പിക്കാമെന്ന അമേരിക്കൻ വാദങ്ങളെ പൂർണ്ണമായി തെറ്റിക്കാൻ ഇറാന് സാധിച്ചിട്ടുണ്ട്. ഈ പ്രത്യാക്രമണ തന്ത്രത്തിലൂടെ തങ്ങളുമായി കരാറുകളിലെത്താൻ വാഷിംഗ്ടണിനെ നിർബന്ധിതരാക്കുകയാണ് ഇറാന്റെ അന്തിമ ലക്ഷ്യം.

## അമേരിക്കയ്ക്കൊപ്പം പരസ്യമായി കൈകോർത്ത് സൗദി അറേബ്യ; പശ്ചിമേഷ്യൻ സമവാക്യങ്ങളിലെ പുതിയ ഭൗമരാഷ്ട്രീയ മാറ്റമറിച്ചിലുകൾ

### 1. ഇറാഖിലെ പ്രോക്സി താവളങ്ങൾക്ക് നേരെ നടന്ന സംയുക്ത വ്യോമാക്രമണങ്ങൾ

ഇറാഖിലെ പ്രോക്സി താവളങ്ങൾക്ക് നേരെ അമേരിക്കൻ വ്യോമസേനക്കൊപ്പം സൗദി അറേബ്യയും ചേർന്ന് സംയുക്ത വ്യോമാക്രമണം നടത്തിയത് പശ്ചിമേഷ്യൻ യുദ്ധത്തിലെ വലിയൊരു വഴിത്തിരിവാണ്. ഇറാഖിലെ വാസിത്, ദിയാല പ്രവിശ്യകളിൽ പ്രവർത്തിച്ചിരുന്ന ഇറാൻ അനുകൂല ഹഷാദ് അൽ ഷാബി കേന്ദ്രങ്ങൾക്ക് നേരെയാണ് ബോംബാക്രമണങ്ങൾ ഉണ്ടായത്. ഈ ആക്രമണത്തിൽ ഇരുപതിലധികം സൈനികരും നിരവധി ഇറാനിയൻ സൈനിക ഉപദേശകരും കൊല്ലപ്പെട്ടതായി തദ്ദേശീയ മാധ്യമങ്ങൾ സ്ഥിരീകരിച്ചു. സൗദി പോർവിമാനങ്ങൾ നേരിട്ട് ഇത്തരം ദൗത്യങ്ങളിൽ പങ്കെടുത്തത് ഇറാനിയൻ പ്രതിരോധ ഏജൻസികളെ പൂർണ്ണമായും ഞെട്ടിച്ചിരിക്കുകയാണ്.

### 2. രഹസ്യ നീക്കങ്ങളിൽ നിന്ന് പരസ്യ പോരാട്ടത്തിലേക്ക് റിയാദിന്റെ അടിയന്തിര ചുവടുമാറ്റം

മുൻകാലങ്ങളിൽ ഇറാനെതിരെയുള്ള ആക്രമണങ്ങളിൽ നിന്നും രഹസ്യമായി അകലം പാലിച്ചിരുന്ന സൗദി അറേബ്യ ഇപ്പോൾ പരസ്യമായി യുദ്ധക്കളത്തിലേക്ക് ഇറങ്ങിയിരിക്കുകയാണ്. തങ്ങളുടെ എണ്ണ ശുദ്ധീകരണ ശാലകൾക്കും വാണിജ്യ കേന്ദ്രങ്ങൾക്കും നേരെ ഇറാഖിൽ നിന്നും യെമനിൽ നിന്നും തുടർച്ചയായി ഉണ്ടാകുന്ന ഡ്രോൺ ആക്രമണങ്ങളാണ് സൗദിയെ ഈ കടുത്ത തീരുമാനത്തിലേക്ക് നയിച്ചത്. വെറുതെ നോക്കിനിൽക്കുന്നത് ആഭ്യന്തര സുരക്ഷയ്ക്ക് ഭീഷണിയാകുമെന്ന് തിരിച്ചറിഞ്ഞ റിയാദ് അമേരിക്കയോടൊപ്പം നേരിട്ടുള്ള സൈനിക നീക്കങ്ങൾക്ക് മുൻകൈ എടുത്തു. സ്വന്തം ആകാശ അതിർത്തികളും നാവിക താവളങ്ങളും അമേരിക്കൻ സൈന്യത്തിനായി തുറന്നുകൊടുക്കാനും സൗദി തയാറായി.

### 3. സുന്നിഷിയാ ധ്രുവീകരണവും പുതിയ പ്രാദേശിക പ്രതിരോധ സഖ്യങ്ങളും

സൗദി അറേബ്യയുടെ ഈ നേരിട്ടുള്ള ഇടപെടൽ പശ്ചിമേഷ്യയിലെ സുന്നിഷിയാ വിഭാഗങ്ങൾ തമ്മിലുള്ള പരമ്പരാഗത രാഷ്ട്രീയ ധ്രുവീകരണം കൂടുതൽ രൂക്ഷമാക്കിയിട്ടുണ്ട്. ഇറാനിയൻ പിന്തുണയുള്ള പ്രോക്സി ഗ്രൂപ്പുകൾക്ക് നേരെ സുന്നി ഭരണകൂടമായ സൗദി അറേബ്യ നടത്തുന്ന ആക്രമണങ്ങൾ മേഖലയിലെ മറ്റ് അറബ് രാഷ്ട്രങ്ങളിലും പുതിയ ചലനങ്ങൾ സൃഷ്ടിക്കും. തങ്ങളുടെ പ്രദേശങ്ങളിൽ സൗദി നടത്തുന്ന ഇടപെടലുകളെ കടുത്ത ഭാഷയിലാണ് ഇറാഖ് ഭരണകൂടവും ഷിയാ പ്രസ്ഥാനങ്ങളും അപലപിച്ചിരിക്കുന്നത്. ഇത് പശ്ചിമേഷ്യയിൽ അമേരിക്കയ്ക്കെതിരെ മാത്രമല്ല, സൗദി അറേബ്യക്കെതിരെയും ഒരു പുതിയ പോർമുഖം തുറക്കാൻ ഇറാന് അവസരമൊരുക്കും.

### 4. എണ്ണ കേന്ദ്രങ്ങൾക്ക് നേരെയുണ്ടാകുന്ന സുരക്ഷാ ഭീഷണിളും സൽമാൻ രാജകുമാരന്റെ പുതിയ നയങ്ങളും

സൗദി കിരീടാവകാശി മുഹമ്മദ് ബിൻ സൽമാൻ തന്റെ രാജ്യത്തിന്റെ വിഷൻ രണ്ടായിരത്തി മുപ്പത് പദ്ധതികളുടെ സുരക്ഷിതത്വത്തിനാണ് പ്രഥമ പരിഗണന നൽകുന്നത്. എന്നാൽ ഇറാന്റെ ആക്രമണങ്ങൾ തങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളെ തകർക്കാൻ തുടങ്ങിയതോടെ പ്രതിരോധ നിലപാടുകൾ മാറ്റാൻ സൗദി നിർബന്ധിതരായി. അമേരിക്കയുമായി ഒപ്പുവെച്ച സുരക്ഷാ കരാറുകൾ പ്രയോജനപ്പെടുത്തി ഇറാന്റെ മിസൈൽ ശേഷിയെ ഇല്ലാതാക്കാനാണ് റിയാദ് ആഗ്രഹിക്കുന്നത്. വരും ദിവസങ്ങളിൽ കൂടുതൽ ഗൾഫ് രാഷ്ട്രങ്ങൾ ഈ യുദ്ധ സഖ്യത്തിലേക്ക് ചേരുമോ എന്നാണ് അന്താരാഷ്ട്ര സമൂഹം ഉറ്റുനോക്കുന്നത്.

## ഡൊണാൾഡ് ട്രംപിന്റെ പുതിയ യുദ്ധ പ്രഖ്യാപനങ്ങളും പശ്ചിമേഷ്യയിലെ നീണ്ടുനിൽക്കുന്ന സംഘർഷങ്ങളും

### 1. പതിനാലാം രാത്രിയിലെ വിക്ഷേപണ തടസ്സങ്ങളും ട്രംപിന്റെ കടുത്ത മുന്നറിയിപ്പുകളും

താൽക്കാലികമായി നിർത്തിവെച്ചിരുന്ന വ്യോമാക്രമണങ്ങൾ വീണ്ടും ശക്തമായി പുനരാരംഭിക്കുമെന്ന് അമേരിക്കൻ പ്രസിഡന്റ് ട്രംപ് മാധ്യമങ്ങളോട് വ്യക്തമാക്കിയിട്ടുണ്ട്. ഇറാന്റെ തുടർച്ചയായ പ്രകോപനങ്ങൾക്കുള്ള മറുപടിയായി പതിന്മടങ്ങ് ശക്തിയോടെ ഇത്തവണ തിരികെ അടിക്കുമെന്നാണ് പെന്റഗൺ നൽകുന്ന നിർദ്ദേശം. ഇറാനിലെ തന്ത്രപ്രധാനമായ സൈനിക താവളങ്ങളും ആണവനിലയങ്ങളുടെ പരിസരങ്ങളും ലക്ഷ്യമിട്ടുള്ള പുതിയ മാപ്പുകൾ അമേരിക്ക തയ്യാറാക്കിക്കഴിഞ്ഞു. വിട്ടുവീഴ്ചകൾക്ക് തയാറാകാത്ത പക്ഷം ഇറാന്റെ സാമ്പത്തിക വ്യവസ്ഥ പൂർണ്ണമായി തകർക്കുമെന്നാണ് വാഷിംഗ്ടണിന്റെ മുന്നറിയിപ്പ്.

### 2. പെന്റഗണിന്റെ യുദ്ധച്ചെലവുകളും ഡിഫൻസ് മിസൈൽ ശേഖരത്തിലെ കടുത്ത ക്ഷാമവും

അഞ്ചാം മാസത്തിലേക്ക് കടക്കുന്ന ഈ ദീർഘകാല യുദ്ധത്തിനായി അമേരിക്ക ഇതിനകം മുപ്പത്തിയേഴ് ബില്യണിലധികം ഡോളറാണ് ചെലവഴിച്ചിരിക്കുന്നത്. തുടർച്ചയായ ആക്രമണങ്ങൾ കാരണം അമേരിക്കയുടെ പ്രതിരോധ മിസൈലുകളുടെയും പാട്രിയറ്റ് ഇന്റർസെപ്രറുകളുടെയും ശേഖരത്തിൽ വൻ തോതിൽ കുറവുണ്ടായിട്ടുണ്ട്. പ്രതിരോധ സാമഗ്രികൾ പുനഃസ്ഥാപിക്കാൻ അടിയന്തിര സാമ്പത്തിക സഹായം നൽകണമെന്ന് പെന്റഗൺ യുഎസ് കോൺഗ്രസിനോട് അഭ്യർത്ഥിച്ചു. യുദ്ധച്ചെലവുകൾ കുതിച്ചുയരുന്നത് അമേരിക്കൻ സമ്പദ്‌വ്യവസ്ഥയ്ക്കും ഭരണകൂടത്തിന്റെ ജനപ്രീതിക്കും വലിയ തിരിച്ചടിയാകുന്നുണ്ട്.

### 3. ഒമാൻ മുന്നോട്ടുവെച്ച മധ്യസ്ഥ നിർദ്ദേശങ്ങൾ തള്ളിയ ടെഹ്‌റാന്റെ നിലപാടുകൾ

ഹോർമുസ് കടലിടുക്കിലെ ഗതാഗതം സമാധാനപരമായി കൈകാര്യം ചെയ്യാൻ ഒമാൻ മുന്നോട്ടുവെച്ച മധ്യസ്ഥ ശ്രമങ്ങളെ ഇറാൻ പൂർണ്ണമായി തള്ളിക്കളഞ്ഞു. മറ്റ് വിദേശ ശക്തികളുടെ സാന്നിധ്യമില്ലാതെ ഇറാനും ഒമാനും മാത്രം ചേർന്ന് കടലിടുക്ക് നിയന്ത്രിക്കണമെന്നാണ് ടെഹ്‌റാന്റെ നിലപാട്. സമാധാന ചർച്ചകൾക്ക് തയാറല്ലെന്നും അമേരിക്കയുടെ ഭീഷണികൾക്ക് മുന്നിൽ തലകുനിക്കില്ലെന്നും ഇറാനിയൻ വിദേശകാര്യ മന്ത്രാലയം ഉറപ്പിച്ചുപറഞ്ഞു. ഇതോടെ നയതന്ത്ര മാർഗ്ഗങ്ങളിലൂടെ യുദ്ധം അവസാനിപ്പിക്കാനുള്ള എല്ലാ അവസാന പ്രതീക്ഷകളും അസ്തമിച്ചു.

### 4. മിഡിൽ ഈസ്റ്റ് സംഘർഷം ആഗോള ക്രൂഡ് ഓയിൽ വിപണികളിൽ ഉണ്ടാക്കുന്ന വൻ പ്രകമ്പനങ്ങൾ

അമേരിക്കയും സൗദിയും ചേർന്ന് നടത്തുന്ന പുതിയ ആക്രമണങ്ങളും ഇറാന്റെ തിരിച്ചടികളും ആഗോള ക്രൂഡ് ഓയിൽ വിപണിയെ വീണ്ടും തകർച്ചയിലേക്ക് തള്ളിവിട്ടിരിക്കുകയാണ്. വാർത്തകൾ പുറത്തുവന്നതോടെ ബ്രെന്റ് ക്രൂഡ് ഓയിൽ വില ഒറ്റയടിക്ക് അഞ്ച് ശതമാനത്തിലധികം വർദ്ധിച്ച് പുതിയ ഉയരങ്ങളിലെത്തി. സമുദ്ര വാണിജ്യ പാതകൾ അടഞ്ഞുപോകുന്നത് ആഗോള തലത്തിൽ കടുത്ത പണപ്പെരുപ്പത്തിനും ഇന്ധന ക്ഷാമത്തിനും വഴിവെക്കും. വികസ്വര രാഷ്ട്രങ്ങളിലെ സാമ്പത്തിക വളർച്ചയെ ഈ യുദ്ധസാഹചര്യങ്ങൾ കടുത്ത രീതിയിലാണ് ബാധിക്കാൻ പോകുന്നത്.

## പശ്ചിമേഷ്യൻ പ്രത്യാക്രമണ കെണികളും ആഗോള സമ്പദ്‌വ്യവസ്ഥയുടെ ഭാവി സുരക്ഷിതത്വവും

### 1. റെഡ് സി, പേർഷ്യൻ ഗൾഫ് സമുദ്ര പാതകളിലെ സുരക്ഷാ തടസ്സങ്ങൾ

പേർഷ്യൻ ഗൾഫിലും ചെങ്കടലിലും ഒരുപോലെ ആക്രമണങ്ങൾ ശക്തമായതോടെ അന്താരാഷ്ട്ര കപ്പൽ ഗതാഗതം കടുത്ത ഭീഷണിയിലാണ് കഴിയുന്നത്. ഹൂതികളുടെ ഡ്രോൺ ആക്രമണങ്ങളും ഇറാന്റെ നാവിക ഉപരോധങ്ങളും കാരണം ചരക്കുകപ്പലുകൾക്ക് ആഫ്രിക്കൻ ഭൂഖണ്ഡം ചുറ്റി സഞ്ചരിക്കേണ്ടി വരുന്നു. ഇത് യാത്രാ സമയത്തിലും ഇൻഷുറൻസ് തുകകളിലും വൻതോതിലുള്ള വർദ്ധനവാണ് ഉണ്ടാക്കിയിരിക്കുന്നത്. സമുദ്ര പാതകളിലെ ഈ തടസ്സങ്ങൾ ആഗോള വിതരണ ശൃംഖലയെ പൂർണ്ണമായി നിശ്ചലമാക്കുന്ന അവസ്ഥയിലേക്ക് കാര്യങ്ങളെ എത്തിച്ചിട്ടുണ്ട്.

### 2. ഇന്ത്യൻ കപ്പൽ തൊഴിലാളികളുടെ സുരക്ഷയും വിദേശ വ്യാപാര ആഘാതങ്ങളും

ഹോർമുസ് കടലിടുക്കിലെ യുദ്ധ സമാനമായ സാഹചര്യങ്ങൾ കണക്കിലെടുത്ത് ഇന്ത്യൻ നാവികർക്ക് കേന്ദ്ര ഗവൺമെന്റ് കടുത്ത ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അപകടകരമായ ഈ സമുദ്ര മേഖലകളിലൂടെ സഞ്ചരിക്കുന്ന കപ്പലുകളിൽ ജോലിക്കായി പ്രവേശിക്കരുതെന്ന് വാണിജ്യ മന്ത്രാലയം നിർദ്ദേശിച്ചു. അതിർത്തി കടന്നുള്ള ചരക്കുനീക്കം തടസ്സപ്പെടുന്നത് ഇന്ത്യയിലേക്കുള്ള എണ്ണ ഇറക്കുമതിയെയും പ്രാദേശിക വിപണികളെയും പ്രതികൂലമായി ബാധിക്കും. പ്രവാസി തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ ഇന്ത്യൻ എംബസികൾ പ്രത്യേക കൺട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്.

### 3. ഗൾഫ് നാടുകളിലെ വൻകിട വികസന പദ്ധതികൾക്ക് ഏൽക്കുന്ന കടുത്ത തിരിച്ചടികൾ

സൗദി അറേബ്യയും യുഎഇയും ഉൾപ്പെടെയുള്ള ഗൾഫ് രാഷ്ട്രങ്ങളിൽ പുരോഗമിച്ചിരുന്ന വൻകിട വികസന പദ്ധതികൾക്ക് യുദ്ധം വലിയൊരു തടസ്സമായി മാറിയിരിക്കുകയാണ്. റിയാദിലും അബുദാബിയിലും ഉയരുന്ന മിസൈൽ മുന്നറിയിപ്പ് സൈറണുകൾ വിദേശ നിക്ഷേപകരെ ഭീതിയിലാഴ്ത്തുന്നു. കോടിക്കണക്കിന് ഡോളറിന്റെ വിദേശ നിക്ഷേപങ്ങൾ മേഖലയിൽ നിന്നും പിൻവലിക്കപ്പെടാൻ ഇത് കാരണമാകും. യുദ്ധം കൂടുതൽ മേഖലകളിലേക്ക് പടരുന്നത് ഗൾഫ് നാടുകളുടെ സാമ്പത്തിക ഭദ്രതയെ പൂർണ്ണമായി തകർത്തേക്കാം.

### 4. അടിയന്തിര സമാധാന കരാറുകൾക്കായുള്ള അന്താരാഷ്ട്ര നയതന്ത്ര ഇടപെടലുകൾ

പശ്ചിമേഷ്യയിലെ ഈ പ്രത്യാക്രമണ കെണിയിൽ നിന്നും പുറത്തുകടക്കാൻ ചൈനയുടെയും ഇന്ത്യയുടെയും നേതൃത്വത്തിലുള്ള അന്താരാഷ്ട്ര നയതന്ത്ര ഇടപെടലുകൾ അനിവാര്യമാണ്. സൈനിക ശക്തി ഉപയോഗിച്ച് മാത്രം ഈ പ്രതിസന്ധി പരിഹരിക്കാൻ സാധിക്കില്ലെന്ന് അന്താരാഷ്ട്ര നിരീക്ഷകർ ആവർത്തിച്ചു വ്യക്തമാക്കുന്നു. സിവിലിയൻ ആസ്തികൾക്ക് നേരെ ഉണ്ടാകുന്ന ആക്രമണങ്ങൾ അവസാനിപ്പിക്കാനും താൽക്കാലിക വെടിനിർത്തൽ പ്രഖ്യാപിക്കാനും വൻശക്തി രാഷ്ട്രങ്ങൾ മുൻകൈയെടുക്കണം. ശാശ്വതമായ സമാധാന കരാറുകൾ നിലവിൽ വന്നാൽ മാത്രമേ മിഡിൽ ഈസ്റ്റിലെ ജീവിതം സാധാരണ നിലയിലേക്ക് മടങ്ങുകയുള്ളൂ.

സൗദി അറേബ്യ അമേരിക്കൻ പടയോടൊപ്പം ചേർന്ന് നേരിട്ട് യുദ്ധക്കളത്തിലേക്ക് ഇറങ്ങിയതോടെ പശ്ചിമേഷ്യയിലെ നയതന്ത്ര സമാധാന സാധ്യതകൾ പൂർണ്ണമായും നിശ്ചലമായിരിക്കുകയാണ്. റിയാദിന്റെ ഈ കടുത്ത അടിയന്തിര തീരുമാനം ഇറാന് കൂടുതൽ കടുത്ത പ്രത്യാക്രമണങ്ങൾ നടത്താൻ അവസരമൊരുക്കുമ്പോൾ, പ്രദേശത്തെ സമാധാന അന്തരീക്ഷം പുനഃസ്ഥാപിക്കാൻ അന്താരാഷ്ട്ര നയതന്ത്ര ശക്തികൾ ഉടനടി ഇടപെടേണ്ടതുണ്ട്.

# Swami Amritaswarupananda's
# US TOUR 2026

## Across Waves to Wonders
### Karma and the Hanuman Within

**Youth Retreat: Fri, Aug 7th**
**Retreat: Sat - Sun, Aug 8th - 9th**
**Public Program: Sat, Aug 8th**

Spiritual Talks, Devotional Music,
Meditation, Yoga, Q&A, & More




**MA CENTER CHICAGO**
41W501 Keslinger Rd
Elburn, IL 60119

macc.retreats@macenters.org
630-387-5077 | na.amma.org/chicago

Scan to learn more/sign up